Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.4 / Issue 45/ Pages 32
21
മെയ് 2025
ബുധനാഴ്ച
1200 ഇടവം 7

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

# യുഎസിനെ കാക്കാൻ 'ഗോൾഡൻ ഡോം' പ്രതിരോധ കവചം




വാഷിംഗ്ടൺ: ഇസ്രയേലിൻറെ മിസൈൽ പ്രതിരോധകവചമായ അയൺ ഡോമിൻറെ മാതൃകയിൽ സ്വന്തമായൊരു മിസൈൽ ഷീൽഡ് സിസ്റ്റം വികസിപ്പിക്കാനൊരുങ്ങുകയാണ് യുഎസ്. 'ഗോൾഡൻ ഡോം' എന്നാണ് ഈ ഭൂഖണ്ഡാന്തര-ബഹിരാകാശ മിസൈൽ പ്രതിരോധ സംവിധാനത്തിന് ട്രംപ് ഭരണകൂടം നൽകിയിരിക്കുന്ന പേര്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സ്വപ്ന പദ്ധതിയായി വിശേഷിപ്പിച്ച ഗോൾഡൻ ഡോമിന് മേൽ അമേരിക്കയ്ക്ക് വലിയ അഭിലാഷങ്ങളുണ്ട്. ആദ്യ ഘട്ടത്തിൽ 25 ബില്യൺ ഡോളറും പൂർത്തിയാകുമ്പോൾ 175 ബില്യൺ ഡോളറും ചെലവ് വരുമെന്ന് കണക്കാക്കപ്പെടുന്നു. ലോകത്തിലെവിടെ നിന്നുമുള്ള മിസൈൽ ആക്രമണങ്ങളെ തടയാൻ കഴിവുള്ള ഒരു ഭൂഖണ്ഡാന്തര, ബഹിരാകാശ അധിഷ്ഠിത മിസൈൽ ഷീൽഡ് സംവിധാനമാണ് ഗോൾഡൻ ഡോം.ക്രൂസ് മിസൈലുകൾ, ബലിസ്റ്റിക് മിസൈലുകൾ, ഹൈപ്പർസോണിക് മിസൈലുകൾ, ഡ്രോ

ശേഷം പേജ് 8ൽ

ട്രംപിന്റെ പശ്ചിമേഷ്യാ സന്ദർശനം നൽകുന്ന സന്ദേശം
(എൻ.പി. ചെക്കുട്ടി എഴുതുന്നു)
.........................................പേജ് 05

വിളയാടി ഇ.ഡി; വേലി പണിത് വിളക്കൊയ്ത്ത്.
.........................................പേജ് 15

പിണറായിയുടെ പ്രോഗ്രസ് കാർഡിലെ സത്യവും മിഥ്യയും
.........................................പേജ് 16

പെരുമഴപോലെ പെയ്തൊഴിയാതെ 'പെരുവഴി' വിവാദങ്ങൾ
.........................................പേജ് 24

ഇന്ത്യയിലെ പുതിയ ചീഫ് ജസ്റ്റിസ് നേരിടേണ്ട വെല്ലുവിളികൾ! ............ പേജ് 25

## ട്രംപിന്റെ ഗോൾഡൻ ഡോമിൽ ആശങ്കയുമായി ചൈനയും റഷ്യയും

ബെയ്ജിംഗ്: യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ 175 ബില്യൺ ഡോളറിൻറെ 'ഗോൾഡൻ ഡോം' മിസൈൽ പ്രതിരോധ കവചം സ്ഥാപിക്കാനുള്ള പ്രഖ്യാപനത്തിൽഎതിർപ്പുമായി ചൈനയും റഷ്യയും. ആഗോള തന്ത്രപരമായ സ്ഥിരതയ്ക്കും ആണവായുധ നിയന്ത്രണത്തിനും ഇത് വരുത്തിവെച്ചേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് കടുത്ത ആശങ്കയുണ്ടെന്ന് ഇരു രാജ്യങ്ങളും വ്യക്തമാക്കി. മിസൈൽ പ്രതിരോധ കവചത്തിൽ ബെയ്ജിംഗിന് ഗുരുതരമായ ആശങ്കയുണ്ടെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് മാവോ നിങ് പറഞ്ഞു. ഇതിന് ശക്തമായ ആക്രമണപരമായ പ്രത്യാഘാതങ്ങളുണ്ടെന്നും അവർ മുന്നറിയിപ്പ് നൽകി. അമേരിക്ക, 'യുഎസ്-ഫസ്റ്റ്' നയം പിന്തുടർന്ന്, സ്വന്തം സുരക്ഷയ്ക്കായി അമിതമായി ആഗ്രഹിക്കുന്നു. ഇത് എല്ലാ രാജ്യങ്ങളുടെയും സുരക്ഷയിൽ വിട്ടുവീഴ്ച ചെയ്യരുതെന്ന തത്വത്തെ ലംഘിക്കുകയും ആഗോള സന്തുലിതാവസ്ഥയെയും സ്ഥിരതയെയും തകർക്കുകയും ചെയ്യുന്നു. ഇതിൽ ചൈനയ്ക്ക് ഗുരുതരമായ ആശങ്കയുണ്ട്'' എന്ന് മാവോ നിങ് പറഞ്ഞു.പ്രസിഡന്റ് ട്രംപിന്റെ മിസൈൽ കവച പദ്ധതികൾ അടുത്ത ഭാവിയിൽ മോസ്കോയും വാഷിംഗ്ടണും തമ്മിലുള്ള ആണവായുധ നിയന്ത്രണ ചർച്ചകൾ പുനരാരംഭിക്കുന്നതിന് പ്രേരിപ്പിച്ചേക്കാം എന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് പറഞ്ഞു. ഇത് അമേരിക്കയുടെ പരമാധികാര വിഷയമാണെങ്കിലും പദ്ധതിയുടെ നിരവധി വിശദാംശങ്ങളും സൂക്ഷ്മതകളും വ്യക്തമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എല്ലാത്തരം മിസൈൽ, ഡ്രോൺ ആക്രമണങ്ങളിൽ നിന്നും അമേരിക്കയെ സംരക്ഷിക്കുന്നതിനാണ് ഈ സംവിധാനം ഉദ്ദേശിച്ചിരിക്കുന്നത്. ബഹിരാകാശത്ത് അമേരിക്ക സ്ഥാപിക്കുന്ന

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# സ്കൂളുകളിൽ സെൽഫോൺ നിരോധിച്ച് യു.എസ് സംസ്ഥാനങ്ങൾ



അറ്റ്ലാന്റ്: യുഎസ് സംസ്ഥാനങ്ങളിലെ ഭൂരിഭാഗം സ്കൂളുകളിലും ഇപ്പോൾ സെൽഫോൺ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതിനുള്ള നിയമങ്ങൾ നടപ്പാക്കിയിട്ടുണ്ട്. 2023ൽ സ്കൂളുകളിൽ സെൽഫോൺ ഉപയോഗം നിയന്ത്രിക്കുന്ന നിയമം പാസാക്കിയ ആദ്യ സംസ്ഥാനം ഫ്ലോറിഡ ആയിരുന്നു. വെറും രണ്ട് വർഷത്തിന് ശേഷം, പകുതിയിലധികം സംസ്ഥാനങ്ങളിലും നിയമങ്ങൾ നിലവിൽ വന്നു. ഉടൻ തന്നെ ഇത് നടപ്പിലാക്കാനുള്ള സാധ്യത കൂടുതലാണ്.

ന്യൂയോർക്ക്, ഒക്ലഹോമ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ വർഷം നിയമസഭകളിലൂടെ ബില്ലുകൾ പാസായി. ഫോണുകൾ കുട്ടികൾക്ക് ദോഷകരമാണെന്ന വിശാലമായ അഭിപ്രായ സമന്വയത്തെ ഇത് പ്രതിഫലിപ്പിക്കുന്നു. കണക്റ്റിക്കട്ട് സംസ്ഥാന പ്രതിനിധി ജെന്നിഫർ ലീപ്പർ മെയ് 13ന് ഫോണുകളെ 'നമ്മുടെ കുട്ടികളിലെ ഒരു കാൻസർ' എന്നാണ് വിശേഷിപ്പിച്ചത്. അവ കുട്ടികളിൽ ഒറ്റപ്പെടൽ, ഏകാന്തത, ശ്രദ്ധ കുറയ്ക്കൽ എന്നിവയ്ക്ക് ഇടയാക്കുന്നു. ഇത് സാമൂഹികവൈകാരിക ക്ഷേമത്തിലും പഠനത്തിലും വലിയ സ്വാധീനം ചെലുത്തുന്നുണ്ടെന്നും അവർ വ്യക്തമാക്കി.

റിപ്പബ്ലിക്കൻമാരും സമാനമായ ആശയങ്ങൾ ഉള്ളവരാണ്. ഇത് വെറുമൊരു അക്കാദമിക് ബില്ലല്ല. മറിച്ച് ഇതൊരു മാനസികാരോഗ്യ ബില്ലാണ്. ഇതൊരു പൊതു സുരക്ഷാ ബില്ലാണെന്നും കെ8 ഗ്രേഡുകളിൽ മാത്രം ഫോണുകൾ നിരോധിക്കുന്ന ജോർജിയയുടെ ബിൽ മാർച്ചിൽ പാസാക്കിയതിന് ശേഷം റിപ്പബ്ലിക്കൻ പ്രതിനിധി സ്കോട്ട് ഹിൽട്ടൺ പറഞ്ഞു. ഇതുവരെ, 26 സംസ്ഥാനങ്ങൾ നിയമങ്ങൾ പാസാക്കി. മറ്റ് എട്ട് സംസ്ഥാനങ്ങളും ഡിസ്ട്രിക്റ്റ് ഓഫ് കൊളംബിയയും നിയമങ്ങൾ നടപ്പിലാക്കുകയോ പ്രാദേശിക ജില്ലകൾക്ക് ശുപാർശകൾ നൽകുകയോ ചെയ്തിട്ടുണ്ട്. ഈ വർഷം 17 സംസ്ഥാനങ്ങളാണ് നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നത്. ചൊവ്വാഴ്ച, നെബ്രാസ്ക റിപ്പബ്ലിക്കൻ ഗവർണർ ജിം പില്ലൻ സ്കൂൾ ദിവസം മുഴുവൻ ഫോണുകൾ നിരോധിക്കുന്ന ഒരു നിയമത്തിൽ ഒപ്പുവച്ചു. ചൊവ്വാഴ്ച നേരത്തെ, റിപ്പബ്ലിക്കൻ ഗവർണർ മൈക്ക് ഡൺലീവി ബന്ധമില്ലാത്ത കാരണങ്ങളാൽ വീറ്റോ ചെയ്ത ഒരു വിദ്യാഭ്യാസ പാക്കേജ് അസാധുവാക്കുമ്പോൾ, അലാസ്ക നിയമനിർമ്മാതാക്കൾ സ്കൂളുകൾ സെൽഫോണുകൾ നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടു.

ഫ്ലോറിഡ, മിസോറി, നെബ്രാസ്ക, ന്യൂ ഹാംഷെയർ എന്നിവിടങ്ങളിൽ ഗവർണറുടെ ഒപ്പിനോ വീറ്റോയ്ക്കോ വേണ്ടി ബില്ലുകൾ കാത്തിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ നടപടികൾ ഉടൻ ഉണ്ടാകുമെന്നാണ് വിലയിരുത്തൽ.

## American Diary — 40 years Ago

### May 21st as National Maritime Day




On May 21, 1985, President Ronald Reagan issued Proclamation 5343, declaring May 21st as National Maritime Day. This proclamation focused on the importance of restructuring maritime policy to promote a thriving shipping industry in the United States. The proclamation emphasized the significance of a healthy maritime sector for the nation's economy and trade.

May 21, 1985




# യുഎസ് കടബാധ്യതയെക്കുറിച്ചുള്ള ആശങ്ക; വാൾസ്ട്രീറ്റ് ഓഹരികൾ ഇടിഞ്ഞു

വാഷിംഗ്ടൺ ഡി.സി.: യുഎസ് ഗവൺമെന്റിന്റെ കടം വർദ്ധിക്കുമെന്ന ആശങ്കകളെത്തുടർന്ന് ബുധനാഴ്ച വാൾസ്ട്രീറ്റ് ഓഹരികൾ കുത്തനെ ഇടിഞ്ഞു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിർദ്ദിഷ്ട നികുതിയിളവ് ബിൽ കോൺഗ്രസ് പാസാക്കിയാൽ രാജ്യത്തിന്റെ കടബാധ്യത ട്രില്യൺ കണക്കിന് ഡോളർ വർധിക്കുമെന്നതാണ് നിക്ഷേപകരെ ആശങ്കയിലാഴ്ത്തിയത്. ഇതേത്തുടർന്ന് വാൾസ്ട്രീറ്റിലെ പ്രധാനപ്പെട്ട മൂന്ന് സൂചികകളും ഒരു മാസത്തിനിടയിലെ ഏറ്റവും വലിയ പ്രതിദിന നഷ്ടം രേഖപ്പെടുത്തിയാണ് വ്യാപാരം അവസാനിപ്പിച്ചത്. റസ്സൽ 2000 സൂചികയുടെ ഇടിവ് ഏപ്രിൽ 10ന് ശേഷമുള്ള ഏറ്റവും വലിയ പ്രതിദിന നഷ്ടമാണ് രേഖപ്പെടുത്തിയത്.

നിക്ഷേപകരുടെ താൽപ്പര്യം കുറഞ്ഞതിനെ തുടർന്ന് ട്രഷറി ഡിപ്പാർട്ട്മെന്റ് നടത്തിയ 16 ബില്യൺ ഡോളറിന്റെ 20 വർഷ ബോണ്ടുകളുടെ വിൽപന പ്രതീക്ഷിച്ച വിജയം കണ്ടില്ല. ഇതിനു പിന്നാലെ ദീർഘകാല ട്രഷറി വരുമാനം വർദ്ധിച്ചു. ബെഞ്ച്മാർക്ക് യുഎസ് 10 വർഷ നോട്ടിന്റെ ആദായം 10.8 ബേസിസ് പോയിന്റ് ഉയർന്ന് 4.589% ആയി. ഫെബ്രുവരി പകുതിക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന നിലയായിരുന്നു ഇത്.

മെഡിക്കെയ്ഡ് ഹെൽത്ത് പ്രോഗ്രാം ഉൾപ്പെടെയുള്ള ബജറ്റ് വെട്ടിക്കുറവുകളെച്ചൊല്ലി റിപ്പബ്ലിക്കൻ പാർട്ടിക്കുള്ളിൽ ഭിന്നത നിലനിന്നിരുന്നു. ഇതിനിടെയാണ്, റിപ്പബ്ലിക്കൻമാരുടെ നികുതി ബിൽ ഫെഡറൽ ഗവൺമെന്റിന്റെ നിലവിലെ 36.2 ട്രില്യൺ ഡോളർ കടത്തിലേക്ക് 3 ട്രില്യൺ ഡോളർ മുതൽ 5 ട്രില്യൺ ഡോളർ വരെ കൂട്ടിച്ചേർക്കുമെന്ന് ഒരു വിശകലന വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.



# DOGE രേഖകൾ പുറത്ത് വിടാൻ കോടതി ഉത്തരവ്; സുപ്രീംകോടതിയിൽ ഹർജി നൽകി ട്രംപ് സർക്കാർ

ഡോണൾഡ് ട്രംപിന്റെ ഭരണത്തിൽ രൂപീകരിച്ച ഡിപാർട്ട്മെന്റ് ഓഫ് ഗവൺമെന്റ് എഫിഷൻസിയിൽ (DOGE) ഇലോൺ മസ്ക് നേതൃത്വം നൽകുന്ന ഈ പുതിയ വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകളും വിവരങ്ങളും പുറത്തുവിടണമെന്ന അന്വേഷണ സ്ഥാപനമായ CREWനു വേണ്ടി ഫെഡറൽ ജഡ്ജി ക്രിസ്റ്റഫർ കൂപ്പർ ഉത്തരവിട്ടിരുന്നു.

എന്നാൽ ഈ ഉത്തരവ് തടയണമെന്ന് ആവശ്യപ്പെട്ട് ട്രംപ് ഭരണകൂടം യുഎസ് സുപ്രീം കോടതിയിൽ അടിയന്തര ഹർജി നൽകിയിരുന്നു. ഈ ഹർജിയിലെ സോളിസിറ്റർ ജനറൽ ജോൺ സാവർയുടെ വാദംപ്രകാരം, മുൻപുണ്ടായ കോടതി ഉത്തരവ് അതിരുകടന്നതും ഭരണഘടനാപരമായ അധികാരങ്ങൾക്ക് അപമാനകരവുമാണ്.

DOGE എന്നത് വൈറ്റ് ഹൗസിന് കീഴിലുള്ള ഒരു പ്രത്യേക വിഭാഗം മാത്രമാണെന്നും അതിനാൽ FOIA (Freedom of Information Act) നിയമത്തിന്റെ പരിധിയിൽ വരില്ലെന്നും ആണ് സർക്കാർ വാദം. എന്നാൽ FOIA പ്രകാരം പൊതുജനങ്ങൾക്ക് സർക്കാർ രേഖകൾ പരിശോധിക്കാനുള്ള അവകാശമുണ്ട്.

DOGE-ന്റെ താത്കാലിക അഡ്മിനിസ്ട്രേറ്റർ ആമി ഗ്ലീസണെ ചോദ്യം ചെയ്യാനാണ് CREWക്ക് ജഡ്ജി അനുവാദം നൽകിയിരിക്കുന്നത്. മേയ് 14ന് ഫെഡറൽ അപ്പീൽ കോടതി ഈ ഉത്തരവിൽ സ്റ്റേ നൽകുന്നതിൽ നിന്നും നിഷേധിച്ചിരുന്നു.

## റീ...പോളിംഗ്




*ആരോഗ്യപ്രവർത്തകർ ആരും സമരത്തിൽ ഇല്ലെന്ന് ആരോഗ്യവകുപ്പിന്റെ വിവരാവകാശ മറുപടി*

# മൂന്നാം ചരമവാർഷികം
## (മെയ് 25, 2025)



# മറിയാമ്മ പിള്ള

# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്തർദേശീയ വടംവലി മത്സരം സിറിയക് കൂവക്കാട്ടിൽ ചെയർമാനായുള്ള 5 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു







ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ആസ്ഥാനത്ത് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡന്റ്), രാജു മാനുങ്കൽ (സെക്രട്ടറി), ബിജോയി കാപ്പൻ (ട്രഷറർ), ജോപ്പായി പുത്തേത്ത് (ജോയിന്റ് സെക്രട്ടറി) എന്നിവർ ഐകകണ്ഠേന 2025 സെപ്റ്റംബർ 1-ാം തീയതി നടക്കുന്ന ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 11-ാമത് ഇന്റർനാഷണൽ വടംവലിയുടെ ചെയർമാനായി സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള ഒരു അഞ്ചംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

സ്റ്റീഫൻകിഴക്കേക്കുറ്റ്ജനറൽകൺവീനർ, മാനി കരികുളം ഫിനാൻസ് കമ്മിറ്റി ചെയർമാൻ, മാത്യു തട്ടാമറ്റം പി.ആർ.ഒ. & പബ്ലിസിറ്റി ചെയർമാൻ, ജോസ് മണക്കാട്ട് ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ, സിറിയക് കൂവക്കാട്ടിൽ ഇത് ആറാം തവണയാണ് ഷിക്കാഗോ വടംവലിയുടെ ചെയർമാനായി തെരഞ്ഞെടുക്കുന്നത്. സിറിയക് കൂവക്കാട്ടിലിനെപ്പറ്റി പറഞ്ഞാൽ നോർത്ത് അമേരിക്കയിലെ കലാ-കായിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്തെ നിറസാന്നിദ്ധ്യമാണ്. നോർത്ത് അമേരിക്കയിൽ പകരം വയ്ക്കാനില്ലാത്ത സംഘാടകമികവ് മുൻ കെ.സി.എസ്. പ്രസിഡന്റ്, മുൻ കെ.സി.സി.എൻ.എ. പ്രസിഡന്റ്, ഇല്ലിനോയി മലയാളി അസോസിയഷൻ മുൻ ഭാരവാഹി, ഷിക്കാഗോയിൽ നടന്ന ജിമ്മി ജോർജ്ജ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിന്റെ ചെയർമാൻ, ഷിക്കാഗോയിൽ വച്ച് നടന്ന എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിന്റെ ജനറൽ കൺവീനർ അങ്ങനെ അങ്ങനെ എണ്ണിയാൽ തീരാത്ത പദവികൾ വഹിച്ച സിറിയക് കൂവക്കാട്ടിൽ നല്ലൊരു കായികതാരവും കായികപ്രേമിയും ഷിക്കാഗോയിലെ ഒരു ലീഡിംഗ് ബിസിനസ്മാൻ കൂടിയാണ്. ഇതിനെല്ലാമുപരി നല്ലൊരു ഈശ്വരവിശ്വാസിയുമാണ്.

സ്റ്റീഫൻ കിഴക്കേക്കുറ്റ് ഇത് രണ്ടാം തവണയാണ് ഷിക്കാഗോ വടംവലിയുടെ ജനറൽ കൺവീനർ ആകുന്നത്. ഷിക്കാഗോയിലെ യുവതുർക്കി എന്നറിയപ്പെടുന്ന സ്റ്റീഫൻ കിഴക്കേക്കുറ്റ് നല്ലൊരു സംഘാടകനും നല്ലൊരു ബിസിനസുകാരനുമാണ്. ഷിക്കാഗോ മലയാളി സമൂഹത്തിന്റെ നിറസാന്നിദ്ധ്യവുമാണ്. വളർന്നു വരുന്ന യുവ നേതാവിനെ തേടി പല പദവികളും കാത്തിരിക്കുന്നു. ഈ ടൂർണമെന്റിന്റെ ഫൈനാൻസ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുത്ത മാനി കരികുളം ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ മുൻ ട്രഷററും ഷിക്കാഗോയിൽ മുൻപ് നടന്ന വടംവലിയുടെ വൈസ് ചെയർമാനും എല്ലാവരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഈ വടംവലി ടൂർണമെന്റിനെ വിജയത്തിലെത്തിക്കുവാനും കഴിവുള്ള നല്ലൊരു സംഘാടകനും, നല്ലൊരു മനുഷ്യസ്നേഹിയുമാണ്. സോഷ്യൽ ക്ലബ്ബിന്റെ വടംവലി മത്സരത്തിന്റെ വിജയത്തിന് നല്ലൊരു മുതൽക്കൂട്ടായിരിക്കും.

ഈ ടൂർണമെന്റിന്റെ പി.ആർ.ഒ. & പബ്ലിസിറ്റി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട മാത്യു തട്ടാമറ്റത്തെപ്പറ്റി പറയുകയാണെങ്കിൽ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഫൗണ്ടിംഗ് എക്സിക്യൂട്ടീവിൽ തുടങ്ങി കഴിഞ്ഞ 12 വർഷക്കാലമായി എല്ലാ എക്സിക്യൂട്ടീവിന്റെയും കൂടെ നിഴലായി പ്രവർത്തിക്കുകയും, ഈ വടംവലി ടൂർണമെന്റിനെ ഏഴാംകടലിനുമപ്പുറമെത്തിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിച്ചതിൽ ഒരു മുഖ്യ പങ്കു വഹിക്കുകയും, കൂടാതെ സോഷ്യൽ ക്ലബ്ബ് എന്ന ഈ പ്രസ്ഥാനത്തെയും അതിന്റെ പ്രവർത്തനങ്ങളെയും ലോകപ്രശസ്തിയിലെത്തിക്കുവാൻ പ്രയത്നിച്ച വ്യക്തി കൂടിയാണ്.

ഈ ടൂർണമെന്റിന്റെ അവിഭാജ്യഘടകമായി മാറിയ ഫുഡ് ഫെസ്റ്റിവൽ എന്ന ആശയത്തിന് രൂപം കൊടുത്ത ജോസ് മണക്കാട്ട് ഇന്ന് ഷിക്കാഗോയിൽ മാത്രമല്ല നോർത്ത് അമേരിക്കയിലെ അറിയപ്പെടുന്ന നല്ലൊരു സംഘാടകനാണ്. ഫോമ എന്ന നോർത്ത് അമേരിക്കൻ സംഘടനയുടെ മുൻ ജോയിന്റ് സെക്രട്ടറി മുതൽ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ചെയർമാൻ സ്ഥാനം തുടങ്ങി നിരവധി പദവികൾ അലങ്കരിച്ച വ്യക്തിയാണ് ജോസ് മണക്കാട്ട്. അദ്ദേഹത്തെപ്പറ്റി കൂടുതൽ പറയുകയാണെങ്കിൽ ഷിക്കാഗോ മലയാളി സമൂഹത്തിന് എന്താവശ്യം വന്നാലും ജാതി മത ഭേദമന്യേ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്.

ഈ അഞ്ചു പേരെയും ഈ വർഷത്തെ ഇന്റർനാഷണൽ വടംവലിയുടെ നേതൃത്വത്തിലേക്ക് കിട്ടിയതോടുകൂടി ഈ വർഷവും ഈ വടംവലി ടൂർണമെന്റ് അവിസ്മരണീയമായിത്തീരും എന്നതിൽ യാതൊരു സംശയവുമില്ലെന്ന് സോഷ്യൽ ക്ലബ്ബ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ റൊണാൾഡ് പൂക്കുമ്പേൽ (പ്രസിഡന്റ്), സണ്ണി ഇണ്ടിക്കുഴി (വൈസ് പ്രസിഡന്റ്), രാജു മാനുങ്കൽ (സെക്രട്ടറി), ബിജോയി കാപ്പൻ (ട്രഷറർ), ജോപ്പായി പുത്തേത്ത് (ജോയിന്റ് സെക്രട്ടറി) എന്നിവർ സംയുക്തമായി പറഞ്ഞു

*രാജു മാനുങ്കൽ*

# ഷിക്കാഗോയിലെ മലങ്കര സ്റ്റാർനൈറ്റ് അവിസ്മരണീയമായി



ഷിക്കാഗോയിലെ സെന്റ് മേരീസ് കാതലിക് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 'മലങ്കര സ്റ്റാർ നൈറ്റ് 2025' നേപ്പർവില്ലിലുള്ള യെല്ലോബോക്സ് തീയറ്ററിൽ വച്ച് വിജയകരമായി നടത്തപ്പെട്ടു.

ഇന്ത്യൻ ചലച്ചിത്ര താരങ്ങളായ റീമ കല്ലിങ്കൽ, നിഖില വിമൽ, അപർണ ബാലമുരളി, അനുഗ്രഹീത ഗായകരായ ജോബ്കുര്യൻ, അൻജു ജോസഫ് എന്നിവരുടെ നൃത്ത സംഗീത പ്രകടനങ്ങൾ ഷിക്കാഗോ നിവാസികൾക്ക് മറക്കാനാവാത്ത അനുഭവമായി മാറി.

സെന്റ് മേരീസ് മലങ്കര കാതലിക് ചർച്ച വികാരി റവ. ഫാ. ജെറി മാത്യു, നൃത്തസംഗീത നിശയിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. തുടർന്ന് റവ. ഫാ. ജെറി മാത്യു, റവ. സി. ബ്ലൂസോ എസ്.ഐ.സി, പ്രോഗ്രാം മെഗാ സ്പോൺസർ ഡോ. ഐസക് & പ്രേ മല്ലാമൂട്ടിൽ, പ്രോഗ്രാം കോ-ഓർഡിനേറ്റേഴ്സ് ബെഞ്ചമിൻ തോമസ്, രഞ്ജൻ എബ്രഹാം, രാജു വിൻസന്റ്, സിബി മാത്യു, രഞ്ജിത് തോമസ് എന്നിവർ ചേർന്ന് ഭദ്രദീപം തെളിയിച്ച് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

മൂന്ന് മണിക്കൂർ നീണ്ടുനിന്ന് നൃത്തസംഗീത താരനിശ കാണികൾ തുടർച്ചയായ ഹർഷാരവത്തോടെ ഏറ്റെടുത്തു. ചാനൽ പാർട്ട്നർ ഫ്ളവേഴ്സ് ടിവി യു.എസ്.എയുടെ സി.ഇ.ഒ ബിജു സഖറിയ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

പ്രോഗ്രാമിൽ സംബന്ധിച്ച ഏവർക്കും സാമ്പത്തിക സഹായം നൽകുകയും, പ്രോഗ്രാമിന്റെ വിജയത്തിനു വേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന എല്ലാ സുമനസ്സുകൾക്കും ഇടവക സെക്രട്ടറി ബെഞ്ചമിൻ തോമസ് നന്ദി രേഖപ്പെടുത്തി.

'മലങ്കര സ്റ്റാർ നൈറ്റ് 2025' കലാമേളയ്ക്ക് ഒരു പ്രത്യേക പ്രാധാന്യം നൽകി ഞങ്ങളോടൊത്ത് സഹകരിച്ച് അകമഴിഞ്ഞ് സംഭാവനകൾ നൽകിയ സഹൃദയരായ എല്ലാ സുമനസ്സുകൾക്കും സെന്റ് മേരീസ് മലങ്കര കാതലിക് ചർച്ചിന്റെ പേരിൽ ഇടവക വികാരി ഫാ. ജെറി മാത്യുവും ഇടവക കമ്മിറ്റി അംഗങ്ങളും ഹൃദയപൂർവ്വം നന്ദി അറിയിച്ചു.

*ബെഞ്ചമിൻ തോമസ്*



# ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ മദേഴ്സ്ഡേ ആഘോഷിച്ചു

ഷിക്കാഗോ: ഷിക്കാഗോയിലെ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ മദേഴ്സ്ഡേ ആഘോഷങ്ങൾ സംഘടിപ്പിച്ചു. മെയ് 11 ഞായറാഴ്ചയിലെ നാല് വിശുദ്ധ കുർബ്ബാനകളോടുംചേർന്ന് നടത്തപ്പെട്ടആഘോഷങ്ങളുടെഭാഗമായിഇടവകയിലെ അമ്മമാർക്ക്വേണ്ടി പ്രത്യേക പ്രാത്ഥനകളും ആദരിക്കൽചടങ്ങുകളുംആഘോഷങ്ങളുടെഭാഗമായിസംഘടിപ്പിച്ചു. മിസ്സൂറിയിലെ സ്പ്രിങ്ഫീൽഡിൽ സെന്റ്വിൻസന്റ്ഡിപോൾകാത്തലിക്ക്ഇടവകയിലെഅസോസിയേറ്റ്പാസ്റ്ററുംകോട്ടയംഅതിരൂപതയിലെവല്ലംബ്രോസൻ സന്ന്യാസ സഭാ സമൂഹാംഗവുമായ ഫാ.വിനീഷ്തറയിൽ,അമ്മദിനത്തിൽ10മണിക്കുള്ള വി. കുർബ്ബാനയ്ക്ക് മുഖ്യ കാർമികത്വം വഹിക്കുകയുംസന്ദേശംനൽകുകയുംചെയ്തു.മദേഴ്സ്ഡേയുടെപശ്ചാത്തലത്തിൽനമ്മുടെജീവിതത്തിൽഅമ്മമാരുടെ പ്രാധാന്യം എന്താണെന്ന് പരിശുദ്ധ അമ്മയുടെ ജീവിതത്തോട് ചേർത്തുവച്ചുകൊണ്ട് പരിശോധിക്കുകയും അവ ഓരോ കുടുംബങ്ങളിൽ പ്രാവർത്തികമാക്കുകയും ചെയ്യണം എന്ന് ഫാ. വിനീഷ് ഓർമ്മിപ്പിച്ചു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണിമേലേടം, മെൻസ്മിനിസ്റ്റികോർഡിനേറ്റേഴ്സ്എന്നിവർആഘോഷങ്ങൾക്ക്നേതൃത്വംനൽകി. സ്വാദിഷ്ടമായ പായസവിതരണവുംആഘോഷങ്ങളുടെഭാഗമായിസംഘടിപ്പിച്ചിരുന്നു.

*അനിൽ മറ്റത്തിക്കുന്നേൽ*



നാഴികമണി 14

# ട്രംപിന്റെ പശ്ചിമേഷ്യാ സന്ദർശനം നൽകുന്ന സന്ദേശം



എൻ.പി. ചെക്കുട്ടി

ഡൊണാൾഡ് ട്രംപിന്റെ മൂന്നു ദിവസം നീണ്ടുനിന്ന പശ്ചിമേഷ്യാ സന്ദർശനം ഇന്ത്യയടക്കമുള്ള ലോകരാജ്യങ്ങൾക്കു ചില സന്ദേശങ്ങൾ നൽകുന്നുണ്ട്. അതിൽ പ്രധാനം കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി അമേരിക്കയുടെയും പാശ്ചാത്യ രാജ്യങ്ങളുടെയും വിദേശനയത്തിന്റെ മുഖ്യ ചാലകശക്തിയായി നിലനിന്ന സംസ്കാരങ്ങളുടെ സംഘർഷം (Clash of Civilisations) എന്ന ആശയം അമേരിക്ക ഉപേക്ഷിക്കുകയാണ് എന്നതാണ്. തൊണ്ണൂറുകളിൽ സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ലോകത്തിന്റെയും തകർച്ചയ്ക്ക് ശേഷം അമേരിക്കയുടെ മുന്നിലുള്ള ഒരേയൊരു ഭീഷണി ഇസ്ലാമും അതിന്റെ ലോകവീക്ഷണവുമാണ് എന്ന ചിന്തയാണ് സാമുവൽ ഹണ്ടിങ്ങ്ടൺ അടക്കമുള്ള പണ്ഡിതന്മാർ ആവിഷ്കരിച്ച ഈ സിദ്ധാന്തത്തിന്റെ പിന്നിലുള്ളത്. അതിനു ബലമേകുന്ന നിരവധി സംഭവങ്ങൾ അക്കാലത്തു നടക്കുകയും ചെയ്തു.

അമേരിക്കയുടെ അഭിമാനസ്തംഭമായിരുന്ന ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിന് നേരെ നടന്ന ആക്രമണം, അഫ്ഗാനിസ്ഥാനിൽ താലിബാൻ അധികാരം പിടിച്ചെടുക്കുകയും ഉസാമ ബിൻ ലാദൻ അടക്കമുള്ള ഇസ്ലാമിക ഭീകരവാദികൾക്കു അഭയം നൽകുകയും ചെയ്ത സംഭവം, ആഫ്രിക്കയിലും അറബ് പ്രദേശങ്ങളിലും വ്യാപകമായി വന്ന ഇസ്ലാമിക തീവ്രവാദ പ്രസ്ഥാനങ്ങളുടെ ഉദയവും വളർച്ചയും, ഏഷ്യയിലും ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും അരങ്ങേറിയ ഇസ്ലാമിക തീവ്രവാദി ആക്രമണങ്ങൾ ഇതെല്ലാം ചൂണ്ടിക്കാട്ടിയത് ഇസ്ലാമും അതിന്റെ ആശയങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്ന തീവ്രവാദ പ്രസ്ഥാനങ്ങളും ലോകസമൂഹത്തിനും രാജ്യങ്ങൾക്കും വൻഭീഷണിയായി ഉയർന്നു എന്ന വസ്തുതയാണ്. സിറിയയിലും മറ്റു പ്രദേശങ്ങളിലും ഇസ്ലാമിക് സ്റ്റേറ്റ് (ഐ.എസ്) അടക്കമുള്ള പ്രസ്ഥാനങ്ങൾ അധികാരം സ്ഥാപിക്കുകയും അത്യന്തം ഗുരുതരമായ അതിക്രമങ്ങൾ പ്രദേശത്തെ ക്രിസ്ത്യാനികളും ദ്രുസുകളും കുർദുകളും അടക്കമുള്ളവരുടെ നേരെ നടത്തുകയും ചെയ്തു. അതേസമയം ഗാസ മുതൽ തുർക്കി വരെയുള്ള പല പ്രദേശങ്ങളിലും ഇസ്ലാമിക പ്രസ്ഥാനങ്ങൾ ജനാധിപത്യ പ്രക്രിയയിലൂടെ അധികാരത്തിലെത്തി.



അതായതു പാശ്ചാത്യ ജനാധിപത്യ സംവിധാനങ്ങളെയും രീതികളെയും പാരമ്പര്യത്തെയും വെല്ലുവിളിക്കുന്ന ഒരു ബദൽ ആഗോളശക്തിയായി ഇസ്ലാം ഉയർന്നുവരുന്നു എന്ന പ്രതീതിയാണ് തൊണ്ണൂറുകൾക്കു ശേഷമുള്ള ലോകരംഗം നൽകിയത്. ഇതൊരു പ്രതീതി മാത്രമായിരുന്നു എന്ന് പറയാനും വയ്യ. ഇസ്ലാം ഒരു സമഗ്രസിദ്ധാന്തവും അതിന്റെ ആശയങ്ങൾ മനുഷ്യരുടെ ആധ്യാത്മിക ജീവിതത്തെ മാത്രമല്ല, ഭൗതിക രാഷ്ട്രീയ ജീവിതത്തെയും പൂർണമായി നിയന്ത്രിക്കുന്നതിന് ബാധ്യസ്ഥമാണ് എന്ന നിലപാട് പല ഇസ്ലാമിക പണ്ഡിതരും ഉന്നയിക്കുകയും ചെയ്തു. അവരെ സംബന്ധിച്ച് ജനാധ്യപത്യവും അതിന്റെ മൂല്യസങ്കല്പങ്ങളും ഇസ്ലാമിക ജീവിതചര്യകളുമായി യോജിച്ചു പോകുന്നതായിരുന്നില്ല. ഇസ്ലാമും മറ്റു വിശ്വാസി സമൂഹങ്ങളും തമ്മിൽ യോജിപ്പിന്റെയും രമ്യതയുടെയും ഒരു അന്തരീക്ഷം സാധ്യമല്ല എന്ന ചിത്രമാണ് അതെല്ലാം കാഴ്ച വെച്ചത്.

ഇത്തരമൊരു ഏറ്റുമുട്ടലിന്റെ അന്തരീക്ഷം ഇസ്ലാമിനോ ലോകസമൂഹത്തിനോ ഗുണം ചെയ്യുകയല്ല എന്ന് പല നിരീക്ഷകരും ചൂണ്ടിക്കാട്ടിയിരുന്നു. വ്യത്യസ്ത വിശ്വാസങ്ങൾക്കു മേൽക്കൈയും അധികാരവുമുള്ള പ്രദേശങ്ങളിൽ അധിവസിക്കുന്ന മുസ്ലിംകൾ അത്തരം രാജ്യങ്ങളിലെ നിയമക്രമത്തെ വെല്ലുവിളിക്കുന്ന അവസ്ഥ ആർക്കും ഗുണം ചെയ്യില്ല. അതിനാൽ പല ഇസ്ലാമിക പണ്ഡിതരും ഇസ്ലാമിക ഗ്രന്ഥങ്ങളുടെ തന്നെ അടിസ്ഥാനത്തിൽ ഇത്തരം ആശയങ്ങളെ ചെറുക്കുകയുണ്ടായി. സൽമാൻ റുഷ്ദിയെപ്പോലുള്ള എഴുത്തുകാരും ഇത്തരം വിവാദങ്ങളിൽ സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സൽമാൻ റുഷ്ദി സാത്താനിക് വെർസെസ് എന്ന പേരിൽ ഒരു നോവൽ എഴുതിയത് ഇസ്ലാമിക സമൂഹങ്ങളിൽ കടുത്ത പ്രതിഷേധം ക്ഷണിച്ചു വരുത്തി. അദ്ദേഹത്തെ വധിക്കാനായി ഇറാനിയൻ നേതാവ് ആയത്തുള്ള ഖൊമെയ്നി ആഹ്വാനം ചെയ്തു. വധശ്രമത്തിൽ നിന്നും തലനാരിഴയ്ക്കാണ് റുഷ്ദി രക്ഷപ്പെട്ടത്. പ്രവാചകനിന്ദയുടെ പേരിൽ പാരിസിലെ മാസികയുടെ ഓഫീസ് മുതൽ കേരളത്തിൽ മൂവാറ്റുപുഴയിലെ കോളേജ് അധ്യാപകൻ ജോസഫ് വരെ പലരും അക്രമങ്ങൾക്കു ഇരയായി.

തൊണ്ണൂറുകൾ മുതലുള്ള ലോകരംഗത്തെ പ്രധാന ചർച്ചാവിഷയം ഇസ്ലാം ഉയർത്തുന്ന ഭീഷണി തന്നെയായിരുന്നു. അതിനാൽ അമേരിക്കയും പാശ്ചാത്യ സഖ്യകക്ഷികളും അതിനെ നേരിടാനായി സൈനികശക്തി പ്രയോഗിക്കാൻ തന്നെ സന്നദ്ധരായി. അഫ്ഘാനിലും ഇറാക്കിലും സിറിയയിലും ലിബിയയിലും ഇസ്ലാമിക ശക്തികൾക്കെതിരെ എന്ന പേരിലാണ് പാശ്ചാത്യ സൈനിക കടന്നാക്രമണം നടന്നത്. ജോർജ് ബുഷ് ഒന്നാമനും രണ്ടാമനും അമേരിക്കയിൽ പ്രസിഡണ്ട് പദവിയിൽ ഇരുന്ന സമയത്താണ് സൈനിക നീക്കങ്ങളിൽ പലതും നടന്നത്. സൈനികശേഷി ഉപയോഗിച്ച് ഇസ്ലാമിക ഭീഷണിയിൽ നിന്നും ലോകത്തെ വിമുക്തമാക്കുക എന്നതായിരുന്നു അവർ നയിച്ച നവയാഥാസ്ഥിതിക ഭരണകൂടങ്ങളുടെ പൊതുനയം.

എന്നാൽ അത്തരം നയങ്ങൾ ഗുണത്തേക്കാളേറെ ദോഷമാണ് ഉണ്ടാക്കിയത്. വർഷങ്ങൾ കഴിഞ്ഞപ്പോൾ അമേരിക്കയ്ക്കും സഖ്യകക്ഷികൾക്കും അത് ബോധ്യപ്പെട്ടു. അമേരിക്കൻ സൈന്യം നിയന്ത്രണത്തിൽ കൊണ്ടുവന്ന ഇറാഖ്, അഫ്ഘാനിസ്ഥാൻ, ലിബിയ തുടങ്ങിയ രാജ്യങ്ങളിൽ ഒരിടത്തും ജനാധിപത്യം പുനഃസ്ഥാപിക്കാനോ നീതിപൂർവകമായ ഒരു ഭരണക്രമം നടപ്പിലാക്കാനോ അവർക്കു കഴിഞ്ഞില്ല. ആയിരക്കണക്കിന് സൈനികരുടെ ജീവൻ അവിടങ്ങളിൽ ബലിയർപ്പിക്കേണ്ടി വന്നു. കോടാനുകോടി ഡോളറാണ് ആയുധങ്ങളായും സഹായ ധനമായും കൈക്കൂലിയായും ഈ രാജ്യങ്ങളിലേക്ക് ഒഴുകിയത്. അത്തരം അന്താരാഷ്ട്ര ഇടപെടലുകൾ അമേരിക്കയ്ക്ക് വമ്പിച്ച നഷ്ടക്കച്ചവടമായാണ് കലാശിച്ചത് എന്ന വിലയിരുത്തലിലാണ് രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങളും രാഷ്ടീയമാധ്യമ നേതാക്കളും ചെന്നെത്തിയത്.

പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഇത്തരം ഇടപെടലുകളുടെ വിനാശകരമായ സ്വഭാവം സംബന്ധിച്ച ചർച്ചകൾ ഉയർന്നുവന്നിരുന്നു. അതിനോടുള്ള ജനകീയ പ്രതിഷേധം പലനിലയിൽ ഉയർന്നുവന്നു. ഇടതുപക്ഷക്കാരുടെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ പ്രസ്ഥാനവും ഡൊണാൾഡ് ട്രംപിന്റെ അമേരിക്കാ ഫസ്റ്റ് മുദ്രാവാക്യവും അതിന്റെ ഭാഗമായി ഉയർന്നുവന്നതാണ്. അമേരിക്കയുടെ ലക്ഷ്യം ലോകനേതൃത്വമല്ല, അമേരിക്കൻ ജനതയുടെ ഉന്നതിയാണ് എന്നാണു ട്രംപ് പ്രഖ്യാപിച്ചത്. ട്രംപിന്റെ തെരഞ്ഞെടുപ്പ് വിജയത്തിൽ അമേരിക്കയുടെ മുൻ ഭരണാധികാരികളുടെ തെറ്റായ നയങ്ങളിലുള്ള ജനവിരോധം ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. എന്നിരുന്നാലും ട്രംപിന്റെ ഒന്നാം ഭരണത്തിൽ കൃത്യമായ ഒരു ബദൽ നയം ഉയർന്നുവന്നിരുന്നില്ല. ഇസ്ലാം വിരുദ്ധ പ്രസ്താവനകളാണ് അദ്ദേഹം അന്നൊക്കെ നടത്തിയത്. മുസ്ലിംകളെ അമേരിക്കയിൽ കടത്തുകയില്ല എന്നുപോലും ട്രംപ് പ്രഖ്യാപിച്ചു. ഇസ്രായേലിന്റെ യുദ്ധനയങ്ങൾക്കു പൂർണപിന്തുണ നൽകി. ജൂതർക്ക് മാത്രമല്ല, ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും പുണ്യസ്ഥലമായ ജെറുസലേം ഇസ്രായേൽ തലസ്ഥാനമാക്കാനുള്ള നെതന്യാഹുവിന്റെ നീക്കങ്ങൾക്കു അദ്ദേഹം പിന്തുണ പ്രഖ്യാപിച്ചു. ഇറാനുമായുള്ള ആണവക്കരാറിൽ നിന്നും ഏകപക്ഷീയമായി പിൻവാങ്ങി. ഫലസ്തീനെതിരെ ഐക്യരാഷ്ട്ര സഭയിലും ലോകവേദികളിലും നിലപാട് സ്വീകരിച്ചു.

എന്നാൽ ഈ നയങ്ങൾ അമേരിക്കയ്ക്ക് ഗുണത്തേക്കാളേറെ ദോഷം വരുത്തിവെച്ചു എന്ന ബോധ്യം ഇപ്പോൾ ട്രംപ് ഭരണകൂടത്തിലും ഉയരുന്നുണ്ട്. അതാണ് ട്രംപിന്റെ പശ്ചിമേഷ്യാ സന്ദർശനത്തിൽ വ്യക്തമാവുന്ന ഒരു കാര്യം. അദ്ദേഹം സൗദി അറേബ്യ, ഖത്തർ, ഐക്യ അറബ് എമിരേറ്റ്സ് എന്നീ ഇസ്ലാമിക രാജ്യങ്ങൾ മാത്രമാണ് ഇത്തവണ സന്ദർശിച്ചത്. സാധാരണ ഏതൊരു അമേരിക്കൻ പ്രസിഡണ്ട് പശ്ചിമേഷ്യയിൽ പോകുമ്പോഴും ആദ്യം സന്ദർശിക്കുക ഇസ്രായേൽ ആയിരിക്കും. പതിറ്റാണ്ടുകളായി അതാണ് പതിവ്. അമേരിക്കയുടെ അറബ് നയം രൂപീകരിക്കുന്നതിൽ ഇസ്രായേലിന്റെ പങ്ക് എല്ലാ കാലത്തും വ്യക്തമായി കാണാവുന്നതായിരുന്നു. എന്നാൽ ഇത്തവണ ട്രംപ് എല്ലാ പതിവുകളും തെറ്റിച്ചു. നെതന്യാഹുവിനു അദ്ദേഹം നൽകിയ കടുത്ത സന്ദേശം ലോകം കൃത്യമായി മനസ്സിലാക്കിയിരിക്കുന്നു. ഇസ്രായേൽ തങ്ങൾക്കു ഒരു ബാധ്യതയാകുന്നു എന്ന ബോധ്യം അമേരിക്കയിലെ മുഖ്യധാരയിൽ വ്യാപകമാണ്. ഇസ്രായേൽ ഭരണകൂടം നമ്മുടെ സുഹൃത്തല്ല എന്നാണ് അതിന്റെ തലക്കെട്ട്. ഇതേ നിലപാട് മറ്റു പല മാധ്യമങ്ങളും അക്കാദമിക വിദഗ്ദ്ധരും സ്വീകരിക്കുന്നുണ്ട്.

അതിന്റെ മറ്റൊരു ഭാഗമാണ് വിവിധ ഇസ്ലാമിക രാജ്യങ്ങളുമായും സംഘടനകളുമായും ട്രംപ് ഭരണകൂടം കെട്ടിപ്പടുക്കുന്ന പുത്തൻ ബന്ധങ്ങൾ. ഇറാനുമായി വീണ്ടും ആണവചർച്ച അദ്ദേഹം ആരംഭിച്ചിരിക്കുന്നു. മുൻ ഐ.എസ് നേതാവായ സിറിയയിലെ പുതിയ ഭരണാധികാരിയെ അദ്ദേഹം മുക്തകണ്ഠം പുകഴ്ത്തി. ഹമാസുമായി നേരിട്ട് ചർച്ച നടത്തി അമേരിക്കൻ തടവുകാരനെ വിമോചിപ്പിച്ചു. യമനുമായി പുതിയ കരാറുകളിൽ ഏർപ്പെട്ടു. അഫ്ഘാനുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താനുള്ള നീക്കങ്ങളും നടക്കുന്നു.

അതായതു ഇസ്ലാം വിരുദ്ധതയുടെ വായ്ത്താരി ഒഴിവാക്കി ഫലപ്രദമായ ആഗോള ബന്ധങ്ങൾ സ്ഥാപിക്കാനാണ് ട്രംപ് ശ്രമിക്കുന്നത്. അതിൽ അദ്ദേഹത്തിന് നേട്ടവും കൈവന്നു എന്നാണ് ഇത്തവണത്തെ സന്ദർശനഫലം കാണിക്കുന്നത്. സൗദിയുമായുള്ള വമ്പൻ ആയുധക്കരാർ അടക്കം ഈ മൂന്നു രാജ്യങ്ങളുമായി രണ്ടുലക്ഷം കോടി ഡോളറിന്റെ വ്യാപാരനിക്ഷേപ ഉടമ്പടികളിലാണ് അദ്ദേഹം ഒപ്പിട്ടത്. നേരത്തെ ജോ ബൈഡൻ നാലുകൊല്ലം കൊണ്ട് നേടിയതിന്റെ ഇരട്ടി നേട്ടങ്ങൾ ഒരൊറ്റ സന്ദർശനം കൊണ്ട് ട്രംപ് നേടി.




# ഫൊക്കാന: ഭരണഘടനാ സമിതി ഭേദഗതി കമ്മിറ്റി നിലവിൽ വന്നു




ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക ഇൻകിന്റെ നിലവിലുള്ള ചട്ടങ്ങങ്ങളിൽ സുതാര്യത വരുത്തുന്നതിനായി പുതിയ ഭരണഘടനാ സമിതി രൂപികരിച്ചു. ജോസഫ് കുരിയപ്പുറം, ഡോക്ടർ കല, രാജൻ പടവത്തിൽ, അഡ്വ. അഭിലാഷ് ടി മത്തായി, സണ്ണി ജോസഫ്, അഡ്വ. ജോയി കൂടാലി, അഡ്വ.ജീമോൻ ജോസഫ്, ഡോക്ടർ നീന ഈപ്പൻ, പ്രസിഡന്റ് സണ്ണി മറ്റമന, സെക്രട്ടറി എബ്രഹാം ഈപ്പൻ എന്നിവരാണ് നിയമഭേദഗതി കമ്മറ്റിയിൽ നിലവിലുള്ളത്. കമ്മറ്റിയുടെ ആദ്യ യോഗം മെയ് 13ന് ചേർന്ന് നിർണായക തീരുമാനങ്ങൾ എടുത്തു. ഇപ്പോഴുള്ള ബൈലോയിൽ ഭേദഗതി ആവശ്യമാണെന്ന് പ്രസിഡന്റ് സണ്ണി മറ്റമന, ട്രസ്റ്റ് ബോർഡ് ചെയർമാൻ ജോസഫ് കുരിയപ്പുറം, ജേക്കബ് പടവത്തിൽ എന്നിവർ അഭിപ്രായപ്പെട്ടു. അതുപ്രകാരം നിയമഭേദഗതി നിരവധി മാറ്റങ്ങൾക്ക് അനിവാര്യമാണ് എന്ന് കമ്മിറ്റി വിലയിരുത്തി. നിർണായക ഭേദഗതികൾ അടുത്ത കമ്മറ്റിയിൽ സമർപ്പിക്കുന്നതിനായി ഒരു പ്രധാന കാര്യനിർവാഹക സമിതിയെ നിയമിച്ചു. ജേക്കബ് പടവത്തിൽ ചെയർമാനായി നയിക്കുന്ന കോർ കമ്മറ്റിയിൽ അദ്ദേഹത്തോടപ്പം എബ്രഹാം വർഗ്ഗിസ്, ഡോ. കല, അഡ്വ. അഭിലാഷ് മത്തായി, അഡ്വ. ജോയ് കൂടാലി, അഡ്വ. ജീമോൻ എന്നിവരും പ്രവർത്തിക്കും.

എത്രയും പെട്ടെന്ന് നിലവിലുള്ള ബൈലോയിൽ മാറ്റങ്ങൾ വരുത്തി അത് ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക ഇൻങ്ക് പൊതുസഭ വിളിച്ചു പുതുക്കിയ ഉപനിയമം എത്രയും പെട്ടെന്ന് പ്രാബല്യത്തിൽ വരുത്തുവാൻ കമ്മറ്റി തീരുമാനിച്ചു.

*റോബർട്ട് അരിച്ചിറ*

# മിഷൻ ലീഗ് പ്രവർത്തന വർഷ ഉദ്ഘാടനവും വി. കൊച്ചുത്രേസ്യയുടെ വിശുദ്ധ പദവി പ്രഖ്യാപന ശതാബ്ദിഅനുസ്മരണവും



കാക്കനാട്: അന്തർദേശീയ കത്തോലിക്ക അൽമായ സംഘടനയായ ചെറുപുഷ്പ മിഷൻ ലീഗിന്റെ (CML) 2025-26 പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കുന്നു. ഇതോടൊപ്പം മിഷൻ ലീഗിന്റെ സ്വർഗ്ഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചു ത്രേസ്യയെ തിരുസഭ വിശുദ്ധ പദവിയിലേക്കുയർത്തിയതിന്റെ 100-ാം വാർഷിക ആചരണവും നടത്തും. മെയ് 17 ശനിയാഴ്ച്ച ഇന്ത്യൻ സമയം രാത്രി 8:30ന് കൂടുന്ന ഓൺലൈൻ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള ഭാരവാഹികളും പ്രതിനിധികളും പങ്കുചേരും.

സീറോ മലബാർ സഭാ തലവനും മിഷൻ ലീഗിന്റെ രക്ഷാധികാരിയുമായ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പരിപാടികൾ ഉദ്ഘാടനം ചെയ്യും. മിഷൻ ലീഗ് അന്തർദേശീയ പ്രസിഡന്റ് ഡേവിസ് വല്ലൂരൻ അധ്യക്ഷത വഹിക്കും. സിറോ മലബാർ സഭയുടെ ദൈവവിളി കമ്മീഷൻ ചെയർമാനും ചെറുപുഷ്പ മിഷൻ ലീഗിന്റെ സഹ രക്ഷാധികാരിയുമായ ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത്, മുൻ സഹ രക്ഷാധികാരി മാർ ലോറൻസ് മുക്കുഴി എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തും.

ദൈവവിളി കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി പാണംപറമ്പിൽ, മിഷൻ ലീഗ് അന്തർദേശീയ ഡയറക്ടർ ഫാ. ജെയിംസ് പുന്നപ്ലാക്കൽ, ജനറൽ സെക്രട്ടറി ബിനോയ് പള്ളിപ്പറമ്പിൽ, ജനറൽ ഓർഗനൈസർ ജോൺ കൊച്ചുചെറുനിലത്ത്, ഇന്ത്യൻ നാഷണൽ പ്രസിഡന്റ് സുജി പുല്ലുകാട്ട്, അമേരിക്കൻ നാഷണൽ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ, അയർലണ്ട് നാഷണൽ പ്രസിഡന്റ് ജിൻസി ജോസഫ്, ഖത്തർ നാഷണൽ പ്രസിഡന്റ് ഷാജി മാത്യു , യു.കെ നാഷണൽ സെക്രട്ടറി ജോജിൻ പോൾ എന്നിവർ പ്രസംഗിക്കും.

1873ൽ ഫ്രാൻസിൽ ജനിച്ച് 1897ൽ മരിച്ച ലിസ്യൂവിലെ വിശുദ്ധ തെരേസ (വി. കൊച്ചുത്രേസ്യ) യെ, 1927 മെയ് 17ന് പതിനൊന്നാം പയസ് മാർപാപ്പയാണ് വിശുദ്ധയായി ഉയർത്തിയത്. ചെറുപുഷ്പം എന്ന അപാര നാമത്തിൽ അറിയപ്പെടുന്ന വി. കൊച്ചുത്രേസ്യയാണ് ചെറുപുഷ്പ മിഷൻ ലീഗ് എന്ന സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥ.

സഭയുടെ പ്രേഷിത പ്രവത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി എബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ 1947 ഒക്ടോബർ മൂന്നിന് ആരംഭിച്ച മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻ ലീഗ്.

കേരളത്തിലെ ഭരണങ്ങാനത്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘടന പിന്നീട് കേരളത്തിലും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലും ഇന്ത്യയുടെ വെളിയിൽ വിവിധ രാജ്യങ്ങളിലും പ്രവർത്തനം വ്യാപിപ്പിച്ച മിഷൻ ലീഗ് ഇന്ന് അമേരിക്ക, കാനഡ, യു.കെ, അയർലണ്ട്, ഇറ്റലി, ജർമ്മനി, സ്വിറ്റ്സർലാന്റ് ഓസ്ട്രേലിയ, ഖത്തർ തുടങ്ങിയ രാജ്യങ്ങളിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.

# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ 15-ാമത് വാർഷികാഘോഷം




ഷിക്കാഗോ: ഷിക്കാഗോയിലെ രണ്ടാമത്തെ ഇടവകയും പ്രവാസി ക്നാനായ സമൂഹത്തിലെ ഏറ്റവും വലിയ ഇടവകയുമായ ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങൾ കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്യും. മെയ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് നടത്തപെടുന്ന ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ തിരുക്കർമ്മങ്ങൾക്ക് ശേഷമായിരിക്കും വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുക.


2010 ജൂലൈ മാസത്തിൽ കൂദാശചെയ്യപ്പെട്ട സെന്റ് മേരീസ് ഇടവക ദൈവാലയം പതിനഞ്ചുവർഷങ്ങൾ പൂർത്തിയാക്കുമ്പോൾ, ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. പങ്കാളിത്വത്തിൽ ആഗോള ക്നാനായ സമൂഹത്തിലെ തന്നെ ഏറ്റവും വലിയ ഇടവകയായി കരുതപ്പെടുന്ന ഷിക്കാഗോ സെന്റ് മേരീസ്, ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾക്കും സജീവമായ മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾക്കും പുറമെ, ആഗോള ക്നാനായ സമൂഹത്തിൽ നിസ്തുലമായ സേവന സന്നദ്ധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഭവനനിർമ്മാണപ്രവർത്തനങ്ങൾക്ക് പുറമെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി നിരവധി സഹായങ്ങൾ നിർല്ലോഭമായി ചെയ്തുവരുന്ന ഇടവക എന്ന നിലക്ക്, ഈ ഇടവകയുടെ വാർഷികാഘോഷങ്ങൾ മാതൃകാപരമായി തന്നെ നടത്തേണ്ടതുണ്ട് എന്ന ബോധ്യത്തോടെയാണ് ആഘോഷങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ ആഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുന്നത് ഈ ദൈവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിച്ച അഭി. മാർ മാത്യു മൂലക്കാട്ട് പിതാവാണ് എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ് എന്ന് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ അറിയിച്ചു. ആഘോഷങ്ങളുടെ ഭാഗമായി നടത്തപെടുന്ന സീറോ മലബാർ സഭാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ പിതാവിന് നൽകുന്ന സ്വീകരണമടക്കമുള്ള പതിനഞ്ചിന പരിപാടികൾ മികച്ച രീതിയിൽ തന്നെ നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നതായി ആഘോഷ കമ്മറ്റി ചെയർമാൻ ബിനു കൈതക്കത്തൊട്ടിയിൽ അറിയിച്ചു. ആഘോഷങ്ങളുടെ ക്രമീകരണങ്ങൾക്കായി ബിനു കൈതക്കത്തൊട്ടിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയോടൊപ്പം ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പി.ആർ.ഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകും.

*അനിൽ മറ്റത്തിക്കുന്നേൽ*

# റാമഫോസയുടെ മുന്നിൽ വെള്ളക്കാരുടെ കൂട്ടക്കൊലക്ക് ആഹ്വാനം ചെയ്യുന്ന വീഡിയോ പ്രദർശിച്ചിച്ച് ട്രംപ്

വാഷിംഗ്ടൺ: വൈറ്റ് ഹൗസിലെ മീറ്റിംഗിനിടെ വെളുത്ത വർഗ്ഗക്കാരായ കർഷകരുടെ 'വംശഹത്യ'യെക്കുറിച്ചുള്ള ആരോപണങ്ങളെ പിന്തുണയ്ക്കുന്ന വീഡിയോ അവതരിപ്പിച്ചുകൊണ്ട് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റാമഫോസയെ ഞെട്ടിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇടതുപക്ഷ നേതാവ് ജൂലിയസ് മലേമ, ദക്ഷിണാഫ്രിക്കയിലെ 4.5 ദശലക്ഷം വെള്ളക്കാരെ കൊല്ലണമെന്ന് ആവശ്യപ്പെടുന്ന വീഡിയോ ദൃശ്യമാണ് റാമഫോസയെ ഇരുത്തി ട്രംപ് പ്രദർശിപ്പിച്ചത്. റാമഫോസയെ ഓവൽ ഓഫീസിൽ സ്വാഗതം ചെയ്തശേഷം ചർച്ചകൾക്കിടെ ഒരു സ്ക്രീനിൽ വീഡിയോ പ്ലേ ചെയ്യാൻ ട്രംപ് സ്റ്റാഫ് അംഗങ്ങളോട് നിർദ്ദേശിച്ചു. ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരായ കർഷകർക്കെതിരെ റമഫോസ വംശഹത്യ നടത്തിയതായി അദ്ദേഹം ആരോപിച്ചു. ഉപയോഗശൂന്യമായി കാണപ്പെടുന്ന ഭൂമി പിടിച്ചെടുക്കാൻ ദക്ഷിണാഫ്രിക്കൻ സർക്കാരിനെ അനുവദിക്കുന്ന ഒരു പുതിയ നിയമത്തിനെതിരെയും ട്രംപ് റമഫോസയെ വിമർശിച്ചു. വീഡിയോകൾ കണ്ട ശേഷം, 'അത് എവിടെയാണെന്ന് എനിക്ക് അറിയാൻ ആഗ്രഹമുണ്ട്, കാരണം ഇത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല.' എന്ന് റമാഫോസ അഭിപ്രായപ്പെട്ടു.

സർക്കാർ നയമല്ല പ്രസംഗത്തിൽ ഉള്ളതെന്നും അദ്ദേഹം പറഞ്ഞു. തന്റെ രാജ്യം വെള്ളക്കാരായ കർഷകരിൽ നിന്ന് ഭൂമി പിടിച്ചെടുക്കുന്നു എന്ന വാദം റാമഫോസ തള്ളി.



## ഹൂസ്റ്റണിൽ ഇൻഡോ അമേരിക്കൻ ഫെസ്റ്റ് മെയ് 24 ന് രമേശ് ചെന്നിത്തല മുഖ്യാതിഥി



ഹൂസ്റ്റൺ: വർണപ്പകിട്ടാർന്ന പരിപാടികൾ, നയന മനോഹര കാഴ്ചകളൊരുക്കി 'മെയ് ക്വീൻ ബ്യൂട്ടി പേജന്റ്' ഒപ്പം ആസ്വാദക ലക്ഷങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഷാൻ റഹ്മാൻ ലൈവ് ഇൻ മ്യൂസിക് ഷോയും വൈവിധ്യമാർന്ന നിരവധി പരിപാടികൾ കോർത്തിണക്കി 12 മണിക്കൂർ നീളുന്ന മുഴു ദിന പരിപാടികളുമായി ഗ്ലോബൽ ഇന്ത്യൻ ന്യൂസ് അവതരിപ്പിക്കുന്ന 'ഇന്ത്യ ഫെസ്റ്റ് 2025' ഒരു ചരിത്ര സംഭവമാക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

2025 മെയ് 24നു ശനിയാഴ്ച രാവിലെ 11 മണിക്കാരംഭിക്കുന്ന ഫെസ്റ്റ് ഹൂസ്റ്റണിലെ ഏറ്റവും മികച്ചതും ആധുനിക സാങ്കേതിക വിദ്യകളാൽ സമ്പന്നവുമായ ജിഎസ്ടി ഇവന്റ് സെന്ററിൽ വച്ച് നടത്തപ്പെടുമ്പോൾ നിരവധി പരിപാടികളാണ് ഒരുക്കിയിരുക്കുതെന്ന് ഇന്ത്യ ഫെസ്റ്റ് മുഖ്യ സംഘടകനും ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ചെയർമാനുമായ ജെയിംസ് കൂടൽ പറഞ്ഞു.

മുൻപ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല എംഎൽഎ ഈ ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. രാവിലെ 11 മണിക്ക് ബിസിനസ് സമ്മിറ്റ് നടക്കും. അമേരിക്കയിലെയും ഗൾഫിലെയും പ്രമുഖ ബിസിനസ് സംരംഭകർ പങ്കെടുക്കുന്ന സമ്മേളനത്തിൽ വിവിധ ബിസിനസ് വിഷയങ്ങളെ സംബന്ധിച്ച് പ്രമുഖർ സംസാരിക്കും. 12 മണിക്ക് 'പ്രവാസ ലോകം' സമ്മിറ്റ് നടക്കും.

1 മണിക്ക് "MEET THE LEADER - ASK AQUESTION" സംവാദ പരിപാടി നടക്കും. രമേശ് ചെന്നിത്തലയോട് ചോദ്യങ്ങൾ ചോദിയ്ക്കാൻ അവസരം ലഭിക്കും. ചെന്നിത്തല മറുപടി നൽകും. 4 മുതൽ പ്രമുഖ നർത്തകിയും സംരഭകയും സംഘടകയുമായ ലക്ഷ്മി പീറ്ററിന്റെ നേതൃത്വത്തിൽ 'മെയ് ക്വീൻ ബ്യൂട്ടി പേജന്റ്' സൗന്ദര്യ മത്സരം നടക്കും.

അവാർഡ് ദാന സമ്മേളനത്തിൽ രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം തന്നെ രമേശ് ചെന്നിത്തലയ്ക്ക് 'കർമശ്രേഷ്ഠ പുരസ്കാരം' പെയർലാൻഡ് മേയർ കെവിൻ കോൾ, മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ടു, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു എന്നിവർ ചേർന്ന് നൽകും. സാമൂഹ്യ സാംസ്കാരിക മേഖലകളിലെ നിരവധി വ്യക്തിത്വങ്ങളെ ആദരിക്കും. അമേരിക്കയിലെങ്ങും തരംഗമായി മാറിയ 'ഷാൻ റഹ്മാൻ മ്യൂസിക് ഷോ' ഹൂസ്റ്റണിലും തരംഗം സൃഷ്ഠിക്കും. കെ.എസ്. ഹരിശങ്കർ, സയനോര, നിത്യ മാമ്മൻ, മിഥുൻ ജയരാജ്, നിരഞ്ജു സുരേഷ് തുടങ്ങിയവർ അടങ്ങുന്ന ടീമിന് വമ്പൻ സ്വീകരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ബ്രസീലിയൻ ഡാൻസ്, ഇന്ത്യൻ ഡാൻസ് തുടങ്ങി വിവിധ പരിപാടികൾ ഫെസ്റ്റിനെ മികവുറ്റതാക്കി മാറ്റുമെന്ന് ഗ്ലോബൽ ഇന്ത്യൻ ന്യൂസ് ഡയറക്ടർമാരായ തോമസ് സ്റ്റീഫൻ, ബിനോയ് ജോൺ എന്നിവർ പറഞ്ഞു.

*ജീമോൻ റാന്നി*

## സൗത്ത് ബാരിംഗ്ടണിൽ MEANA വിജയകരമായ പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ് പരിപാടി സംഘടിപ്പിച്ചു



മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (M-EANA) 2025 മെയ് 17ന് സൗത്ത് ബാരിംഗ്ടൺ ക്ലബ് ബാങ്ക്വറ്റ് ഹാളിൽ ഒരു പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ് പരിപാടി സംഘടിപ്പിച്ചു. എഞ്ചിനീയറിംഗ് സമൂഹത്തിൽ നിന്ന് ഏകദേശം 75 പേർ പരിപാടിയിൽ പങ്കെടുത്തു.

പ്രസിഡന്റ് സന്ദേശത്തിൽ, റോബിൻ കെ. തോമസ് മീനയുടെ ദൗത്യം ഊന്നിപ്പറഞ്ഞു: 'മീനയിൽ, എഞ്ചിനീയർമാരെന്ന നിലയിലുള്ള നമ്മുടെ അനുഭവങ്ങളും, മൂല്യങ്ങളും, പ്രൊഫഷണലിസത്തിന്റെ ഒരു അനന്യമായ മേഖല സൃഷ്ടിക്കുന്നു.

ഇതാണ് നമ്മെ ബന്ധിപ്പിക്കുന്ന ഒരു പ്രധാനഘടകവും. വെറും സാമൂഹിക പരിപാടികൾക്ക് മാത്രമായുള്ള ഒരു സംഘടനയല്ല മീന മറിച്ച് ആശയങ്ങളും അറിവും പങ്കുവെച്ച്, സഹകരിച്ച്, ഒരുമിച്ച് വളരാനുമുള്ള ഒരു വേദിയാണത്.'

വൈകുന്നേരത്തെ മീറ്റ് ആന്റ് ഗ്രീറ്റ് പരിപാടിയിൽ രണ്ട് പ്രമുഖ അതിഥി സ്പീക്കേഴ്സ് ഉണ്ടായിരുന്നു. ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ഷണൽ പ്രൊഫസർ ഡോ. സുഹൈൽ റഹ്മാൻ, കമ്പ്യൂട്ടർ സയൻസ് മേഖലയിൽ ആദ്യകാല മലയാളി കുടിയേറ്റ എഞ്ചിനീയർമാർ നടത്തിയിട്ടുള്ള നിർണായക സംഭാവനകളെക്കുറിച്ച് ആകർഷകമായ അവതരണം നടത്തി.

മാവെൻ എജിഐയിലെ ഫൗണ്ടിംഗ് എഞ്ചിനീയറും എംഐടി ബിരുദ ധാരിയുമായ അമോൽ ഭാവേ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ച് അതിന്റെ യഥാർത്ഥ കഴിവുകൾ, ഭാവി സാധ്യതകൾ, വ്യാപകമായ സ്വീകാര്യതയിലെ പ്രധാന വെല്ലുവിളികൾ എന്നിവയെക്കുറിച്ച് വളരെ മൂല്യവത്തായ അറിവുകൾ പങ്കുവച്ചു.

ഈ പരിപാടിയുടെ മറ്റൊരു പ്രധാന ആകർഷണം, MEANA കുടുംബാംഗമായ ബെറ്റ്സി ജേക്കബിന്റെ ആദ്യ പുസ്തകമായ 'ഫയർ അപ്പി'ന്റെ ഔദ്യോഗിക പ്രകാശനമായിരുന്നു. പരിപാടിയിൽ നിരവധി പുതിയ അംഗങ്ങളെ സ്വാഗതം ചെയ്തു.

എല്ലാ മലയാളി എഞ്ചിനീയർമാരെയും 2025 ജൂലൈ 5ന് നടക്കുന്ന സമ്മർ പിക്നിക്കിൽ പങ്കെടുക്കാൻ MEANA ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്, റോബിൻ കെ. തോമസ് (robinkthomas@meanausa.org) അല്ലെങ്കിൽ ഈപ്പൻ കുരുവിള (eapenkuruvilla@meanausa.org) എന്നിവരെ ബന്ധപ്പെടുക,

അല്ലെങ്കിൽ https://meanausa.org സന്ദർശിക്കുക.

## മണ്ണാറശാല അമ്മ ദിവ്യശ്രീ സാവിത്രി അന്തർജ്ജനത്തിന് കെ.എച്ച്.എൻഎയുടെ 'പരമാംബികാ' പുരസ്കാരം



ഹരിപ്പാട്: ഹൈന്ദവ സമൂഹത്തിനു നൽകുന്ന മഹത്തരമായ സേവനങ്ങളെ പ്രകീർത്തിച്ച് മണ്ണാറശാല നാഗക്ഷേത്രം അധിപതിയായ മണ്ണാറശാല അമ്മ എന്നറിയപ്പെടുന്ന ദിവ്യശ്രീ സാവിത്രി അന്തർജ്ജനത്തിന് കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) യുടെ സനാതന സംസ്ക്രിതി പുരസ്കാരങ്ങളിൽ ഒന്നായ പരമാംബികാ പുരസ്കാരം നൽകി ആദരിച്ചു.

മെയ് 17ന് ശനിയാഴ്ച മണ്ണാറശാല ക്ഷേത്രാങ്കണത്തിൽ നടന്ന ചടങ്ങിൽ കെ.എച്ച്.എൻ.എ ട്രസ്റ്റീ ബോർഡ് ചെയർമാൻ ഗോപിനാഥ കുറുപ്പ് പുരസ്കാരം അമ്മക്ക് കൈമാറി. അമ്മക്ക് സംഘടനയുടെ ദക്ഷിണയായി ഒരുലക്ഷം രൂപ കെ.എച്ച്.എൻ.എ മുൻ പ്രസിഡന്റ് ഡോ. രാമദാസ് പിള്ള അമ്മയുടെ കൈകളിൽ സമർപ്പിച്ചു. കെ.എച്ച്.എൻ.എ.യുടെ സ്ഥാപക പ്രസിഡന്റ് മന്മഥൻ നായർ, ഗുരുവായൂർ ദേവസ്വം ബോർഡ് മെമ്പർ എൻ.എസ്.എസ് ഡയറക്ടർ ബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന അഡ്വ. ജി. മധുസൂദനൻ പിള്ള, കെ.എച്ച്.എൻ.എ ജോയിന്റ് സെക്രട്ടറി ആതിര സുരേഷ്, ബോർഡ് അംഗം ഡോ. ബിജു പിള്ള, അമേരിക്കയിൽ നിന്നെത്തിയ മറ്റു പ്രവർത്തകർ, ഭക്തജനങ്ങൾ, ക്ഷേത്രം ഭാരവാഹികൾ എന്നിവർ ചടങ്ങിന് സാക്ഷികളായിരുന്നു.

പുരസ്കാര സമർപ്പണത്തിനു ശേഷം കെ.എച്ച്.എൻ.എ ഭാരവാഹികൾക്ക് മണ്ണാറശാല ദേവസ്വം ഒരു സ്വീകരണവും ഏർപ്പെടുത്തിയിരുന്നു. ട്രസ്റ്റീ ചെയർമാൻ ഗോപിനാഥക്കുറുപ്പ്, ഡോ. രാംദാസ് പിള്ള, മന്മഥൻ നായർ, ആതിര സുരേഷ്, ബിജു പിള്ള എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി.

ആതിര സുരേഷിന്റെ ഭക്തിഗാനാലാപനത്തോടെ ആരംഭിച്ച യോഗത്തിൽ ചടങ്ങിനെത്തിയ ഭക്തജനങ്ങൾക്ക് ഗോപിനാഥക്കുറുപ്പ് സ്വാഗതം ആശംസിച്ചു. അധ്യക്ഷ പ്രസംഗം നടത്തിയ അഡ്വ. മധുസൂദനൻ പിള്ള സനാതന ധർമ്മ സംസ്കാര മൂല്യങ്ങൾ കാത്തു സൂക്ഷിക്കാനായി കെ.എച്ച്.എൻ.എ നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ചു.

തുടർന്ന് സംസാരിച്ച സ്ഥാപക പ്രസിഡന്റ് മന്മഥൻ നായർ ജഗദ്ഗുരു സത്യാനന്ദ സ്വാമി തൃപ്പാദങ്ങളുടെ അനുഗ്രഹത്തോടെ സമാരംഭിച്ചു വരും തലമുറയിലേക്കു സനാതന ധർമ മൂല്യങ്ങൾ പകർന്നു കൊടുത്ത് അവരെ നന്മയുടെ ലോകത്തേക്ക് നയിക്കാനാണ് പരിശ്രമിക്കുന്നത് എന്ന് പറഞ്ഞു.

ഡോ. രാമദാസ് പിള്ളയും ഗുരുവായൂർ മുൻ മേൽശാന്തി സുബ്രഹ്മണ്യൻ നമ്പൂതിരിയും ആശംസ പ്രസംഗങ്ങൾ നടത്തി. ഡയറക്ടർ ബോർഡ് മെമ്പർ ബിജു പിള്ള നന്ദി പ്രകാശനം നടത്തി.

ദേവസ്വം ഭാരവാഹികളായ നാഗദാസ് നമ്പൂതിരി, ശ്യാംസുന്ദർ ശങ്കരൻ നമ്പൂതിരി എന്നിവർ സ്വീകരണ സമ്മേളനത്തിന് നേതൃത്വം നൽകി. യോഗശേഷം വിഭവ സമൃദ്ധമായ സദ്യയും നൽകിയാണ് കെ.എച്ച്.എൻ.എ അംഗങ്ങളെ യാത്രയാക്കിയത്.




# യുഎസിനെ കാക്കാൻ 'ഗോൾഡൻ ഡോം' പ്രതിരോധ കവചം

(ഒന്നാം പേജ് തുടർച്ച)

ണുകൾ എന്നിങ്ങനെ പരമ്പരാഗത ആക്രമണങ്ങളിൽ നിന്നും ആണവ ഭീഷണികളിൽ നിന്നും യുഎസിന് കവചം തീർക്കാനാണ് ഗോൾഡൻ ഡോം വികസിപ്പിക്കുന്നത്.

**ഗോൾഡൻ ഡോം സിസ്റ്റം എന്താണ്?**

ഗോൾഡൻ ഡോം ഒരു ഭൂതലഅധിഷ്ഠിതവും ബഹിരാകാശഅധിഷ്ഠിതവുമായ മിസൈൽ ഷീൽഡ് സംവിധാനമായിരിക്കും, അത് മിസൈലുകളുടെ പറക്കലിന്റെ വിവിധ ഘട്ടങ്ങളിൽ കെണ്ടത്തുകയും ട്രാക്ക് ചെയ്യുകയും നിർത്തുകയും ചെയ്യും. പറന്നുയരുന്നതിന് മുമ്പ് അവയെ നശിപ്പിക്കുകയോ ആകാശത്ത് വെച്ച് അവയെ തടസ്സപ്പെടുത്തുകയോ ചെയ്യും.

പുതിയ സംവിധാനം അമേരിക്കയുടെ ''വിജയത്തിനും നിലനിൽപ്പിനും വളരെ പ്രധാനമാണ്'' എന്ന് വിശേഷിപ്പിച്ച ട്രംപ്, പൂർണ്ണമായും നിർമ്മിച്ചുകഴിഞ്ഞാൽ, ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വിക്ഷേപിച്ചാലും, ബഹിരാകാശത്ത് നിന്ന് വിക്ഷേപിച്ചാലും മിസൈലുകളെ തടയാൻ ഇതിന് കഴിയുമെന്ന് പറഞ്ഞു. ഗോൾഡൻ ഡോമിന് കൂടുതൽ വിപുലമായ ലക്ഷ്യങ്ങളുണ്ട്. ''ബഹിരാകാശ അധിഷ്ഠിത സെൻസറുകളും ഇന്റർസെപ്റ്ററുകളും ഉൾപ്പെടെ കര, കടൽ, ബഹിരാകാശം എന്നിവയിലുടനീളം അടുത്ത തലമുറ സാങ്കേതികവിദ്യകൾ വിന്യസിക്കുമെന്ന്'' ട്രംപ് പറഞ്ഞു.

മൂന്ന് വർഷത്തിനുള്ളിൽ, ഗോൾഡൻ ഡോം പ്രവർത്തനക്ഷമമാകുമെന്നാണ്കണക്കാക്കുന്നത്.ട്രംപിന്റെഔദ്യോഗിക കാലാവധി അവസാനിച്ച് അടുത്ത തെരഞ്ഞെടുപ്പ് അടുക്കുമ്പോഴേക്കും പദ്ധതിപൂർത്തീകരിക്കാനാണ് പദ്ധതി. 2011 മുതൽ ഇസ്രയേലിന്റെ സൈനിക പ്രതിരോധത്തിന് കവചമായി നിൽക്കുന്ന അയൺ ഡോമിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് ട്രംപിന്റെ ഗോൾഡൻ ഡോം പദ്ധതിയിലെത്തിച്ചേർന്നത്. എന്നാൽ ഹ്രസ്വദൂര മിസൈൽ പ്രതിരോധകവചമായ അയൺ ഡോമിൽ നിന്ന് വ്യത്യസ്തമായ ലക്ഷ്യങ്ങളാണ് ഗോൾഡൻ ഡോമിലൂടെ യുഎസിന്. മുഖ്യശത്രുക്കൾ ശക്തരാകുന്നത് മുന്നിൽ കണ്ടാണ് ട്രംപിന്റെ നീക്കം.

**എത്ര ചെലവ് വരും?**

പദ്ധതിക്കായി ആദ്യഘട്ടം 25 ബില്ല്യൺ ഡോളറും പൂർത്തിയാകുമ്പോഴേക്കും 175 ബില്ല്യൺ ഡോളറും ചെലവുവരുമെന്നാണ് കണക്കാക്കുന്നത്. ലോകത്തിന്റെ ഏതറ്റത്തുനിന്നുമുള്ള മിസൈലാക്രമണങ്ങളെ തടയാൻ ശേഷിയുള്ള, ഭൂഖണ്ഡാന്തരബഹിരാകാശ മിസൈൽ ഷീൽഡ് സിസ്റ്റമാണ് ഗോൾഡൻ ഡോം.

അമേരിക്കൻ സ്പേസ് ഫോഴ്സ് ജനറൽ മൈക്കൽ ഗ്യൂറ്റ്ലിൻ ആണ് ഇതിന് നേതൃത്വം നൽകുന്നത്. ഫോർ സ്റ്റാർ ജനറലായ ഗ്യൂറ്റ്ലിൻ 2021 ൽ സ്പേസ് ഫോഴ്സിൽ ചേരുന്നതിന് മുമ്പ് വ്യോമസേനയിൽ 30 വർഷത്തെ സേവനമുണ്ടായിരുന്നു.

മിസൈൽ പ്രതിരോധത്തിലും ബഹിരാകാശ സംവിധാനങ്ങളിലും അദ്ദേഹം വൈദഗ്ദ്ധ്യം നേടിയതായി റിപ്പോർട്ടുണ്ട്.

എല്ലാത്തരം മിസൈൽ, ഡ്രോൺ ആക്രമണങ്ങളിൽ നിന്നും അമേരിക്കയെ സംരക്ഷിക്കുന്നതിനാണ് ഈ സംവിധാനം ഉദ്ദേശിച്ചിരിക്കുന്നത്.

# ബെൻസൻവിൽ ഇടവക: മാലാഖക്കുഞ്ഞുങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം മെയ് 24ന്

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിലെ പതിനഞ്ച് മാലാഖ കുഞ്ഞുങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണം മെയ് 24 ശനിയാഴ്ച വൈകുന്നേരം 4 മണിയ്ക്ക് കോട്ടയം അതിരൂപതാമെത്രാപ്പോലീത്താ അഭി.മാർ.മാത്യുമൂലക്കാട്ട്മെത്രാപ്പോലീത്തായുടെമുഖ്യകാർമികത്വത്തിൽ നടത്തപ്പെടുന്നു.

പുതിയദൈവാലയത്തിലേക്ക്മാറ്റപ്പെട്ടതിന് ശേഷമുള്ള രണ്ടാമത്തെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് മാതാപിതാക്കളുടെയുംദൈവാലയ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും നേതൃത്വത്തിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

ഈ വർഷം സമാന്ത കണ്ടാരപ്പള്ളിൽ, ആന്റണി കരിമ്പുംകാലായിൽ, ജേക്കബ് മുന്നുപറയിൽ, ആഡലിൻ വെള്ളാപ്പിള്ളിൽ, സെമീര വെള്ളാപ്പള്ളിൽ, ബെഞ്ചമിൻ മലേമുണ്ടയ്ക്കൽ,

റൈലി മലേമുണ്ടയ്ക്കൽ, എമ്മലൈൻ കുളത്തിൽകരോട്ട്, അമായ പുഴക്കരോട്ട്, ജെനീസ് കരുനാട്ട്, ആലിസൻ മുണ്ടുപാലത്തിങ്കൽ, നാഡ്ലിൻ പുതുശ്ശേരിൽ, നോവ വഞ്ചിപ്പുരയ്ക്കൽ, ജെസ്സീൻ ഒറവക്കുഴിയിൽ, നോവ ഈന്തുംകാട്ടിൽ എന്നിവർ ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിക്കുന്നു. ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് ശേഷം ദൈവാലയ ഹാളിൽ കുട്ടികൾക്ക് സ്വീകരണവും കലാപരിപാടികളും സ്നേഹവിരുന്നും ക്രമീകരിച്ചിട്ടുണ്ട്. ഇടവക ദൈവജനംപ്രാർത്ഥനയോടെഈപുണ്യ ദിനത്തിനായി ഒരുങ്ങുന്നു.

# മെമ്മോറിയൽ ഡേ വ്യത്യസ്തമാക്കാൻ ഒരുങ്ങി യുവജനങ്ങൾ

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിലെപ്രധാന തിരുനാൾ ഏറ്റെടുത്തുനടത്തുന്ന യങ് കപ്പിൾസിന്റെ നേതൃത്വത്തിൽ ഒരുമിച്ചു ചിന്തിച്ച് യുവജനങ്ങളും കുടുംബ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുവാൻ 'തിയോളജിഓൺ റ്റാപ്' എന്ന പരിപാടി പ്രത്യേകം ക്രമീകരിക്കുന്നു. വൈദികരുടെ സാന്നിധ്യത്തിൽ യുവജനങ്ങളോടുംയങ്കപ്പിൾസിനുമൊപ്പമാണ് പരിപാടി ഒരുക്കുന്നത്. മെമ്മോറിയൽ ദിനമായ മെയ് 26 തിങ്കൾ വൈകിട്ട് 5 മുതൽ 9 വരെ ഓക്ബ്രൂക്കിലെ ഓൾട്ടർ ബ്രീവിങ് കിച്ചനിലാണ് പരിപാടി ക്രമീകരിക്കുന്നത്. ഷിക്കാഗോയിലെ എല്ലാ ക്നാനായ കത്തോലിക്കാ യുവജനങ്ങളെയും ദമ്പതികളെയും ഇതിലേക്ക് പ്രതീക്ഷിക്കുന്നു. ഇതിനുള്ള രജിസ്ട്രേഷൻ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ആത്മീയവളർച്ചയ്ക്കുതകുന്ന നൂതനവും വ്യത്യസ്തവുമായ കൂട്ടായ്മകൾ ഒരുക്കുന്ന യങ് കപ്പിൾസിന്റെ വേറിട്ട ശൈലിയെ വികാരി ഫാ.തോമസ്മുളവനാൽ പ്രശംസിച്ചു.

▶ ലിൻസ് താന്നിച്ചുവട്ടിൽ

# ആശങ്കയുമായി ചൈനയും റഷ്യയും

(ഒന്നാം പേജ് തുടർച്ച)

ആദ്യത്തെ ആയുധമായിരിക്കുമിത്. തന്റെ കാലാവധി അവസാനിക്കുമ്പോഴേക്കും, ഏകദേശം മൂന്ന് വർഷത്തിനുള്ളിൽ ഇത് പ്രവർത്തനക്ഷമമാകുമെന്ന് ട്രംപ് പറഞ്ഞു. കോൺഗ്രസ് ബജറ്റ് ഓഫീസിന്റെ കണക്കുകൾ പ്രകാരം ഈ സംവിധാനത്തിന് 500 ബില്യൺ ഡോളറിലധികം ചിലവ് വരുമെന്ന് പറയുന്നു.

# ട്രംപിന്റെ ക്രിപ്റ്റോ ഡിന്നർ: ഒരു സീറ്റിന് ശരാശരി 1 മില്യൺ ഡോളറിലധികം

ന്യൂയോർക്ക്: 200 ലധികം സമ്പന്നരും, പ്രധാനമായും അറിയപ്പെടാത്തവരുമായ ക്രിപ്റ്റോ വാങ്ങുന്നവർ വ്യാഴാഴ്ച പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനൊപ്പം അത്താഴം കഴിക്കാൻ വാഷിംഗ്ടണിലേക്ക് എത്തും. പ്രവേശന ഫീസ് 55,000 മുതൽ 37.7 മില്യൺ ഡോളർ വരെയാണ്. ബ്ലോക്ക് ചെയിൻ അനലിറ്റിക്സ് കമ്പനിയായ നാൻസന്റെ വിശകലനമനുസരിച്ച്, ട്രംപിനെ കാണാനുള്ള മത്സരത്തിലെ 220 വിജയികൾ അദ്ദേഹത്തിന്റെ അസ്ഥിരമായ ക്രിപ്റ്റോകറൻസി ടോക്കണായ $ട്രംപ് ചെലവഴിച്ച തുക ഇതാണെന്ന് വ്യക്തമാക്കുന്നു.

അത്താഴത്തിന്റെ സംഘാടകർ നിർണ്ണയിക്കുന്ന ഒരു പ്രത്യേക സമയത്ത് ഏറ്റവും മികച്ച $ട്രംപ് നാണയ ഉടമകൾക്ക് ഒരു സീറ്റ് ലഭിച്ചു. മൊത്തത്തിൽ, വിജയികൾ ട്രംപിന്റെ ഔദ്യോഗിക ക്രിപ്റ്റോകറൻസിയിൽ $394 മില്യൺ ചെലവഴിച്ചതായി നാൻസൻ കണ്ടെത്തി. എന്നിരുന്നാലും മത്സരം അവസാനിച്ചതിന് ശേഷം ചിലർ അവരുടെ കൈവശമുള്ളവയുടെ ഒരു ഭാഗമോ മുഴുവൻ വിറ്റഴിച്ചിട്ടുണ്ടെന്നാണ് കണ്ടെത്തൽ. ചെലവഴിക്കുന്നവയാളെ ആശ്രയിച്ച് തുക ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മികച്ച ഏഴ് വിജയികൾ ഓരോരുത്തരും $10 മില്യണിൽ കൂടുതൽ ചെലവഴിക്കുകയും താഴെയുള്ള 24 പേർ ഓരോരുത്തരും $100,000ൽ താഴെ ചെലവഴിക്കുകയും ചെയ്തു. വിജയികളിൽ മൂന്നിലൊന്ന് പേർ അവരിൽ 67 പേർ ഒരു മില്യൺ ഡോളറിലധികം ചെലവഴിച്ചതായി കാണിക്കുന്നു. ശരാശരി വിജയി ചെലവഴിച്ചത് $1,788,994.42 ആണ്.

പല മീം നാണയങ്ങളെയും പോലെ, ക്രിപ്റ്റോകറൻസി വിലകൾ ട്രാക്ക് ചെയ്യുന്ന ഇീശി ഒമ്യസലഇ ഇമു പ്രകാരം $TRUMP ന്റെ മൂല്യവും വൻതോതിൽ ചാഞ്ചാടുന്നു. മത്സര വിജയികളിൽ ഓരോരുത്തരും $TRUMP വാങ്ങിയ സമയത്ത് അതിൽ എത്ര ചെലവഴിച്ചുവെന്ന് നാൻസൻ ട്രാക്ക് ചെയ്തു. മികച്ച 220 മത്സര വിജയികളെ ട്രംപ് നാഷണൽ ഗോൾഫ് ക്ലബ്ബ് വാഷിംഗ്ടൺ ഡി.സിയിൽ നടന്ന ബ്ലാക്ക്ടൈ ഓപ്ഷണൽ ഡിന്നറിലേക്ക് ക്ഷണിച്ചു. ട്രംപ് 'അത്താഴത്തിൽ അതിഥിയായി പങ്കെടുക്കുകയും അതിനായി ഫണ്ട് അഭ്യർത്ഥിക്കുകയും ചെയ്യുന്നില്ല' എന്ന് മത്സരത്തിന്റെ വെബ്സൈറ്റ് അവകാശപ്പെടുമ്പോൾ, $TRUMP കോയിൻ പ്രോജക്റ്റിന്റെ 80% ട്രംപുമായി ബന്ധപ്പെട്ട രണ്ട് കമ്പനികളായ സിഐസി ഡിജിറ്റൽ, ഫൈറ്റ് ഫൈറ്റ് ഫൈറ്റ് എൽഎൽസി എന്നിവയുടെ ഉടമസ്ഥതയിലാണെന്നും പറയുന്നു.

കഴിഞ്ഞ തിങ്കളാഴ്ച അവസാനിച്ച വ്യക്തിഗത ക്രിപ്റ്റോകറൻസിയും അനുബന്ധ മത്സരവും, പ്രസിഡന്റ് സ്ഥാനത്തെ വ്യക്തിപരമായി ലാഭം നേടുന്നതിനായി ട്രംപ് ഉപയോഗിക്കുന്നതായി കാണപ്പെടുന്ന രീതികളിലേക്ക് ചേർക്കുന്നു. അദ്ദേഹത്തിന്റെ ബിസിനസ്സ് താൽപ്പര്യങ്ങൾ മകൻ ഡൊണാൾഡ് ട്രംപ് ജൂനിയർ നിയന്ത്രിക്കുന്ന ഒരു ട്രസ്റ്റിലാണ്. കൂടാതെ അദ്ദേഹം തന്റെ കുടുംബ ബിസിനസുകളിൽ പലതും പ്രസിഡന്റ് എന്ന നിലയിലുള്ള തന്റെ പ്രവർത്തനങ്ങളുമായി ഇഴചേർന്നിരിക്കുന്നുവെന്നും അഭിപ്രായങ്ങൾ ഉയരുന്നുണ്ട്. അതിൽ സോഷ്യൽ ക്ലബ്ബുകളിൽ ക്രിപ്റ്റോ ഡിന്നർ പോലുള്ള പരിപാടികൾ നടത്തുക, അദ്ദേഹത്തിന്റെ സോഷ്യൽ മീഡിയ ആപ്പ് ട്രൂത്ത് സോഷ്യലിൽ പ്രത്യേക രാഷ്ട്രീയ പ്രസ്താവനകൾ നടത്തുക എന്നിവ ഉൾപ്പെടുന്നു.

ട്രംപിന്റെ ക്രിപ്റ്റോകറൻസി, അത് സൃഷ്ടിച്ച ട്രംപ് ബന്ധിത ഗ്രൂപ്പുകൾക്കും പണം സമ്പാദിക്കാൻ അവസരം നൽകുന്നു. അത് ട്രേഡ് ചെയ്യുന്നതിലൂടെയാണ് നേട്ടം ഉണ്ടാക്കുന്നത്. ട്രേഡ് ചെയ്യപ്പെടുന്ന ഓരോ $TRUMP നാണയത്തിനും ഒരു ഫീസ് ഈടാക്കുന്നു.

മറ്റൊരു ക്രിപ്റ്റോകറൻസി ഗവേഷണ സ്ഥാപനമായ ചൈനാലിസിസ്, മത്സരം പ്രഖ്യാപിച്ച ആദ്യ രണ്ട് ദിവസത്തിനുള്ളിൽ $TRUMP നാണയം ഏകദേശം 900,000 ഡോളർ ഇടപാട് ഫീസ് ഇനത്തിൽ നേടിയതായി കണക്കാക്കുന്നു.

# ഷിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവക: ദിവ്യകാരുണ്യ സ്വീകരണം മെയ് 25ന്

ഷിക്കാഗോ: ഷിക്കാഗോയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പൊതുവായ ആഘോഷപൂർവമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 25 ഞായറാഴ്ച നടപ്പെടും. ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിക്കുന്ന തിരുക്കർമ്മങ്ങൾക്ക് കോട്ടയം അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമികത്വം വഹിക്കും. ക്നാനായ റീജിയൻ ഡയറക്ടർ മോൺസിഞ്ഞോർ തോമസ് മുളവനാൽ, വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര എന്നിവർ തിരുകർമ്മങ്ങളിൽ സഹകാർമികത്വം വഹിക്കും. മുപ്പത് കുട്ടികളാണ് ഒരു വർഷത്തോളം നീണ്ടു നിന്ന ഒരുക്കങ്ങൾക്ക് ശേഷം ഈ വർഷത്തെ ആഘോഷപൂർവ്വമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ പങ്കെടുക്കുന്നത്. സജി പുതൃക്കയിൽ, മനീഷ് കൈമൂലയിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിശ്വാസ പരിശീലന സ്കൂളിലെ അധ്യാപകരുടെ കഠിന പ്രയത്നത്തിന്റെയും പ്രതിഫലനമാണ് ഒരുക്കങ്ങൾ പൂർത്തീകരിച്ച ദിവ്യകാരുണ്യ സ്വീകരണ ആഘോഷങ്ങൾ. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകിട്ട് ആറുമണിമുതൽ നൈൽസിലെ വൈറ്റ് ഈഗിൾ ബാങ്ക്വറ്റ് ഹാളിൽ വച്ച് മാതാപിതാക്കളുടെ നേതൃത്വത്തിൽ ആഘോഷങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, വിശ്വാസ പരിശീലന സ്കൂൾ അധ്യാപകർ, ജിനു പുന്നശ്ശേരിൽ ടിനു പറഞ്ഞാട്ട് എന്നിവരുടെ നേതൃത്വത്തിലുള്ള മാതാപിതാക്കൾ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകും.

▶ അനിൽ മറ്റത്തിക്കുന്നേൽ

# ഷിക്കാഗോ മലയാളി അസോസിയേഷൻ വീൽ ചെയർ വിതരണം ചെയ്തു

തൃശൂർ: ഷിക്കാഗോ മലയാളി അസോസിയേഷൻ നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി വീൽ ചെയർ നൽകി. തൃശൂർ മരത്താക്കര പ്രൊവിഡൻസ് ഓൾഡ് ഏജ് ഹോമിലെ രണ്ട് അന്തേവാസികൾക്കാണ് വീൽ ചെയറുകൾ നൽകിയത്. ക്ലാരിസ്റ്റ് സിസ്റ്റേഴ്സ് നടത്തുന്ന ഈ സ്ഥാപനത്തിൽ പതിനെട്ട് അന്തേവാസികളാണുള്ളത്. അശരണരും നിരാലംബരുമായ എൺപതു വയസ്സിനു മുകളിൽ പ്രായമുള്ള അന്തേവാസികൾക്ക് താമസവും ഭക്ഷണവും ആവശ്യമായ പരിചരണവും നൽകി അവരെ ചേർത്ത് പിടിക്കുന്ന സിസ്റ്റേഴ്സിന്റെ പ്രവർത്തനങ്ങൾ മാതൃകാപരവും പ്രശംസനീയവുമാണെന്ന് വീൽ ചെയറുകൾ നൽകിക്കൊണ്ട്




ഷിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി കമ്മിറ്റി ചെയർമാൻ ജോൺസൻ കണ്ണൂക്കാടൻ പറഞ്ഞു.

അർഹരായവർക്ക് വേണ്ട സഹായങ്ങൾ ചെയ്യാൻ ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണെന്നും അത് തുടരുമെന്നും ചാരിറ്റി കമ്മിറ്റി അംഗങ്ങളായ മനോജ് അച്ചേട്ട്, ഫിലിപ്പ് പുത്തൻപുരയിൽ എന്നിവർ അറിയിച്ചു. പ്രൊവിഡൻസ് ഹോം മദർ സുപ്പീരിയർ, സിസ്റ്റേഴ്സ്, അന്തേവാസികൾ എന്നിവരുൾപ്പെടെ നിരവധി പേർ ചടങ്ങിൽ പങ്കെടുത്തു.

▶ ബിജു മുണ്ടക്കൽ

## SEEKING BRIDEGROOM

**We are seeking** a suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background. For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#051425

## വരനെ ആവശ്യമുണ്ട്

ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#052125

## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#052125

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#043025

## ബേബി സിറ്ററെ ആവശ്യമുണ്ട്

**അഡിസണിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് 17 മാസം പ്രായമുള്ള കുട്ടിയെ നോക്കാൻ മെയ് മാസം പകുതി മുതൽ (തിങ്കൾ മുതൽ വെള്ളിവരെ) വീട്ടിൽ താമസിച്ചോ അല്ലാതെയോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 847–890–5941, 847–942–1057**

#051425

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#051425

## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.


1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മറിയാമ്മ തോമസ്**

#052125

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മററെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ചിന്നമ്മ കുര്യൻ**

#052125

Newspaper for Malayalees Worldwide ◆Estd.2020

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com



# സഖറിയ ചേലയ്ക്കലിന് ബെൻസൻവിൽ ഇടവകയുടെ ആദരവ്

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദൈവാലയത്തിലെമതബോധനശുശ്രൂഷയ്ക്ക് ഇക്കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സമർപ്പണമനസ്സോടെ സാരഥ്യം അരുളിയ സഖറിയ ചേലയ്ക്കലിനെ ഇടവകവികാരി ഫാ. തോമസ് മുളവനാൽ ആദരിച്ചു. ഇടവകയിലെ കുഞ്ഞുങ്ങളുടെആത്മീയവളർച്ചയ്ക്കായിവ്യക്തിപരമായി ഒട്ടേറെ സമയം കണ്ടെത്തുകയും മതബോധനഅധ്യാപകരെ നയിക്കുകയും കുഞ്ഞുങ്ങൾക്ക് ആത്മീയ വളർച്ചയ്ക്കുതകുന്ന പരിപാടികൾ ക്രമീകരിക്കുകയും ചെയ്തതിൽ റിലിജിയസ് എഡ്യുക്കേഷൻ ഡയറക്ടർ എന്ന നിലയിൽ സ്തുത്യർഹമായപങ്കാണ് സഖറിയ ചേലയ്ക്കൽ വഹിച്ചതെന്നും വികാരി അഭിപ്രായപ്പെട്ടു.

അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഫാ. എബിൻ എടത്തിൽ, ആൻസി ചേലയ്ക്കൽ, ഇടവക എക്സിക്യൂട്ടിവ് അംഗങ്ങളായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപ്പറമ്പിൽ, സണ്ണിമുത്തോലം എന്നിവരും പാരിഷ് കൗൺസിലിനെ പ്രതിനിധീകരിച്ച് ജോയി വാച്ചാച്ചിറ, ജോസ് സൈമൻ മുണ്ടപ്ലാക്കിൽ, ജെയ്മോൻ നന്തികാട്ട്, എബ്രാഹം അരീച്ചിറ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

*ലിൻസ് താന്നിച്ചുവട്ടിൽ*



# ബെൻസൻവിൽ ഇടവകയിൽ നഴ്സുമാരെ ആദരിച്ചു

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ നഴ്സസ് വീക്കിനോടനുബന്ധിച്ച് നഴ്സുമാരെ പ്രത്യേകം ആദരിക്കുകയും അവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ആരോഗ്യമേഖലയിൽ വിവിധ തലങ്ങളിലായി ശുശ്രൂഷ ചെയ്യുന്ന എല്ലാ നേഴ്സുമാരെയും വിശുദ്ധ കുർബാനയ്ക്കുശേഷം ഒരുമിച്ചുകൂട്ടി ദൈവത്തിന് പ്രത്യേകമായി സമർപ്പിച്ച് ഇടവക വികാരി ഫാ. തോമസ് മുളവനാൽ പ്രാർത്ഥിക്കുകയും ഇടവകയുടെ ആദരവ് അർപ്പിക്കുകയും ചെയ്തു. അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഫാ. എബിൻ എടത്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

# ഇന്ത്യ–പാക് സംഘർഷം അവസാനിപ്പിക്കുന്നതിൽ താൻ നിർണായക പങ്ക് വഹിച്ചെന്ന് വീണ്ടും ട്രംപ്

വാഷിംഗ്ടൺ: ഇന്ത്യ-പാക് വെടിനിർത്തലിന് മധ്യസ്ഥത വഹിച്ചെന്ന അവകാശവാദത്തിൽ വീണ്ടും മലക്കംമറിഞ്ഞ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

''പാകിസ്ഥാനുമായും ഇന്ത്യയുമായും ഞങ്ങൾ എന്താണ് ചെയ്തതെന്ന് നിങ്ങൾ നോക്കുകയാണെങ്കിൽ, ഞങ്ങൾ ആ മുഴുവൻ കാര്യവും പരിഹരിച്ചു. ഞാൻ അത് വ്യാപാരത്തിലൂടെ പരിഹരിച്ചു എന്ന് ഞാൻ കരുതുന്നു. ഇന്ത്യയുമായി ഞങ്ങൾ ഒരു വലിയ കരാർ ചെയ്യുന്നു. പാകിസ്ഥാനുമായി ഞങ്ങൾ ഒരു വലിയ കരാർ ചെയ്യുന്നു.'' ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമാഫോസയുമായുള്ള സംയുക്ത പത്രസമ്മേളനത്തിൽ ട്രംപ് പ്രഖ്യാപിച്ചു.

''വെടിവയ്പ്പ് കൂടുതൽ കൂടുതൽ വഷളായിക്കൊണ്ടിരുന്നു, രാജ്യങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ. ഞങ്ങൾ അവരോട് സംസാരിച്ചു, ഞങ്ങൾ അത് പരിഹരിച്ചുവെന്ന് ഞാൻ കരുതുന്നു.'' ട്രംപ് പറഞ്ഞു. 'പാകിസ്ഥാനിൽ ചില മികച്ച ആളുകളും മികച്ച നേതാവുമുണ്ട്. ഇന്ത്യ, എന്റെ സുഹൃത്ത് മോദി, അദ്ദേഹം ഒരു മികച്ച ആളാണ്. ഞാൻ അവരെ രണ്ടുപേരെയും വിളിച്ചു. ഞങ്ങൾ എന്തെങ്കിലും നല്ലത് ചെയ്തു.' ട്രംപ് അവകാശപ്പെട്ടു. വീണ്ടും അവകാശവാദങ്ങളുമായി രംഗത്തെത്തുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്.

# ഷിക്കാഗോ മലയാളി അസോസിയേഷൻ കേരളത്തിൽ താങ്ക്സ് ഗിവിങ് ഡേ ആഘോഷിക്കുന്നു

ഷിക്കാഗോ: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ ഷിക്കാഗോ മലയാളി അസോസിയേഷൻ കേരളത്തിൽ താങ്ക്സ് ഗിവിങ് ഡേ ആഘോഷിക്കുമെന്ന് അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി അറിയിച്ചു.

ഈ വരുന്ന ജൂൺ 12ന് കേരളത്തിലെ ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തന കേന്ദ്രങ്ങളിൽ ഒന്നായ കൊട്ടാരക്കര ആശ്രയയിൽ കേരളാ ധനകാര്യ മന്ത്രി എൻ. ബാലഗോപാൽ പരിപാടി ഉദ്ഘാടനം ചെയ്യും. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, കെ. ജയകുമാർ ഐ.എ.എസ്, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ സെക്രട്ടറിയുമായ ജോർജ് എബ്രഹാം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുമെന്ന് ജെസ്സി റിൻസിഅറിയിച്ചു. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു പ്രവാസി മലയാളി സംഘടന താങ്ക്സ് ഗിവിങ് ഡേ ആഘോഷിക്കുന്നത്.

പ്രശസ്ത ജീവകാരുണ്യ പ്രവർത്തകനായ ആശ്രയ ജോസ് നയിക്കുന്ന കൊട്ടാരക്കര ആശ്രയ, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെയും മാനസികമായി തകർന്നവരുടെയും അവസാന അത്താണിയാണ്.

ജീവകാരുണ്യ പ്രവർത്തന രംഗത്ത് മഹനീയ മാതൃകയായ കൊട്ടാരക്കര ആശ്രയയിൽ ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ താങ്ക്സ് ഗിവിങ് ഡേ ആഘോഷങ്ങൾ സംഘടിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് ജെസ്സി റിൻസി പറഞ്ഞു.

2025 ജൂൺ 12 രാവിലെ പത്തു മണിക്ക് നടക്കുന്ന ചടങ്ങിൽ കേരളത്തിലുള്ള എല്ലാ പ്രവാസി സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് ഷിക്കാഗോ മലയാളി അസോസിയേഷൻ അഭ്യർത്ഥിക്കുന്നതായി പ്രസിഡന്റ് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട് ഉൾപ്പെടെ ഷിക്കാഗോ മലയാളി അസോസിയേഷൻ ഡയറക്ടർ ബോർഡ് അഭ്യർത്ഥിച്ചു.

*ബിജു മുണ്ടക്കൽ*



# ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായി

ഷിക്കാഗോ: ഷിക്കാഗോ സെന്റ്മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ നേഴ്സസ് മിനിസ്ട്രിക്ക് ഔദ്യോഗികമായ തുടക്കം കുറിച്ചു. മെയ് 18 ഞായറാഴ്ച രാവിലെ പത്തുമണിക്കുള്ള വിശുദ്ധ കുർബ്ബാനയ്ക്ക്ശേഷം വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര എന്നിവരുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ട യോഗത്തോടുകൂടിയാണ് നേഴ്സസ് മിനിസ്ട്രിക്ക് തുടക്കമായത്.

ഫാ. സിജു മുടക്കോടിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ, നേഴ്സസ് മിനിസ്ട്രിയുടെ ആവശ്യകതയെക്കുറിച്ചും, ചരിത്രത്തെക്കുറിച്ചും ക്നാനായ റീജണിൽ നേഴ്സസ് മിനിസ്ട്രിയുടെ പ്രസക്തിയെക്കുറിച്ചും ഫാ. സിജു സംസാരിച്ചു. ദീർഘകാലം ഹോസ്പിറ്റൽ ചാപ്ലയിനായി സേവനം ചെയ്തിരുന്ന അവസരത്തിൽ രോഗികളുടെ ആരോഗ്യകാര്യങ്ങളിലുള്ള പരിപാലനത്തോടൊപ്പം, അവരുടെ ആത്മീയകാര്യങ്ങളിലും നിർണ്ണായകമായ ഇടപെടലുകളും സഹായങ്ങളും ക്രമീകരിക്കുന്നതിൽ നേഴ്സുമാർ കാണിച്ചിരുന്ന ശ്രദ്ധയും കരുതലും അദ്ദേഹം വിവരിച്ചു.

നേഴ്സസ് മിനിസ്ട്രിയുടെ കോർഡിനേറ്റർ ലിസി മുല്ലപ്പള്ളി നേഴ്സസ് മിനിസ്ട്രിയിലൂടെ ആത്മീയമായും ജോലിസംബന്ധമായും വളരുകയും പരസ്പരം പിന്തുണക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. ഷേർളി തോട്ടുങ്കൽ, ജൂലി കൊരട്ടിയിൽ, മാത്യൂസ് ജോസ്, ജീന കുരുട്ടുപറമ്പിൽ എന്നിവരെ ലിസി മുല്ലപ്പള്ളിയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയിലേക്ക് തെരെഞ്ഞെടുത്തു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തെൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ,ജോർജ്ജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണിമേലേടം, പി.ആർ.ഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ മിനിസ്ട്രിയുടെ ഉദ്ഘാടന യോഗത്തിന്റെ സജ്ജീകരണങ്ങൾക്ക് നേതൃത്വം നൽകി.

*അനിൽ മറ്റത്തിക്കുന്നേൽ*

# ഹൂസ്റ്റൺ ക്നാനായ ഇടവകയുടെ പാസ്റ്ററൽ സെന്ററിനു ശിലാസ്ഥാപനം



ഹ്യൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കാത്തോലിക്കാ ഫൊറോനാ ദൈവാലയത്തോടനുബന്ധിച്ച് പുതിയതായി നിർമ്മിക്കാനുദ്ദേശിക്കുന്ന അജപാലന മന്ദിരത്തിന്റെ ശിലാസ്ഥാപന കർമ്മം മെയ് 18 ഞായറാഴ്ച നടത്തപ്പെട്ടു. കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവാണ് ശിലാസ്ഥാപനകർമ്മം നിർവഹിച്ചത്.

അന്നു വൈകുന്നേരം ആറു മണിക്ക് നടന്ന ആഘോഷമായ ദിവ്യബലിക്ക് അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് മുഖ്യകാർമികത്വം വഹിച്ചു. വികാരി റവ. ഫാ. എബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

സഭയോടൊത്തു വളരുവാനും സഭയുടെ പ്രവർത്തനങ്ങളിൽ സജീവമാകുവാനും വേദപാഠ പഠനം ഇടവകയ്ക്ക് അനിവാര്യമാണെന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു.

ദിവ്യബലിക്ക് ശേഷം അഭിവന്ദ്യ പിതാവിനോടും വൈദികരോടുമൊപ്പം ഇടവകാംഗങ്ങൾ പ്രദിക്ഷിണമായി ശിലാസ്ഥാപനകർമത്തിനുള്ള സ്ഥലത്തേക്കു പോയി. തുടർന്ന് പിതാവ് ശില ആശിർവദിച്ച് വൈദികർക്കു കൈമാറി. കൈക്കാരന്മാരായ ഷാജുമോൻ മുകളേൽ, ബാബു പറയംകാലയിൽ, ജോപ്പൻ പൂവപ്പാടത്ത്, ഡി.ആർ.ഇ. ജോൺസൻ വട്ടമറ്റം എന്നിവർ ചേർന്ന് ശില സ്ഥാപിച്ചു.

തുടർന്ന് തിരുബാലസഖ്യം, മിഷൻലീഗ്, യൂത്ത് മിനിസ്ട്രി, വുമൺ മിനിസ്ടറി, മെൻ മിനിസ്ടറി, സീനിയേഴ്‌സ്, എന്നിവയിലെ അംഗങ്ങൾ ഉൾപ്പെടെ ഏവരും സ്വന്തം പേരുകൾ എഴുതിയ കല്ലുകൾ, പിതാവ് ആശീർവദിച്ചു സ്ഥാപിച്ച കല്ലിനോടു ചേർത്തുവച്ചു. സീനിയേഴ്‌സ് മിനിസ്ടറി, വുമൺ മിനിസ്ടറി എന്നിവരുടെ നേതൃത്വത്തിൽ പാചകം ചെയ്ത പിടിയും കോഴിയും സ്നേഹവിരുന്നായി ഏവരും ആസ്വദിച്ചു.

കുട്ടികളുടെയും യുവജനങ്ങളുടെയും മതബോധന പരിശീലനം, ഇടവകയിലെ വിവിധ ഭക്തസംഘടനകളുടെയും മിനിസ്റ്ററികളുടെയും പ്രവർത്തനം, പ്രാർത്ഥനാ ഗ്രൂപ്പുകൾ, ധ്യാനം, യുവജന പരിപാടികൾ, ഫൊറോനാതല അജപാലന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടിയാണ് ഇടവകയുടെ ഈ അജപാലനകേന്ദ്രം നിർമ്മിക്കുന്നത്.

ഇടവകാംഗങ്ങളുടെ ചിരകാല അഭിലാഷമായ ഈ പുതിയ ഈ സംരംഭത്തിന് ഇടവകാംഗങ്ങളുടെ സജീവ സാന്നിധ്യവും ഉണ്ടായിരുന്നു. ഭക്തിസാന്ദ്രമായ ഗാനങ്ങളാൽ ചടങ്ങുകൾ മനോഹരമാക്കിയ ഗായക സംഘവും, അൾത്താര ശുശ്രൂഷികളും ഈ തിരുക്കർമങ്ങൾക്കു മാറ്റുകൂട്ടി.

ഈ മനോഹര ചടങ്ങുകൾക്ക് പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജയിച്ചൻ തയ്യിൽ പുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലയിൽ , ജോപ്പൻ പൂവപ്പാടത്ത്, സിസ്റ്റർ റെജി എസ്.ജെ.സി, ജോസ് പുളിയ്ക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ, ബിബി തെക്കനാട്ട്, പാരിഷ് കൗൺസിൽ അംഗങ്ങൾ, വിവിധ മിനിസ്റ്ററികൾ തുടങ്ങിയവർ നേതൃത്വം നൽകി.

ഈ മംഗളകർമ്മം എല്ലാവരുടെയും സജീവ സാന്നിദ്ധ്യത്താലും സഹകരണത്താലും വൻ വിജയമാക്കിയതിന് വികാരി റവ. ഫാ. എബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ നന്ദി പ്രകാശിപ്പിച്ചു.





# ഷിക്കാഗോ എക്യൂമെനിക്കൽ കുടുംബ സംഗമം മെയ് 31ന്

ഷിക്കാഗോ: ഈ വർഷത്തെ എക്യൂമെനിക്കൽ ഫാമിലി നൈറ്റ് ഡിന്നർ ആൻഡ് കൾച്ചറൽ പ്രോഗ്രാം മെയ് 31 ഉച്ചകഴിഞ്ഞ് 4.30ന് സീറോ മലബാർ കത്തീഡ്രൽ പാരിഷ് ഹാളിൽ സ്നേഹ വിരുന്നോടെ നടത്തപ്പെടുന്നു. സീറോ മലബാർ സഭയുടെ അഭിവന്ദ്യ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് മുഖ്യ സന്ദേശം നൽകും.

ഇതിന്റെ ഡിന്നർ ടിക്കറ്റ് ഉദ്ഘാടനം കഴിഞ്ഞ കൗൺസിൽ മീറ്റിംഗിൽ എക്യൂമെനിക്കൽ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനും സീനിയർ മെമ്പറുമായ ജോൺ ഏലക്കാട്ട് സാറിന് ആദ്യ ടിക്കറ്റ് സീനിയർ വൈദികൻ റവ. റോയ് ഇടിക്കുള നൽകി. ടിക്കറ്റ് വില്പനയിൽ നിന്ന് ലഭിക്കുന്ന ഒരു വിഹിതം, നാട്ടിലെ നിർധനർക്ക് കുറച്ച് വർഷങ്ങളായി നൽകി സഹായമാകുന്നു.

ഈ വിരുന്നിൽ പങ്കെടുക്കുവാനും പള്ളികളുടെ ടാലന്റ് ഷോ കൾച്ചറൽ പ്രോഗ്രാം ആസ്വദിക്കുവാനും ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്തു കൊള്ളുന്നു.

കുടുംബവേദി സംഗമം വിജയപ്രദമാക്കുവാൻ റവറന്റ് ഫാദർ ജോയ്സ് പാപ്പൻ (പ്രോഗ്രാം ചെയർമാൻ), മാത്യു മാപ്പിളേട്ട് (കൺവീനർ), ജോൺസൺ വള്ളിയിൽ (പ്രോഗ്രാം കോർഡിനേറ്റർ), എന്നിവരെ കൗൺസിൽ തിരഞ്ഞെടുത്തു.

കൂടാതെ പ്രസിഡന്റ് ഫാദർ തോമസ് മാത്യു, വൈസ് പ്രസിഡന്റ് റവറന്റ് ബിജു യോഹന്നാൻ, സെക്രട്ടറി അച്ഛൻ കുഞ്ഞ് മാത്യു, ജോയിന്റ് സെക്രട്ടറി ബെഞ്ചമിൻ തോമസ്, ട്രഷറർ ജോർജ് മാത്യു, എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി സഹായിക്കുന്നു.

*സാം തേക്കനാൽ, ജോൺസൺ വള്ളിയിൽ*

## വെസ്റ്റ് ബാങ്കിൽ നയതന്ത്ര സംഘത്തിന്റെ സന്ദർശനത്തിനിടെ വെടിവെയ്പ്പ്; അസ്വീകാര്യമെന്ന് മാർക്ക് കാർണി

ഒട്ടാവ: വെസ്റ്റ് ബാങ്കിൽ കനേഡിയൻമാർ ഉൾപ്പെടെയുള്ള നയതന്ത്ര പ്രതിനിധി സംഘം സന്ദർശനം നടത്തുന്നതിനിടെ ഇസ്രായേൽ സൈന്യം നടത്തിയ വെടിവയ്പ്പ് തികച്ചും അസ്വീകാര്യമാണ് എന്ന് പ്രധാനമന്ത്രി മാർക്ക് കാർണി പറഞ്ഞു.

'എന്താണ് സംഭവിച്ചതെന്ന് ഉടനടി വിശദീകരണം പ്രതീക്ഷിക്കുന്നു. ഇത് പൂർണ്ണമായും അസ്വീകാര്യമാണ്,' കാർണി ഒരു വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സംഭവത്തിന് പിന്നാലെ വിദേശകാര്യ മന്ത്രി അനിത ആനന്ദ് ഒട്ടാവയിലെ ഇസ്രായേൽ അംബാസഡറെ വിളിച്ചുവരുത്തി. അതേസമയം ഇസ്രായേൽ പ്രതിരോധ സേന (IDF) വെടിയുതിർത്തതായി സമ്മതിച്ചു. സംഘം അംഗീകൃത റൂട്ടിൽ നിന്ന് വ്യതിചലിച്ചുവെന്നാണ് ഐഡിഎഫ് അവകാശപ്പെടുന്നത്. അസൗകര്യത്തിൽ ഖേദിക്കുന്നുവെന്നും ഐഡിഎഫ് കൂട്ടിച്ചേർത്തു.

## രമേശ് ചെന്നിത്തലയ്ക്ക് ഷിക്കാഗോ ലീഡേഴ്സ് പൗരസ്വീകരണം നൽകി



ഷിക്കാഗോ: ഹൃസ്വ സന്ദർശനാർത്ഥം ഷിക്കാഗോയിൽ എത്തിയ കോൺഗ്രസ് നേതാവ് രമേശ ചെന്നിത്തലയ്ക്ക് ലീഡേഴ്സ് ക്ലബ് പയനിയറും ഷിക്കാഗോയുടെ സാമൂഹിക സംഘടനാതലങ്ങളിലെ നിറസാന്നിദ്ധ്യവുമായ ജോസ് മണക്കാടിന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് ക്നാനായ കമ്മ്യൂണിറ്റി ഹാളിൽ വച്ച് മേയ് 19ന് പൗരസ്വീകരണം നൽകി. കേരള രാഷ്ട്രീയത്തിൽ കഴിഞ്ഞ 28 വർഷങ്ങളായി വിവിധ നേതൃത്വ തലങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച രമേശ് ചെന്നിത്തലയെ ഷിക്കാഗോയിലെ മുതിർന്ന പൗരൻ ചന്ദ്രൻപിള്ള ബൊക്ക നൽകി ആദരിച്ചു. വലിയ ആശംസ പ്രസംഗങ്ങൾ ഇല്ലാതെ ചിട്ടയോടെ ക്രമീകരിച്ച യോഗത്തിൽ കേരള രാഷ്ട്രീയത്തിലെ ഇന്നത്തെ അവസ്ഥയെപ്പറ്റിയും വരുന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന്റെ പ്രവർത്തന രീതികളെപ്പറ്റിയും ആമുഖമായി രമേശ് ചെന്നിത്തല സംസാരിച്ചു. നേതാക്കന്മാർ കസേരക്കായി അടിപിടി കൂടാതിരുന്നാൽ ജനം യു.ഡി.എഫിന് വോട്ടു ചെയ്യും എന്നാണ് ജനം പറയുന്നതെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന ചോദ്യോത്തരവേളയിൽ ഷിക്കാഗോയിലെ ഏകദേശം 75ഓളം വരുന്ന നേതാക്കന്മാർ പങ്കെടുത്തു.

ജനനന്മയ്ക്കായി ഒരുമിക്കാവുന്ന ജനോപകാര പ്രദമായ കാര്യങ്ങളിൽ വിഭാഗീയത മറന്ന് പ്രവർത്തിച്ചാൽ എവിടെയും നല്ല ഭരണം കാഴ്ച വെയ്ക്കാമെന്നും അതുപോലെ ഒന്നു വിഭാവനം ചെയ്താണ് അദ്ദേഹം പ്രവർത്തിക്കുന്നതെന്നും അതിനുവേണ്ടി എന്തു ത്യാഗം ചെയ്യുന്നതിനും താൻ ഒരുക്കമാണെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. ജോസ് മണക്കാടിന്റെ നന്ദി പ്രകാശനത്തോടെ യോഗം അവസാനിച്ചു.




# എൻ.എച്ച് 66: ഭീതിയിലാഴ്ത്തി വീണ്ടും തകർച്ച പലയിടത്തും

തൃശൂർ: നിർമ്മാണത്തിൽ അശാസ്ത്രീയതയെന്ന ആക്ഷേപം ശക്തമായിരിക്കെ, കനത്ത മഴയിൽ ഇന്നലെയും ദേശീയപാത 66 പലയിടത്തും ഇടിഞ്ഞു. തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണിത്. ഇതോടെ നാട്ടുകാരുടെ ആശങ്കയേറി. പലയിടത്തും പ്രതിഷേധമുണ്ടായി.

കാസർകോട്ട് കാഞ്ഞങ്ങാട് മാവുങ്കാലിലും ചെമ്മട്ടംവയലിനുമിടയിലെ സർവീസ് റോഡ് ഇടിഞ്ഞു താണു. ഇതേഭാഗത്ത് ദേശീയപാതയിൽ 20 മീറ്ററോളം നീളത്തിൽ വലിയ വിള്ളലുണ്ടായി. തൃശൂരിൽ ചാവക്കാട് മണത്തല ശ്രീവിശ്വനാഥ ക്ഷേത്രത്തിന് സമീപത്തെ അടിപ്പാതയുടെ മുകളിലെ പാലത്തിൽ അമ്പതോളം മീറ്റർ നീളത്തിൽ വിള്ളൽ രൂപപ്പെട്ടു.

കോഴിക്കോട് കൊയിലാണ്ടിയിൽ ദേശീയപായോട് ചേർന്ന് കുന്ന്യോറ മലയിൽ മണ്ണിടിച്ചിൽ തടയാൻ സോയിൽ നെയിലിംഗ് നടത്തിയ ഭാഗത്ത് വിള്ളലുണ്ടായി. മലയിടിച്ചാണ് ദേശീയപാത നിർമ്മിച്ചത്. കണ്ണൂർ തളിപ്പറമ്പ് കുപ്പത്ത് ദേശീയപാതയിൽ മണ്ണിടിഞ്ഞു. മണ്ണും ചെളിവെള്ളവും സമീപത്തെ വീടുകളിലേക്ക് ഒഴുകിയെത്തി.

കാഞ്ഞങ്ങാട്ട് സർവീസ് റോഡ് തകർന്നതിനെ തുടർന്ന് വാഹനങ്ങൾ വഴിതിരിച്ചുവിട്ടു. ഇവിടെ ഓവുചാൽ പണികൾ പൂർത്തിയായിരുന്നില്ല. മഴയത്ത് കുത്തിയൊലിച്ചെത്തിയ വെള്ളത്തിൽ റോഡ് ഇടിയുകയായിരുന്നു.



ചാവക്കാട് മണത്തലയിലെ പാലത്തിൽ ടാറിംഗ് പൂർത്തിയായ ഭാഗത്താണ് ആഴത്തിൽ വിള്ളലുണ്ടായത്. വീണ്ടും ടാറിട്ട് വിള്ളൽ അടയ്ക്കാൻ അധികൃതർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. തളിപ്പറമ്പ് കുപ്പത്ത് ദേശീയപാതയിൽ ഇടിഞ്ഞ മണ്ണും ചെളിയും സമീപത്തെ വീടുകളിലേക്ക് ഒഴുകിയെത്തി സാധനങ്ങളടക്കം നശിച്ചതിനെ തുടർന്ന് നാട്ടുകാർ ദേശീയപാത ഉപരോധിച്ചു.

### കൂരിയാടിൽ മണ്ണിന്റെ പ്രശ്നം

റോഡിന്റെ അടിത്തട്ടിലെ മണ്ണിന്റെ പ്രശ്നമാണ് മലപ്പുറം കൂരിയാടിൽ കഴിഞ്ഞ ദിവസം ദേശീയപാത ഇടിയാൻ കാരണമെന്ന് സ്ഥലം സന്ദർശിച്ച ദേശീയപാത അതോറിറ്റി നിയോഗിച്ച വിദഗ്ദ്ധ സംഘത്തിന്റെ പ്രാഥമിക വിലയിരുത്തൽ.

സിമന്റ് കട്ട കൊണ്ട് റീട്ടെയിനിംഗ് വാൾ നിർമ്മിച്ചതിൽ അശാസ്ത്രീയതയില്ല. പാതയുടെ രൂപകല്പനയടക്കം വിശദമായി പരിശോധിച്ചശേഷം അതോറിറ്റിക്ക് റിപ്പോർട്ട് കൈമാറും.

''ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായ അനിഷ്ടസംഭവങ്ങൾ തീർത്തും ദൗർഭാഗ്യകരം. നാഷണൽ ഹൈവേ അതോറിറ്റിയുടെ ടെക്നിക്കൽ ടീം പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ട് ചർച്ച ചെയ്ത് തുടർനടപടികൾ തീരുമാനിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി.എ.മുഹമ്മദ് റിയാസ് പറഞ്ഞു.


### സ്മാർട്ട് റോഡ് ഉദ്ഘാടന വിവാദം; വാർത്ത നിഷേധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസ്

തിരു.: സി.പി.എം മന്ത്രിമാർ തമ്മിൽഅവകാശത്തർക്കമുണ്ടായതിനെ തുടർന്ന് നഗരത്തിലെ സ്മാർട്ട് റോഡുകളുടെ ഉദ്ഘാടന ചടങ്ങിൽ നിന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിട്ടു നിന്നുവെന്ന പ്രചാരണം അദ്ദേഹത്തിന്റെ ഓഫീസ് നിഷേധിച്ചു.

'12 സ്മാർട്ട് റോഡുകൾ ഉൾപ്പെടെ സംസ്ഥാനത്ത് പൂർത്തിയാക്കിയ 62 റോഡുകളുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ചില മാദ്ധ്യമങ്ങൾ പ്രചരിപ്പിക്കുന്ന വാർത്തകൾ അസംബന്ധമാണ്. മേയ് 16ന് മുഖ്യമന്ത്രി ആരോഗ്യപരമായ കാരണങ്ങളാൽ ഉച്ചക്ക് ശേഷമുള്ള മൂന്ന് പരിപാടികൾ റദ്ദാക്കിയിരുന്നു. കാലവർഷ മുൻകരുതലുമായി ബന്ധപ്പെട്ട് വിളിച്ച പുനരവലോകന യോഗവും റോഡ് ഉദ്ഘാടനവും സ്റ്റുഡന്റ് പൊലീസ് കേഡറ്റുകളുടെ പരിപാടിയുമാണ് ഇവ. ഇക്കാര്യം വിവിധ മാദ്ധ്യമങ്ങൾ അന്ന് റിപ്പോർട്ട് ചെയ്തതുമാണ്. എന്നാൽ പിന്നീട് മറ്റെന്തോ കാരണങ്ങൾ കൊണ്ടാണ് റോഡ് ഉദ്ഘാടന പരിപാടിയിൽ മാത്രം പങ്കെടുക്കാത്തതെന്ന രീതിയിൽ വാർത്തകൾ പ്രചരിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെനാലാംവാർഷികപരിപാടിവിജയകരമായി മുന്നേറുമ്പോൾ അതിന്റെ ശോഭ കെടുത്താനുള്ള രാഷ്ട്രീയ ലക്ഷ്യത്തിന്റെ ഭാഗമാണ്'. മുഖ്യമന്ത്രിയുടെ ഓഫീസ് വാർത്താകുറിപ്പിൽ പറഞ്ഞു.

പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസിന്റെ സാന്നിധ്യത്തിൽ മന്ത്രി വി. ശിവൻകുട്ടിയാണ് ഉദ്ഘാടനം നിർവഹിച്ചത്. തദ്ദേശ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ അസാനിദ്ധ്യമാണ് വിവാദത്തിന് കാരണമായത്. തദ്ദേശ വകുപ്പിനെ വെട്ടി പൊതുമരാമത്ത് മന്ത്രി പി.എ.മുഹമ്മദ് റിയാസ് പദ്ധതിയുടെ പൂർണമായ ക്രെഡിറ്റ് ഏറ്റെടുക്കാൻ ശ്രമിച്ചുവെന്ന് ആക്ഷേപമുണ്ടായെന്നും വാർത്ത പ്രചരിച്ചു. മന്ത്രിസഭായോഗത്തിൽ എം.ബി. രാജേഷ് അതൃപ്തി അറിയിച്ചെന്നും വാർത്തകൾ വന്നു. എന്നാൽ താൻ ആരോടും പരാതി പറഞ്ഞിട്ടില്ലെന്നും,പ്രചരിക്കുന്ന വാർത്തകളിൽ വാസ്തവമില്ലെന്നും മന്ത്രി രാജേഷ് പറഞ്ഞു.






# കേരളത്തിന് വീണ്ടും കേന്ദ്രത്തിന്റെ കടുംവെട്ട്

തിരുവനന്തപുരം: കടമെടുപ്പ് പരിധിയിൽ 8000 കോടി വെട്ടിക്കുറച്ചതിനു പിന്നാലെ നികുതി വിഹിതത്തിലും 965 കോടി കേന്ദ്രസർക്കാർ നിഷേധിച്ചു. കേന്ദ്രഗ്രാന്റിലും വായ്പാപരിധിയിലും ഒരോ കാരണം പറഞ്ഞ് വർഷം തോറും കുറവ് വരുത്തുന്നതിന് പുറമെയാണ് പുതിയ കാരണം പറഞ്ഞ് സാമ്പത്തിക അവകാശം വെട്ടിക്കുറയ്ക്കുന്നതെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സംസ്ഥാനങ്ങളുടെ റവന്യൂ ചെലവിൽ 53% കേന്ദ്ര വിഹിതമാണ്. കേരളത്തിന് മാത്രം അത് 26 ശതമാനമായി പരിമിതപ്പെടുത്തി. ഇതാണ് വിവേചനം. ഇതിന് പുറമെയാണ് ഇപ്പോൾ, ഐ.ജി.എസ്.ടി. വിഹിതത്തിൽ 965കോടി വെട്ടിക്കുറച്ചത്. ഏപ്രിലിൽ ഐ.ജി.എസ്.ടി ഇനത്തിൽ ലഭിക്കേണ്ട 1700 കോടി രൂപയിൽനിന്നാണ് നേരത്തെയുള്ള പൂളിലെ നഷ്ടം കണക്കാക്കി 965.16 കോടി രൂപ കുറച്ചു നൽകിയത്.

വ്യാപാര സ്ഥാപനങ്ങൾ നൽകിയ കണക്കുകളിൽ തട്ടിപ്പു നടന്നതിന്റെ പേരിൽ കേന്ദ്രത്തിനുണ്ടായ വരുമാന നഷ്ടം നികത്താനാണ് സംസ്ഥാനങ്ങൾക്കു പങ്കുവയ്ക്കേണ്ട നികുതിയിൽ കുറവു വരുത്തിയത്. ഐ.ജി.എസ്.ടിയിൽ സങ്കേതിക പിഴവുകളുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടും കേന്ദ്രം നടപടിയെടുത്തില്ല. അതിലൂടെ നഷ്ടമുണ്ടായപ്പോൾ സംസ്ഥാനങ്ങളുടെ വിഹിതത്തിൽ കൈവെയ്ക്കുകയായിരുന്നു.



### വായ്പാ പരിധിയിൽ കുറച്ചത് 3300 കോടി


പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിനും വായ്പയ്ക്കും ഗ്യാരന്റി നിൽക്കുന്നതിന്റെ പേരിൽ ഈ വർഷം വായ്പയെടുക്കാവുന്ന തുകയിൽ നിന്ന് 3300 കോടി രൂപ കുറച്ചിരുന്നു. ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടിന്റെ പേര് പറഞ്ഞാണ് വായ്പാനുപാതത്തിൽ കുറവ് വരുത്തിയത്. 80,000 കോടി രൂപയ്ക്കാണ് സംസ്ഥാനം ഗ്യാരന്റി നിൽക്കുന്നത്. ഇതിന്റെ അഞ്ചു ശതമാനം ഗ്യാരന്റി റിഡംപ്ഷൻ ഫണ്ടായി മാറ്റിവയ്ക്കണമെന്നാണ് ഈ വർഷം വായ്പയെടുക്കുന്നതിനുള്ള നിബന്ധനയായി കേന്ദ്രം പറഞ്ഞത്. അങ്ങനെ ചെയ്തില്ലെങ്കിൽ വായ്പയെടുക്കാവുന്നതിൽ നിന്ന് ജി.എസ്.ഡി.പിയുടെ 0.25 ശതമാനമായ 3300 കോടി രൂപ കുറയ്ക്കുമെന്നാണ് കഴിഞ്ഞദിവസം കത്ത് മുഖേനെ അറിയിച്ചത്. പിന്നാലെ തുക കുറയ്ക്കുകയും ചെയ്തു.

കിഫ്ബിയുടേയും സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡിന്റെയും വായ്പകളുടെ പേരിൽ 4710കോടി കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറച്ചിരുന്നു. ഈ വർഷം ഡിസംബർ വരെ 29,529 കോടിയാണ് വായ്പയെടുക്കാവുന്നതെന്ന് അറിയിച്ചിട്ടുള്ളത്.

### അഞ്ചു വർഷം കൂടുമ്പോൾ കടബാദ്ധ്യത ഇരട്ടിയാവും

ഒരോ അഞ്ച് വർഷം കൂടുന്തോറും ആകെ കട ബാധ്യത ഇരട്ടിയാകുന്നതാണ് മൂന്ന് പതിറ്റാണ്ടായി കേരളത്തിലെ സ്ഥിതിവിശേഷമെന്ന് മന്ത്രി പറഞ്ഞു. അതിന്റെ കണക്കും ചൂണ്ടിക്കാട്ടി

# ഇനിയും അപമാനിച്ചാൽ പലതും തുറന്ന് പറയേണ്ടി വരുമെന്ന് പി. രാജുവിന്റെ ഭാര്യ



കൊച്ചി: സി.പി.ഐ മുൻ സംസ്ഥാന സമിതി അംഗവും മുൻ എറണാകുളം ജില്ലാ സെക്രട്ടറിയുമായ പി. രാജുവിന്റെ മരണവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ അന്വേഷിക്കാൻ പാർട്ടി നിയോഗിച്ച കമ്മിഷനെതിരെ വിമർശനവുമായി രാജുവിന്റെ ഭാര്യ ലതിക രംഗത്ത്. രാജുവിനെതിരായ അപവാദ പ്രചാരണങ്ങൾ ഇനിയെങ്കിലും അവസാനിപ്പിച്ചില്ലെങ്കിൽ പലതും പരസ്യമായി പറയേണ്ടി വരുമെന്ന് ലതിക ഫേസ്ബുക്ക് പോസ്റ്റിൽ മുന്നറിയിപ്പു നൽകി.

ജീവിച്ചിരുന്നപ്പോഴോ മരണശയ്യയിലോ രാജുവിന് നീതി കിട്ടിയില്ല. ഏതോ അന്വേഷണ കമ്മിഷന്റെ പേരിലാണ് പുതിയ അപമാനിക്കൽ. ഒരു കമ്മിഷനും വിവരങ്ങൾ ചോദിക്കാൻ വീട്ടിൽ വന്നിട്ടില്ല. തങ്ങളുടെ കുടുംബം രാജുവിന്റേതു മാത്രമല്ല, സഖാവ് എൻ. ശിവൻപിള്ളയുടേത് കൂടിയാണെന്നും പോസ്റ്റിൽ ഓർമ്മിപ്പിക്കുന്നു.

ഇവിടെ വരാൻ ഒരു സഖാവും ഭയപ്പെടേണ്ടതില്ല. രാജുവിന്റെ മൃതദേഹം പാർട്ടി ഓഫീസുകളിൽ വയ്ക്കേണ്ടതില്ലെന്നും അദ്ദേഹത്തെ വല്ലാതെ ദ്രോഹിച്ച രണ്ട് മൂന്നു വ്യക്തികൾ ഇങ്ങോട്ട് വരേണ്ടതില്ലെന്നും പറഞ്ഞത് കുടുംബത്തിന്റെ തീരുമാനമാണ്. ആരും തെറ്റിദ്ധരിപ്പിച്ചിട്ടല്ല, ശരിയായ ധാരണയിലാണ് അന്ന് ആ തീരുമാനമെടുത്തത്. ഇനിയും അപമാനം തുടർന്നാൽ എന്തുകൊണ്ട് ആ തീരുമാനങ്ങൾ എടുത്തു എന്നത് തെളിവു നിരത്തി പറയാൻ നിർബന്ധിതയാകുമെന്നും ലതിക സൂചിപ്പിച്ചു.

പി. രാജുവിന്റെ മരണത്തെ തുടർന്ന് പാർട്ടിയിൽ ഉടലെടുത്ത പ്രശ്നങ്ങൾ അന്വേഷിക്കാൻ പാർട്ടി നിയോഗിച്ച ടി. രഘുവരൻ, രാജേഷ് കാവുങ്കൽ, പി.കെ. രാജേഷ് എന്നിവരുൾപ്പെട്ട കമ്മിഷന്റെ റിപ്പോർട്ടിന് ജില്ലാ കൗൺസിൽ കഴിഞ്ഞ ദിവസം അംഗീകാരം നൽകിയിരുന്നു. നേതാക്കളായ കെ.എൻ. സുഗതൻ, സഞ്ജിത്ത്, കെ.എൻ. ഗോപി, എം.ടി. നിക്സൺ, റെജിമോൻ, ബാബു പോൾ, കെ.ആർ. റെനീഷ് തുടങ്ങി ഏഴ് പേർ കുറ്റക്കാരാണെന്ന അന്വേഷണ കമ്മിഷന്റെ കണ്ടെത്തലാണ് ജില്ലാ കമ്മറ്റി ശരിവച്ചത്. ഇതിനു പിന്നാലെയാണ് ലതികയുടെ ഫേസ്ബുക്ക് പോസ്റ്റെന്നതും ശ്രദ്ധേയം.













# വേടനെ അധിക്ഷേപിച്ച് ശശികല, 'കഞ്ചാവ് ഉപയോഗിക്കുന്നവർ പറയുന്നത് കേൾക്കരുത്'



പാലക്കാട്: റാപ്പർ വേടനെ കടുത്ത ഭാഷയിൽ അധിക്ഷേപിച്ച് ഹിന്ദു ഐക്യവേദി മുഖ്യരക്ഷാധികാരി കെ.പി.ശശികല. വേടന്മാരുടെ തുണിയില്ലാച്ചാട്ടങ്ങൾക്ക് മുമ്പിലാണ് സമാജം അപമാനിക്കപ്പെടുന്നതെന്ന് അവർ പറഞ്ഞു. പാലക്കാട് കളക്ടറേറ്റിന് മുന്നിൽ ഹിന്ദു ഐക്യവേദി സംഘടിപ്പിച്ച പരിപാടിയിലാണ് വേടനെതിരെ ശശികല രംഗത്തെത്തിയത്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് തനതായ എന്തെല്ലാം കലാരൂപങ്ങളുണ്ട്? റാപ്പ് സംഗീതമാണോ അവരുടെ തനതായ കലാരൂപം? ഗോത്രസംസ്കൃതി അതാണോ? അവരുടെ വ്യക്തിത്വം ഉറപ്പിക്കേണ്ടത് അതിലൂടെയാണോ? പട്ടികജാതി, പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ചെലവഴിച്ച് പാലക്കാട്ട് ഒരു പരിപാടി നടത്തുമ്പോൾ പട്ടികജാതി, പട്ടികവർഗ വിഭാഗവുമായി പുലബന്ധം പോലുമില്ലാത്ത റാപ്പ് മ്യൂസിക്കാണോ നടത്തേണ്ടത്?

കഞ്ചാവ് ഉപയോഗിക്കുന്നവർ പറയുന്നതേ കേൾക്കൂ എന്ന ഭരണരീതി മാറ്റണം. വേദിയിലെത്തിച്ച്, അതിന്റെ മുന്നിൽ പതിനായിരങ്ങൾ തള്ളേണ്ടി വരുന്ന, തുള്ളിക്കേണ്ടി വരുന്ന ഗതികേട്, ആടിക്കളിക്കെടാ കുഞ്ഞിരാമാ ചാടിക്കളിക്കെടാ കുഞ്ഞിരാമാ എന്ന് പറഞ്ഞ്, കുഞ്ഞിരാമന്മാരെ ചാടിക്കളിപ്പിക്കുന്ന സംവിധാനങ്ങൾ അവസാനിപ്പിക്കാൻ സമയമായി. ഭരണകൂടത്തിന് മുന്നിൽ കെഞ്ചാനല്ല, ആജ്ഞാപിക്കാനാണ് ഹിന്ദു ഐക്യവേദി എത്തിയിരിക്കുന്നതെന്നും അവർ പറഞ്ഞു.















# വിളയാടി ഇ.ഡി; വേലി പണിത് വിളക്കൊയ്ത്ത്

വിസ്മയം വിതറിയ വേട്ടകളിലൂടെ വമ്പന്മാരെ അകത്താക്കിയതു വഴി സി.ബി.ഐയെയും എൻ.ഐ.എ യെയും പിന്നിലാക്കി ഹീറോ പരിവേഷമെടുത്തണിഞ്ഞ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്(ഇ.ഡി) വിശ്വാസ്യത അടിക്കടി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണിപ്പോൾ. കള്ളപ്പണവും അഴിമതിയും കണ്ടെത്താൻ നിയോഗിക്കപ്പെട്ട ഇ.ഡി ഉദ്യോഗസ്ഥർ 'വേലിതന്നെ വിള തിന്നുന്നു' എന്ന ചൊല്ലിനെ അന്വർഥമാക്കി, കൈക്കൂലിക്കേസിലും അകപ്പെടുന്നു. കേസ് ഒതുക്കാൻ കൈക്കൂലി വാങ്ങുന്ന കേസിൽ പ്രമുഖ ഇ.ഡി ഉദ്യോഗസ്ഥൻ കേരളത്തിലും പിടിയിലായി. കൊച്ചി ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ശേഖർകുമാറാണ് കൈക്കൂലിക്കേസിൽ കുരുങ്ങിയത്.

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ചട്ടുകമായി മാറി ഇ.ഡിയെന്ന ആരോപണം കുറേക്കാലമായി വ്യാപകമായിരുന്നു. ബി.ജെ.പി ഇതര കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലെല്ലാം തന്നെ ഇത്തരത്തിലാണ് ഇ.ഡിയുടെ പ്രവർത്തനമെന്ന ആരോപണം തള്ളിക്കളയാനാകുമായിരുന്നില്ല. സുപ്രീം കോടതിയിൽ നിന്ന് ഇ.ഡി നിരന്തരം വിമർശനം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയുമാണ്. തെളിവില്ലാതെ ആരോപണം ഉന്നയിക്കുന്നത് ഇ.ഡി ശീലമാക്കിയിരിക്കുന്നുവെന്നും നിരവധി കേസുകളിൽ ഈ പ്രവണത ബോധ്യമായെന്നും സുപ്രീംകോടതി കുറ്റപ്പെടുത്തിയത് രണ്ടാഴ്ച മുമ്പാണ്.

ഛത്തീസ്ഗഢിലെ മദ്യഅഴിമതിയുമായി ബന്ധപ്പെട്ട കേസിലാണ് ജസ്റ്റിസുമാരായ അഭയ് എസ്.ഓഖും ഉജ്ജൽ ഭുയാനും ഉൾപ്പെട്ട സുപ്രീംകോടതി ബഞ്ച്, ഇ.ഡി കള്ളക്കേസുകൾ ചുമത്തുന്നതായി നിരീക്ഷിച്ചത്.

കേരളമുൾപ്പെടെ പ്രതിപക്ഷ കക്ഷികൾ ഭരണത്തിലിരിക്കുന്ന സംസ്ഥാനങ്ങളിലാണ് ഇ.ഡി. ചുറ്റിക്കറങ്ങുന്നത്. സ്വർണക്കടത്ത് കേസ്, ലൈഫ് മിഷൻ, കുരുവന്നൂർ ബാങ്ക് തട്ടിപ്പ്, മുഖ്യമന്ത്രിയുടെ മകൾ വീണ ഉൾപ്പെട്ട മാസപ്പടി കേസ്, വിവാദമായ എമ്പുരാൻ സിനിമയുടെ നിർമാതാവ് ഗോകുലം ഗോപാലൻ ഉൾപ്പെട്ട കേസ് എന്നിങ്ങനെ നീളുന്നു കേരളത്തിൽ ഇ.ഡി കൈകാര്യം ചെയ്യുന്ന കേസുകൾ. ഇതിൽ മിക്കതും രാഷ്ട്രീയ പ്രേരിതവും വ്യാജവുമാണെന്നാണ് സംസ്ഥാന സർക്കാർ നിലപാട്. ഭരണരംഗത്ത് പ്രതിസന്ധി സൃഷ്ടിക്കാനും ബി.ജെ.പി ഇതര പാർട്ടി നേതാക്കളെ വേട്ടയാടാനും കെട്ടിച്ചമച്ചതാണ് കേസുകളിലേറെയുമെന്ന് അവർ കുറ്റപ്പെടുത്തുന്നു. ഈ ആരോപണത്തെ സാധൂകരിക്കുന്നതാണ് കൈക്കൂലി കേസിൽ ഇ.ഡി ഉദ്യോഗസ്ഥർ നിരന്തരം പിടിയിലാകുന്ന സംഭവം.



നിരവധി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പലപ്പോഴും പിടിയിലായിട്ടുണ്ട്. ഇ.ഡി. ഷിംല യൂണിറ്റ് അസി. ഡയറക്ടർ വിശാൽദീപ്, മുംബൈ അസി. ഡയറക്ടർ സന്ദീപ് സിംഗ് യാദവ്, ഇംഫാൽ യൂണിറ്റിലെ സബ്സോണൽ ഓഫീസ് ഉദ്യോഗസ്ഥൻ നവൽ കിഷോർ മീണ, ബംഗ്ളൂരുവിലെ ഇ.ഡി ഉദ്യോഗസ്ഥൻ ചന്നകേശവലു എന്നിവർ ഇവരിൽ ചിലർ മാത്രം. സ്കോളർഷിപ്പ് അഴിമതിയുമായി ബന്ധപ്പെട്ട കേസിൽ മൂന്ന് വർഷം പഴക്കമുള്ള കേസ് ഒഴിവാക്കാൻ 60 ലക്ഷം രൂപയാണ് ഇ.ഡി. ഷിംല യൂണിറ്റ് അസി. ഡയറക്ടർ വിശാൽദീപ് കൈക്കൂലി ആവശ്യപ്പെട്ടത്. മുംബൈയിലെ വി.എസ്. ഗോൾഡ് കമ്പനിയിലെ റെയ്ഡിൽ കണ്ടെത്തിയ സമ്പത്തിക ക്രമക്കേടുകളിൽ കേസ് ഒഴിവാക്കാൻ 25 ലക്ഷം രൂപ മുംബൈ അസി. ഡയറക്ടർ സന്ദീപ് സിംഗ് യാദവ് ആവശ്യപ്പെട്ടു. പണം നൽകിയില്ലെങ്കിൽ ജ്വല്ലറി ഉടമയുടെ മകനെ അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ചിട്ടി കേസുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങുന്നതിനിടെയാണ് ഇംഫാലിലെ ഇ.ഡി. ഉദ്യോഗസ്ഥൻ നവൽ കിഷോർ മീണ പിടിയിലായത്.

ബംഗ്ളൂരുവിലെ ഹോട്ടൽ മുതലാളിയിൽ നിന്ന് കൈക്കൂലി ആവശ്യപ്പെട്ട കേസിൽ ബംഗ്ളൂരുവിലെ ഇ.ഡി ഉദ്യോഗസ്ഥൻ ചന്നകേശവലുവിനെ സി.ബി.ഐ പൊക്കിയതോടെ പുറത്തുവന്ന വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ വല്ലാതെ പ്രതിരോധത്തിലാക്കി. കേസുകളിൽ നിന്ന് പ്രതികളെ രക്ഷപ്പെടുത്തി മാത്രമല്ല പണം പിടുങ്ങൽ. നിരപരാധികൾക്കെതിരെ കള്ളക്കേസ് ചുമത്തിയും ഇ.ഡി. ഉദ്യോഗസ്ഥർ പണം തട്ടുന്നുവെന്ന വാർത്ത ശരി വയ്ക്കുന്നതായി ചന്നകേശവലുവിന്റെ അറസ്റ്റിലേക്ക് നയിച്ച സംഭവങ്ങൾ. ഹോട്ടലിനെതിരെ യാതൊരു പരാതിയുമില്ലാതെയാണ് ചന്നകേശവലു റെയ്ഡ് നടത്തിയത്. തുടർന്ന് അനധികൃത പണമിടപാട് കണ്ടെത്തിയെന്നും രണ്ട് കോടി രൂപ തന്നാൽ കേസിൽ നിന്നൊഴിവാക്കിത്തരാമെന്നും ഹോട്ടൽ ഉടമയെ അറിയിച്ചു.

ബി.ജെ.പിയും എൻ.ഡി.എയിലെ സഖ്യകക്ഷികളും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ഇ.ഡിയുടെ സാന്നിധ്യം കുറവാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കള്ളപ്പണ കേസുകളോ സാമ്പത്തിക ക്രമക്കേടുകളോ ഇല്ലാത്തതു കൊണ്ടല്ല, അത് കണ്ട ഭാവം നടിക്കാറില്ലത്രേ അവിടെ ഇ.ഡി ഉദ്യോഗസ്ഥർ. അഥവാ നിർബന്ധിതാവസ്ഥയിൽ അന്വേഷിക്കേണ്ടി വന്നാൽ കേന്ദ്ര ഭരണ കക്ഷിയെ പ്രതികൂലമായി ബാധിക്കാത്ത വിധം കാര്യങ്ങൾ അവസാനിപ്പിക്കും. ഇതിന് മികച്ച ഉദാഹരണമായി മാറി കേരള രാഷ്ട്രീയത്തിൽ കോളിളക്കം സൃഷ്ടിച്ച കൊടകര കുഴൽപ്പണ കേസ് സംബന്ധമായ ഇ.ഡി അന്വേഷണം. 2021ലെ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്താണ് കൊടകരയിൽ നിന്ന് മൂന്നര കോടി രൂപ കൊള്ളയടിച്ച കേസ് ഉയർന്നത്. തിരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ പ്രചാരണത്തിനു വേണ്ടി കൊണ്ടുവന്ന കള്ളപ്പണമായിരുന്നു ഇതെന്ന് ബി.ജെ.പി മുൻ ഓഫീസ് സെക്രട്ടറിയടക്കം ബന്ധപ്പെട്ടവരുടെ മൊഴികളിൽ നിന്ന് വ്യക്തമായി. എന്നാൽ അതിന്റെ രാഷ്ട്രീയമാനത്തെക്കുറിച്ച് മിണ്ടാതെ കേവലം ഒരു ഹൈവേ കൊള്ളയെന്ന മട്ടിലാണ് കേസ് അന്വേഷിച്ച ഇ.ഡി കോടതിയിൽ കുറ്റപത്രം നൽകിയത്. ഇപ്പോൾ കൈക്കൂലി കേസിൽ അകപ്പെട്ട കൊച്ചി ഇ.ഡി. അസിസ്റ്റന്റ് ഡയറക്ടർ ശേഖർ കുമാറായിരുന്നു കൊടകര കുഴൽപ്പണ കേസ് അന്വേഷിച്ചത്.

യു.പി.എ സർക്കാരിന്റെ അഴിമതിയും കള്ളപ്പണവുമായിരുന്നു 2014ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ മുഖ്യപ്രചാരണ വിഷയം. വിദേശ ബാങ്കുകളിൽ ഉൾപ്പെടെയുള്ള കള്ളപ്പണം പൂർണമായും തിരിച്ചെത്തിക്കുകയും അഴിമതി മുച്ചൂടും തുടച്ചുനീക്കി സംശുദ്ധ ഭരണം കാഴ്ചവെക്കുകയും ചെയ്യുമെന്ന വാഗ്ദാനവുമായാണ് മോദിയുടെ നേതൃത്വത്തിൽ ബി.ജെ.പി സർക്കാർ അന്ന് അധികാരത്തിലേറിയത്. എന്നാൽ കള്ളപ്പണത്തിനും കൈക്കൂലിക്കും അറുതിവരുത്താൻ നിയുക്തരായ ഇ.ഡി ഉദ്യോഗസ്ഥർ തന്നെ ഒന്നിനു പിറകെ ഒന്നായി കൈക്കൂലി കേസിൽ പിടിയിലാകുന്നു. അന്വേഷണോദ്യോഗസ്ഥർ വിശ്വസ്തരും സത്യസന്ധരുമായെങ്കിലേ അഴിമതി നിർമാർജനം സാധ്യമാകൂ എന്ന വസ്തുത കോടതികൾ ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും സ്ഥിതി മാറുന്നില്ല. കേന്ദ്ര ഭരണ കക്ഷിയുടെ കളിപ്പാവയാകാതെ, സ്വതന്ത്രമായി ജോലി ചെയ്യാൻ ഉദ്യോഗസ്ഥർക്ക് അവസരം നൽകപ്പെടുന്നുണ്ടോയെന്ന ചോദ്യവും ഉയരുന്നു.

### വിരട്ടി വിജിലൻസ്

കൊല്ലത്തെ കശുവണ്ടി വ്യവസായിയുടെ പേരിലുള്ള കേസ് ഒഴിവാക്കാൻ രണ്ടു കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ട സംഭവത്തിലാണ് ശേഖർ കുമാറിനെ ഒന്നാം പ്രതിയാക്കി വിജിലൻസ് കേസെടുത്തത്. കൈക്കൂലിയായി രണ്ടു ലക്ഷം രൂപ കൈപ്പറ്റുന്നതിനിടെ രണ്ടു പേരെ വിജിലൻസ് അറസ്റ്റ് ചെയ്തിരുന്നു. ഇവരെ ചോദ്യം ചെയ്തതിലാണ് ഉന്നത ഉദ്യോഗസ്ഥനിലേക്ക് അന്വേഷണമെത്തിയത്. ഇ.ഡി കൊച്ചി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഏറെക്കാലമായി കേന്ദ്ര ധനകാര്യവകുപ്പിന്റെ നിരീക്ഷണത്തിലായിരുന്നു. കേന്ദ്രസർക്കാരിനു രാഷ്ട്രീയ താൽപര്യമുണ്ടായിരുന്ന നയതന്ത്ര പാഴ്സൽ സ്വർണക്കടത്തു കേസിൽ പോലും അന്വേഷണം അവസാനഘട്ടത്തിൽ ദുർബലമായതിനെ കുറിച്ചും ആരോപണങ്ങൾ നിലനിൽക്കുന്നുണ്ട്.

കള്ളപ്പണം വെളുപ്പിക്കൽ കേസ് (പി.എം.എൽ.എ) ഒതുക്കി തീർക്കാൻ സംഘടിതമായി കൈക്കൂലി ആവശ്യപ്പെട്ടെന്ന കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അസി. ഡയറക്ടർ ശേഖർ കുമാറിനെതിരായ സൈബർ ഫൊറൻസിക് തെളിവുകൾ ആകും നിർണായകമാവുക. അറസ്റ്റിലായ കൈക്കൂലി റാക്കറ്റിലെ ഏജന്റ് വിൽസൺ വർഗീസ്, രാജസ്ഥാൻ സ്വദേശി മുകേഷ് കുമാർ, ചാർട്ടേഡ് അക്കൗണ്ടന്റ് രഞ്ജിത് വാരിയർ എന്നിവരുടെ മൊഴികൾ ശേഖർകുമാറിന് എതിരാണെങ്കിലും വിജിലൻസിന്റെ പ്രോസിക്യൂഷൻ നടപടികൾ ശക്തമാക്കാൻ ഇതു പോരാ. ഇവരിൽനിന്നു പിടിച്ചെടുത്ത മൊബൈൽ, പെൻ ഡ്രൈവ് എന്നിവയടക്കമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ പലതും ഫോർമാറ്റ് ചെയ്തു ഡേറ്റ മായ്ച്ച അവസ്ഥയിലായിരുന്നു. ഡേറ്റ വീണ്ടെടുക്കാനുള്ള സോഫ്റ്റ്‌വെയർ കേരള പൊലീസിന്റെ സൈബർ ഫൊറൻസിക് വിഭാഗത്തിന്റെ പക്കലുണ്ട്.



ബാബു കദളിക്കാട്

ഇതിനിടെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥൻ പ്രതിയായ വിജിലൻസ് കേസിൽ വിശദീകരണവുമായി ഇ.ഡി. രംഗത്തുവന്നിരുന്നു. പരാതിക്കാരൻ അനീഷ് ബാബു ഉന്നയിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ഇ.ഡി പറയുന്നു. കള്ളപ്പണം വെളുപ്പിക്കൽ കേസിലെ പ്രതിയാണ് അനീഷെന്നും ഇയാൾ മാധ്യമങ്ങളെ ഉപയോഗിച്ച് വിചാരണ നടത്തുകയാണെന്നുമാണ് ആരോപണം. കൊട്ടാരക്കര ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത അഞ്ച് കേസുകളുടെ അടിസ്ഥാനത്തിലാണ് ഇ.ഡി അനീഷിനെതിരെ കേസെടുത്തത്. തോട്ടണ്ടി ഇറക്കുമതിയുമായി ബന്ധപ്പെട്ട് 24.73 കോടി രൂപ ഇയാൾ തട്ടിയെന്നാണ് കേസ്. 2024ലാണ് അനീഷിന്റെ പണമിടപാട് സംബന്ധിച്ച് ഇ.ഡി കേസെടുത്തത്. ഇയാളുടെ അച്ഛനും അമ്മയും കേസിൽ പ്രതികളാണെന്നും ഇ.ഡി പറഞ്ഞു.

പലതവണ സമൻസ് അയച്ചെങ്കിലും അനീഷ് ബാബു ഹാജരാകാൻ തയ്യാറായില്ലെന്നും ഇ.ഡി. ആരോപിച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ഇ.ഡിക്കു മുന്നിൽ ഹാജരായെങ്കിലും ഉച്ചഭക്ഷണം കഴിക്കാനായി പോയ ആൾ പിന്നീട് വന്നില്ല. തുടർന്ന് ഇതുവരെ ഇ.ഡിയുടെ അന്വേഷണവുമായി അനീഷ് ബാബു സഹകരിച്ചിട്ടില്ല. കേസ് റദ്ദാക്കണമെന്ന പ്രതിയുടെ ആവശ്യം ഹൈക്കോടതിയും പിന്നീട് സുപ്രീംകോടതിയും തള്ളിയിരുന്നു. കഴിഞ്ഞ മാർച്ച് 17ന് അനീഷ് ബാബുവിന്റെ ഹർജിയിൽ സുപ്രീംകോടതി ഇടപെടാൻ പോലും തയ്യാറായില്ല. ഇഡിയുടെ വാദങ്ങൾ ഇങ്ങനെ. ഇ.ഡി ഉദ്യോഗസ്ഥനെതിരായ ആരോപണത്തിൽ വിജിലൻസിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയാണെന്നും ഇ.ഡി കൂട്ടിച്ചേർത്തു. അനീഷ്ബാബുവിനെ ചൂണ്ടി പാപമുക്തി നേടാനാണ് തൽക്കാലം ഇ.ഡിയുടെ ശ്രമമെന്നു വ്യക്തം.

## 4 വയസുകാരിയുടെ കൊലപാതകം: കുട്ടി പീഡനത്തിനിരയായതായി പോസ്റ്റുമോർട്ടം റിപ്പോർട്ട്

കോലഞ്ചേരി/നെടുമ്പാശേരി: അമ്മ ചാലക്കുടി പുഴയിലെറിഞ്ഞു കൊലപ്പെടുത്തിയ നാലര വയസുകാരി പീഡനത്തിന് ഇരയായെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചന. സംഭവത്തിൽ പിതാവിന്റെ ഇളയ സഹോദരനെ പോക്സോ കേസ് ചുമത്തി പുത്തൻകുരിശ് പൊലീസ് അറസ്റ്റുചെയ്തു.

ചെങ്ങമനാട്, പുത്തൻകുരിശ് പൊലീസ് സ്റ്റേഷനുകളിലെ അന്വേഷണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ആലുവ റൂറൽ എസ്.പിയുടെ ഓഫീസിൽ ഇന്നലെ അടിയന്തരയോഗം ചേർന്നിരുന്നു. അതിനു പിന്നാലെയാണ് മൊഴി രേഖപ്പെടുത്താനെന്ന പേരിൽ ഇയാളെ വിളിച്ചുവരുത്തി അറസ്റ്റ് രേഖപ്പെടുത്തിയത്.

ഇയാളെയും കുട്ടിയുടെ മാതാവിനെയും ഒന്നിച്ചിരുത്തി ചോദ്യം ചെയ്ത്, കൊലപാതകത്തിലേക്കു നയിച്ച കാരണം കണ്ടെത്താനാണ് തീരുമാനം. കുട്ടിയെ കാണാതായെന്ന പിതാവിന്റെ പരാതിയിലെ കേസ് പുത്തൻകുരിശ് പൊലീസും പുഴയിലെറിഞ്ഞു കൊന്നതിനുള്ള കേസ് ആലുവ ചെങ്ങമനാട് പൊലീസുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

കേസിൽ റിമാൻഡിൽ കഴിയുന്ന മാതാവിനെ വിശദമായി ചോദ്യം ചെയ്യാൻ പൊലീസ് കസ്റ്റഡിയിൽ വാങ്ങും. ഇന്ന് ആലുവ കോടതിയിൽ ഏഴ് ദിവസത്തെ കസ്റ്റഡി അപേക്ഷ സമർപ്പിക്കുമെന്ന് ചെങ്ങമനാട് സി.ഐ സോണി മത്തായി പറഞ്ഞു.

തിങ്കളാഴ്ച വൈകിട്ട് തിരുവാണിയൂരിലെ അങ്കണവാടിയിൽ നിന്ന് കൂട്ടിയെ കൂട്ടിക്കൊണ്ടു പോയ മാതാവ് രാത്രി ഏഴോടെയാണ് മൂഴിക്കുളത്തെത്തി ചാലക്കുടി പുഴയിലെറിഞ്ഞ് കൊലപ്പെടുത്തിയത്.



# പിണറായിയുടെ പ്രോഗ്രസ് കാർഡിലെ സത്യവും മിഥ്യയും

ഒരു നിയമസഭാ സമ്മേളനക്കാലത്താണ് കുറ്റങ്ങൾ അക്കമിട്ടു നിരത്തിയ പ്രതിപക്ഷ നിരയെ നമ്മുടെ ആരോഗ്യ മന്ത്രി വീണാ ജോർജ് ആ കിടിലൻ പ്രയോഗത്തിലൂടെ നേരിട്ടത്. അത് ഇപ്രകാരമായിരുന്നു: 'ഈ കപ്പൽ ആടിയുലയുകില്ല സർ. കാരണം ഇതിനൊരു കപ്പിത്താനുണ്ട്.' പിന്നീട് നവ കേരള സദസ് പത്തനംതിട്ടയിൽ പ്രവേശിച്ചപ്പോഴും വീണ ഇതാവർത്തിച്ചു. ഈ കപ്പൽ നവകേരളത്തിന്റെ തീരത്തടിയും. ഇതിനൊരു കപ്പിത്താനുണ്ട് കേട്ടോ, എന്ന്!

ക്യാപ്ടന്റെ സാന്നിധ്യത്തിലായിരുന്നു രണ്ടു വട്ടവും മന്ത്രി വീണ രണ്ടാം പിണറായി സർക്കാർ എന്ന പടുകൂറ്റൻ കപ്പലിന്റെ ശക്തിയെ കടലോളം വാഴ്ത്തിയത്. കപ്പിത്താന് ഈ പുകൾത്തൽ കേട്ട് രോമാഞ്ചമൊന്നും വന്നു കാണില്ല. കാരണം, കാരണഭൂതനായി തന്നെ വിശേഷിപ്പിച്ച തിരുവാതിര കേട്ട് പുഞ്ചിരിക്കാത്ത ആളാണ്. നാടിന്റെ അജയ്യൻ...നാട്ടാർക്കെല്ലാം സുപരിചിതൻ, തീയിൽകുരുത്തൊരു കുതിരയെ...കൊടുങ്കാറ്റിൽ പറക്കുന്ന കഴുകനെ... മണ്ണിൽ മുളച്ചൊരു സൂര്യനെ... മലയാള നാടിൻ മന്നനെ' എന്ന് പിന്നാലെ പാട്ടിറങ്ങി.

സമരധീര സാരഥിയെന്നും കാവലാളെന്നും ഫീനിക്സ് പക്ഷിയെന്നും പടനായകനെന്നുമെല്ലാം വിശേഷണം വന്നു. പിണറായി ദ ലെജൻഡ്'; വാഴ്ത്തുപാട്ടിനു പിന്നാലെ മുഖ്യനെ പുകഴ്ത്തി 15 ലക്ഷം ചെലവിട്ട് ഡോക്യുമെന്ററിയും വന്നു. അങ്ങനെ രണ്ടാം ഭരണം നാലു വർഷവും പിന്നിട്ടു.

സർക്കാരിനെതിരെ ആരോപണങ്ങളുന്നയിച്ചു റെക്കോർഡിട്ട പ്രതിപക്ഷത്തെ മൂക്കുകുത്തിച്ചാണ് തുടർഭരണമെന്ന റെക്കോർഡിലേക്ക് പിണറായി എൽ.ഡി.എഫിനെ നയിച്ചത്. അത് നിഷേധിക്കാനാവാത്ത സത്യവുമാണ്.

അതിനിടെ, എൽ.ഡി.എഫ് സർക്കാരിനെ പിണറായി സർക്കാർ എന്ന് ബ്രാൻഡിങ് ചെയ്യുന്നതിനെതിരെ സി.പി.ഐ മുറുമുറുത്തു. എൽ.ഡി.എഫിന്റെ പ്രവർത്തനംകൊണ്ട് അധികാരത്തിൽ വന്ന സർക്കാരിനെ പിണറായി സർക്കാരെന്ന് വിളിക്കുന്നതിലായിരുന്നു വിമർശനം. മാർക്കറ്റിംഗിലൂടെ പ്രോഡക്ട് സെല്ലു ചെയ്യുന്നതു പോലെ കേരളമെന്ന ബ്രാൻഡിന്റെ നായകൻ താനാണെന്ന് അവതരിപ്പിച്ചാണ് പിണറായി രണ്ടാം വരവ് വന്നത്. ബംഗാളിൽ സി.പി.എം തകർന്നടിയുമ്പോഴാണ് പിണറായി നേടിയത്. അതുകൊണ്ടുതന്നെ ഇന്ത്യയിലെ സി.പി.എമ്മിലെ ഏക ജയിച്ച നേതാവ്.

പാർട്ടിയും പോളിറ്റ് ബ്യൂറോയും സംസ്ഥാന സമിതിയുമെല്ലാം താനാകുന്ന തരത്തിലേക്ക് വളർച്ച. പുകഴ്ത്തിയതിനെല്ലാം കാര്യവും കാരണവും ഉണ്ടെന്നു സാരം. ഒൻപതാണ്ടത്തെ പിണറായിക്കാലം ചരിത്രമായ നിലയ്ക്ക് സി.പി.എമ്മിന് ഇനി ശേഷിക്കുന്ന സമയം അമൂല്യമാണ്. രണ്ടാം ഭരണത്തിന് വഴിവച്ചതെന്ന് പ്രതിപക്ഷം പറയുന്ന കാരണങ്ങളും ഘടകങ്ങളും ഇനി ആവർത്തിക്കാതിരിക്കട്ടെ എന്ന് ആഗ്രഹിക്കുന്നവരാണ് കേരളീയ സമൂഹം. കോവിഡും പ്രളയവും! കിറ്റ് വിതരണവും. പ്രകൃതിയുടെ വികൃതികൾ ഒരു നാടിന്റെ ജനകീയ സർക്കാരിന്റെ തെരഞ്ഞെടുപ്പിന് വിഷയവും കാരണവും ആയിക്കൂടാ.

എന്നാൽ, നേട്ടങ്ങൾ എണ്ണിപ്പറഞ്ഞ് അവസാന ലാപ്പിലേക്ക് പദമൂന്നുന്ന സർക്കാർ, കരുതലിന്റെ ദൃഷ്ടാന്തങ്ങളായി നിരത്തുന്ന വലിയ കാര്യങ്ങൾ ശ്രദ്ധിക്കാം. കെറെയിൽ ഇന്നല്ലെങ്കിൽ നാളെ യാഥാർഥ്യമാകുക തന്നെ ചെയ്യുമെന്ന് പറഞ്ഞ മുഖ്യമന്ത്രി ഇപ്പോൾ അതിന് പാരവെച്ചത് കേരളത്തിലെ ബി.ജെ.പി നേതൃത്വമാണെന്ന് പരോക്ഷമായി പറയുന്നു. സാമ്പത്തിക വികസനവും



സാമൂഹ്യ നീതിയും ഒരുമിച്ച് കൊണ്ടുപോകണം. കഴിഞ്ഞ പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വാർഷിക വേളകളിൽ പൊതുജനത്തിന് നൽകാറുണ്ട്. കൊവിഡ് കാലത്ത് പല മേഖലകളിലും തകർച്ചയുണ്ടായി. അതിനെ അതിജീവിച്ച് മുന്നേറുകയാണ്.

വിഴിഞ്ഞം പദ്ധതി യാഥാർഥ്യമാക്കിയത് നേട്ടമാണ്. ദേശീയ പാതാ വികസനം സാധ്യമായത് ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമാണ്. കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം എന്നിവയെല്ലാം സർക്കാറിന്റെ നേട്ടങ്ങളായി. യു.ഡി.എഫ് സർക്കാർ ഉപേക്ഷിച്ച ഗെയിൽ പദ്ധതി നടപ്പിലാക്കി. വൈദ്യുതി, കാർഷിക, വ്യാവസായിക മേഖലയിൽ വൻ നേട്ടങ്ങളുണ്ടാക്കി. ആയുർവേദ ഗവേഷണ കേന്ദ്രം, കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി, മലയോര ഹൈവേ, വാട്ടർമെട്രോ എന്നിവ വൻ പദ്ധതികളാണ്. ഭവനരഹിതരില്ലാത്ത കേരളം പദ്ധതി സാക്ഷാത്കരിക്കാൻ നടപടി സ്വീകരിച്ചു.

വിഴിഞ്ഞം പദ്ധതിക്ക് കല്ലിട്ടത് യു.ഡി.എഫ് കാലത്താണെന്നും എന്നാൽ നൂറ് ശതമാനം പ്രവൃത്തികളും നടന്നത് എൽ.ഡി.എഫ് കാലത്താണെന്നും മുഖ്യമന്ത്രി അവകാശപ്പെടുന്നു. പി.എസ്‌സി വഴി നിയമനം സുതാര്യമാക്കിയെന്നും രാജ്യത്തെ ആകെ നിയമനങ്ങളിൽ 42 ശതമാനവും കേരളത്തിലാണെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

'കേന്ദ്രത്തിന്റെ അനുമതിയോടെ മാത്രമേ സിൽവർ ലൈൻ നടപ്പാക്കാൻ കഴിയുകയുള്ളൂ. സാധാരണ നിലയിൽ ആരും അതിന് എതിര് നിൽക്കില്ല. രാജ്യം പുരോഗമിക്കേണ്ട കാര്യങ്ങളെ പറ്റി കേന്ദ്ര സർക്കാർ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ എതിര് നിൽക്കേണ്ട കാര്യമില്ല. ഉത്തമവിശ്വാസത്തോടെയാണ് പദ്ധതി മുന്നോട്ടുവെച്ചത്. എന്നാൽ പദ്ധതി മുന്നോട്ടുവെച്ചു കഴിഞ്ഞപ്പോൾ നിർഭാഗ്യകരമായ അവസ്ഥയാണ് ഉണ്ടായത്. ആ പദ്ധതിക്ക് അംഗീകാരം നൽകില്ല എന്നായി. അതിനിടയാക്കിയത് ഇവിടെയുള്ള ചില ആളുകളാണ്. ഇപ്പോൾ ഇത് വേണ്ടെന്ന നിലപാട് എടുത്തു. പദ്ധതി വേണ്ട എന്നല്ല പറഞ്ഞത്. ഇപ്പോൾ വേണ്ട എന്നാണ് അവര് പറഞ്ഞത്. രാജ്യത്തിന്റെ വികസനമാണല്ലോ. കേന്ദ്രം അതിനൊപ്പം നിൽക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ വികസന വിരുദ്ധരുടെ കാഴ്ചപ്പാടിന് ഒപ്പമാണ് കേന്ദ്രം നിന്നതെന്നും മുഖ്യമന്ത്രി പ്രോഗ്രസ് കാർഡ് മുന്നോട്ടു വച്ചു.

സർക്കാരിനെതിരായ ആരോപണങ്ങൾ ഒന്നൊന്നായി പാർട്ടി പത്രം വഴിയും സി.പി.എം നിഷേധിച്ചു.

പി.പി.ഇ കിറ്റ് വിവാദത്തിൽ ലോകായുക്തയിൽ സർക്കാർ വ്യക്തമായ മറുപടി കൊടുത്തു. എഐ കാമറ ഇടപാടിൽ വി.ഡി. സതീശന്റെ ആക്ഷേപങ്ങൾ കോടതിയിൽ തള്ളിപ്പോയി. കിഫ്ബി മസാല ബോണ്ട് റിസർവ് ബാങ്കിന്റെ അനുമതിയോടെയാണെന്ന് നിയമ പോരാട്ടം നടത്തി തെളിയിച്ചു. കെഫോൺ ടെൻഡറിൽ പ്രതിപക്ഷത്തിന്റെ അഴിമതി ആരോപണം കോടതിയിൽ തകർന്നു. അംബാനിക്കായി കെ.എഫ് സിയിൽ നിക്ഷേപം നിയമപരമായി തെളിഞ്ഞു എന്നിങ്ങനെ പോകുന്നു പ്രതിരോധങ്ങൾ.

## ചില കണ്ണീർക്കഥകൾ

സംസ്ഥാനത്ത് ഉഷ്ണതരംഗ മുന്നറിയിപ്പിനെത്തുടർന്ന് മൃഗങ്ങളെയും പക്ഷികളെയും മറ്റ് ജീവികളെയും കുറിച്ച് പോലും മുഖ്യമന്ത്രിക്ക് ആശങ്കയുണ്ട്. എന്നാൽ, കഴിഞ്ഞ അൻപത് ദിവസമായി കത്തുന്ന വെയിലിൽ സമരം ചെയ്യുന്ന ആശാ തൊഴിലാളികളെക്കുറിച്ച് അദ്ദേഹം ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. സമര നേതാക്കൾ പ്രതിഷേധിച്ച് മുടി ച്ചറിച്ച ദിവസം പറഞ്ഞ വാക്കുകളാണിത്.

വിരമിക്കൽ ആനുകൂല്യങ്ങൾ, ഓണറേറിയം വർധനവ് എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. പക്ഷെ ഈ സമരത്തെ സർക്കാരിനെതിരായ ഗൂഢലോചനയായി ആണ് എം.വി. ഗോവിന്ദൻ പോലും കണ്ടത്. സർക്കാരിന്റെ ഒൻപതാം വാർഷിക ദിനത്തിൽ സമരത്തിന്റെ നൂറാം ദിനം ആചരിച്ച് ആശാ സമരം കത്തിനിൽക്കുന്നു.

## വന്യജീവികളെ തുരത്താൻ സർക്കാർ എന്തു ചെയ്തു?

കാട്ടുപന്നിക്കും കാട്ടാനയ്ക്കുംപുറമേ പുലിയും നരഭോജി കടുവകളുംകൂടി ഗ്രാമങ്ങളിലും നഗരങ്ങളിലുമിറങ്ങി ജനജീവിതത്തിന് കടുത്ത ഭീഷണിയുയർത്തുകയാണ്. പത്തു കൊല്ലത്തിനിടയിൽ വയനാട്ടിൽ ആറുപേരെയാണ് കടുവകൾ കൊന്നത്. വയനാടൻകാടുകളിൽ കടുവകൾ പെരുകുകയാണ്. നൂറ്റമ്പതിലധികം കടുവകളുണ്ടെന്നാണ് കണക്ക്. എവിടെയും എപ്പോഴും കടുവയോ പുലിയോ കാട്ടാനയോ പ്രത്യക്ഷപ്പെടാമെന്ന ഭീതി. വയനാടൻകാട്ടിൽനിന്ന് ആറളം വന്യജീവിസങ്കേതത്തിലൂടെ ആറളം ഫാം മേഖലയിൽ കടുവയിറങ്ങി ഭീതി വിതച്ചത് ഈയിടെ.വനം മന്ത്രിയുടെ സ്ഥിരം മറുപടിക്ക് വിലയിടിഞ്ഞു.

ആരോഗ്യ കേരളം മാതൃകയാണെന്ന് പറയുമ്പോഴും അനാസ്ഥ മൂലമുള്ള ആശുപത്രി മരണങ്ങൾ തുടർക്കഥയാണ്. ആരോഗ്യ സൂചകങ്ങളുടെ ഏത് അളവുകോൽ വച്ച് പരിശോധിച്ചാലും രാജ്യത്തെ ഏതൊരു സംസ്ഥാനത്തേക്കാളും ബഹുദൂരം മുന്നിലാണ് കേരളം എന്ന് പറയുമ്പോഴും പരാതികൾക്ക് കുറവില്ല. സംസ്ഥാനത്ത് കുട്ടികളിലും കൗമാരക്കാരിലുമുൾപ്പെടെ രാസലഹരി മരുന്നുകളുടെ ഉപയോഗം ആശങ്കപ്പെടുത്തുന്ന നിലയിൽ വർദ്ധിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടെ ഉണ്ടായ വർദ്ധന നാലിരട്ടിയിലേറെ. പിടികൂടിയവയിൽ ഏറ്റവുമധികം എം.ഡി.എം.എ. കിലോഗ്രാമിന് പതിനായിരത്തിലധികം രൂപയാണ് ഇതിന്റെ വില. എൽ.എസ്.ഡി, ബ്രൗൺഷുഗർ, ഹാഷിഷ്, ഹെറോയിൻ തുടങ്ങിയവയും പിടികൂടുന്നുണ്ട്.

ശക്തമായ നടപടിയും ശിക്ഷയും ഇല്ലാത്തതാണ് രാസലഹരി വിൽപ്പനയും ഉപയോഗവും കൂടാനുള്ള പ്രധാന കാരണമെന്നാണ് ആക്ഷേപം. ലഹരി ഉപയോഗിച്ചുള്ള അക്രമങ്ങളും വർദ്ധിക്കുകയാണ്. പൊലീസിനും എക്സൈസിനും തടയാവുന്നതിലും അപ്പുറമുള്ള വലിയ ശൃംഖലയാണ് ലഹരി മാഫിയയുടേത്. പലപ്പോഴും പിടികൂടപ്പെടുന്നത് ചെറുകിട വിൽപ്പനക്കാരും ഉപഭോക്താക്കളും മാത്രമാണ്. പോലീസ് കസ്റ്റഡിയിൽ മർദ്ദന മുറകൾ പീഡനങ്ങൾ എന്നിവ ആഭ്യന്തര വകുപ്പിനും വലിയ അപമാനം വരുത്തി വച്ച കാലമാണ് ഇത്.

200 കിലോമീറ്റർ മലയോര പാതയുടെ പ്രവൃത്തികൂടി 2026 ഫെബ്രുവരിയോടെ പൂർത്തിയാക്കാനാകും വിധം നിർമ്മാണം പുരോഗമിക്കുന്നതിനിടെ വ്യാപകമായി മണ്ണിടിച്ചിൽ സംഭവിച്ചതിനു കൂടി ഉത്തരം പറയേണ്ടി വരും സർക്കാർ അടുത്ത തദ്ദേശ തെരഞ്ഞെടുപ്പിലും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും. ഈയിടെ തമ്പാൻ തോമസ് പറയുന്നതു കേട്ടു. മൂന്നാം വട്ടവും അധികാരത്തിൽ വരണം എന്ന ആഗ്രഹം പോലും ഫാസിസമാണെന്ന്! ഒപ്പം ജനാധിപത്യ വിരുദ്ധവും. മോഡി സർക്കാരിനെക്കുറിച്ചായിരുന്നു ഈ നിരീക്ഷണം. എത്ര വട്ടമായാലും, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവർ ജനങ്ങൾക്കൊപ്പം ഉണ്ടാവുക എന്നതാണ് പ്രധാനം.

ആരാണ് ഭരിക്കേണ്ടതെന്ന് ജനങ്ങൾ തീരുമാനിക്കുന്നത് വൻകിട പദ്ധതികളുടെ വലിപ്പം മാത്രം കണ്ടിട്ടല്ല. അവരുടെ അടിസ്ഥാന പ്രശ്നങ്ങളെ എത്രമേൽ സ്പർശിച്ചു എന്നു കൂടി നോക്കിയിട്ടാണ്. കേടുപാടുകൾ തീർക്കാൻ ഇനിയും സമയമുണ്ട് എന്നർഥം. ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും.

◗ *പ്രിജിത് രാജ്*



# കോൺഗ്രസിന്റേയും യു.ഡി.എഫിന്റേയും വീഴ്ചകൾ ഒരു തുടർക്കഥ





ജോഷി ജോർജ്

സത്യത്തിൽ ഭരണം മികച്ചതായിരുന്നിട്ടും കേരള ജനത യു.ഡി.എഫ് മുന്നണിയെ തറപറ്റിച്ച ചരിത്രമാണ് 2006ലെ തെരഞ്ഞെടുപ്പിൽ സംഭവിച്ചത്. എ.കെ. ആന്റണിയുടേയും ഉമ്മൻചാണ്ടിയുടേയും ഭരണകാലം ജനക്ഷേമകരമായിരുന്നില്ല എന്നു പറയാനാകില്ല. എന്നാൽ സംഘടനാരംഗത്ത് പ്രത്യേകിച്ച് കോൺഗ്രസ്സ് നേതൃത്വത്തിൽ ഉരുണ്ടുകൂടിയ തമ്മിലടി ജനങ്ങൾക്ക് ഏറെ മടിപ്പുളവാക്കി. അത് യു.ഡി.എഫ് എന്ന ഐക്യമുന്നണിക്കും ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാക്കി.

യു.ഡി.എഫിലെ സീറ്റ് പങ്കിടീൽ പുതിയ കലാപങ്ങൾക്ക് വഴിമരുന്നിട്ടിരുന്നു. കോൺഗ്രസ് സ്ഥാനാർത്ഥികൾക്കെതിരെ കോൺഗ്രസ് സ്ഥാനാർത്ഥികൾ തന്നെ രംഗത്തെത്തുന്നു. ചരിത്രത്തിൽ അപൂർവ്വവും അത്ഭുതകരവുമായ ഒരു തിരിച്ചുവരവ് പ്രതീക്ഷിച്ച യു.ഡി.എഫ് അക്ഷരാർത്ഥത്തിൽ ധർമ്മസംങ്കടത്തിൽ പെട്ട് ഉഴലുന്ന കാഴ്ചയാണ് കാണാൻകഴിയുന്നത്.

2006 മാർച്ച് 27ന് അരങ്ങേറിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ തന്നെ ഒരു പ്രകടനത്തിൽ നിന്നും നമുക്ക് കോൺഗ്രസിന്റെ ദയനീയത വായിച്ചെടുക്കാം. അദ്ദേഹവും ഭാര്യ മറിയാമ്മയും ദൽഹിയിൽ നിന്നുമുള്ള വിമാനത്തിൽ മുംബയിൽ ഇറങ്ങി അവിടെ നിന്ന് തിരുവനന്തപുരത്തേക്കുള്ള മറ്റൊരു ഇന്ത്യൻ എയർലൈൻസ് വിമാനത്തിൽ കയറി. അവർ വിമാനത്തിലെ താണ ക്ലാസിലേക്ക് ഇരിക്കാൻ വരുന്നതു കണ്ടപ്പോൾ യാത്രക്കാർ പലരും അത്ഭുതപ്പെട്ടപോയി. മുഖ്യമന്ത്രിയും ഭാര്യയും ഇക്കോണമി ക്ലാസിലോ..? പോരെങ്കിൽ അദ്ദേഹം ദാവോസിലെ വീഴ്ചയിലൂടെ സംഭവിച്ച എല്ലൊടിവു മൂലം വല്ലാതെ ബദ്ധപ്പെടുന്ന അവസ്ഥയിലും.

വാക്കറിന്റെ സഹായത്തിൽ നടന്നു വരുന്ന മുഖ്യമന്ത്രിയെ കണ്ടവരുടെയൊക്കെ മുഖത്ത് ഏറെ സഹതാപം. കോൺഗ്രസിന്റെ സ്ഥാനാർത്ഥികളെ തീരുമാനിക്കാൻ ഹൈക്കമാൻഡുമായി ചർച്ചകൾക്കു ശേഷം മടങ്ങുകയായിരുന്ന മുഖ്യമന്ത്രിയുടെ ഗതികേടിന്റെ സൂചകമായിരുന്നു ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ ഇക്കോണമി ക്ലാസ് യാത്ര. സീറ്റ് കിട്ടി, പക്ഷേ ഏറ്റവും മികച്ച ബിസിനസ് ക്ലാസിലല്ല, രണ്ടാം ക്ലാസിൽ ആണെന്നേ ഉള്ളൂ. പൂർണ തൃപ്തിയില്ല, മോശമായില്ലെന്നു മാത്രം.



ഹൈക്കമാൻഡ് അംഗീകരിച്ച ആദ്യത്തെ 71 അംഗ സ്ഥാനാർത്ഥിപ്പട്ടികയിൽ കയറിപ്പറ്റിയ ഭൂരിപക്ഷവും പണ്ട് എ ഗ്രൂപ്പിലും ഇന്ന് ഉമ്മൻചാണ്ടിയുടെ സ്വന്തമായ ''ഓ'' ഗ്രൂപ്പിലും പെട്ടവരാണെന്നത് ശരിയാണ്. പക്ഷേ എണ്ണത്തിൽ മാത്രമേ ചാണ്ടിക്ക് തൃപ്തിപ്പെടാൻ വഴിയുണ്ടായുള്ളൂ. ഗുണത്തിലും മുമ്പന്മാരെന്ന് ചാണ്ടി കരുതുന്ന തന്റെ ഏറ്റവും അടുത്ത സംഘക്കാരിൽ പലർക്കും പല കാരണങ്ങളാൽ സീറ്റ് നിഷേധിക്കപ്പെട്ടു. ബെന്നി ബെഹനാൻ, എം.ഐ. ഷാനവാസ്, ആന്റോ ആന്റണി, ഏറ്റവും ഒടുവിൽ ആ സംഗത്തിൽ ഇടം നേടിയ എം.എം ഹസൻ, കെ.പി. വിശ്വനാഥൻ, കെ.കെ. രാമചന്ദ്രൻ എന്നിവരൊക്കെ അതിൽ പെട്ടു. എന്തായാലും ഇതിൽ കോടതിക്കേസുകളിൽ പ്രതികളായതിന്റെ പേരിൽ ടിക്കറ്റ് നിഷേധിക്കപ്പെട്ട വിശ്വനാഥനും രാമചന്ദ്രനും ഹൈക്കമാൻഡിനോട് ആവശ്യപ്പെട്ട് ടിക്കറ്റ് ഉറപ്പാക്കുന്നതിൽ അദ്ദേഹം പിന്നീട് വിജയിച്ചു എന്നൊരാശ്വാസം മാത്രം!

> 2006ലെ തെരഞ്ഞെടുപ്പു വിശേഷങ്ങൾ കെങ്കേമമാണ്. കരുണാകരനും ഉമ്മൻചാണ്ടിയും തമ്മിൽ മാത്രമല്ല താഴേതലത്തിൽ ഓരോ മണ്ഡലത്തിലും ഈ ബന്ധത്തിന്റ അസ്വീകാര്യത ഇരുപക്ഷവും വെളിപ്പെടുത്തിത്തുടങ്ങി. ഇത് മുൻ കോൺഗ്രസ് നേതാവായിരുന്ന എം.എ .ജോണിന്റേയോ കോടോത്ത് ഗോവിന്ദൻ നായരടേയോ കാര്യം മാത്രമല്ല. ഡി.ഐ.സി മത്സരിക്കുന്ന 18 ഇടത്തും കോൺഗ്രസിന്റെ വിമതർ പ്രത്യക്ഷപ്പെട്ടേക്കാം.

ലീഡർ കരുണാകരന്റെ ഡി.ഐ.സിക്ക് 18 സീറ്റ് കൊടുക്കേണ്ടി വന്നതും ഈ ബന്ധത്തിനെതിരെ കോൺഗ്രസിൽ ഏകാങ്കപ്പോരാട്ടം നടത്തിയ ഉമ്മൻചാണ്ടിക്ക് തിരിച്ചടിയായിരുന്നു. 15 സീറ്റിൽ ഒരെണ്ണം

കൂടിയാൽ അത് പുതുപ്പള്ളി ആയിരിക്കുമെന്ന് പരിഹസിച്ച ആളാണ് അദ്ദേഹം. കൈപ്പത്തിയിലല്ലാതെ സ്വന്തം ചിഹ്നത്തിലൊന്നും മത്സരിക്കാൻ ഡി.ഐ.സിയെ അനുവദിക്കില്ലെന്ന വാശിയും മുഖ്യമന്ത്രിക്ക് ഉപേക്ഷിക്കേണ്ടി വന്നു.

എന്തായാലും ഉമ്മൻചാണ്ടി ഒരു സുപ്രധാന വസ്തുത അന്ന് ചൂണ്ടിക്കാട്ടിയിരുന്നു. താൻ തുറന്നു തന്നെ എതിർത്തിരുന്ന ഡി.ഐ.സി ബന്ധം കൊണ്ട് യു.ഡി.എഫിന് ഗുണമോ ദോഷമോ ഉണ്ടാകുക എന്ന ചോദ്യത്തിന് അദ്ദേഹത്തിന്റെ ഉത്തരം അതിന്റെ ഉരകല്ല് വരുന്ന തെരഞ്ഞെടുപ്പു തന്നെയായിരുന്നു. ഈ നീക്കുപോക്ക് ഗുണമാകുമെന്ന് വെറുതേപോലും പറയാൻ അവസാന നിമിഷവും അദ്ദേഹം തയാറാകുന്നില്ലെന്നത് ശ്രദ്ധേയമാണ്. ഉമ്മൻചാണ്ടി പറയാതെ പറയുന്ന ആശങ്കകൾ അസ്ഥാനത്തല്ലെന്നതിന്റെ സൂചനകൾ തുടക്കത്തിൽ തന്നെ വന്നു തുടങ്ങുകയും ചെയ്തിരുന്നു.

അതിൽ ഏറ്റവും മുഖ്യം തെരഞ്ഞെടുപ്പു കഴിയമ്പോൾ ഡി.ഐ.സി കോൺഗ്രസിൽ ലയിക്കുമെന്ന് ഉറപ്പു തന്നിട്ടുണ്ടെന്ന ഉമ്മൻചാണ്ടിയുടെ പ്രസ്താവനയ്ക്കെതിരെ കരുണാകരൻ നടത്തിയ രോഷപ്രകടനം തന്നെ. ചാണ്ടി പതിവുപോലെ കളവ് പറയുകയാണെന്ന് വരെ സൂചിപ്പിക്കാൻ കരുണാകരന് മടി ഉണ്ടായില്ല. തൽക്കാലം ലയനം അജണ്ടയിലില്ലെന്ന് മുരളിയും വെളിപ്പെടുത്തിയിരുന്നു. പക്ഷേ ഒരു നിമിഷം മുമ്പ് പറഞ്ഞത് പോലും നാവ് തൊടാതെ വിഴുങ്ങി നേരെ എതിരായി പറയുന്നതിൽ സർവകാല റെക്കോഡ് സ്ഥാപിച്ചവരാണ് ഈ അച്ഛനും മകനുംഎന്നതിനാൽ ഒരു നിവൃത്തിയുമില്ലെങ്കിൽ ലയനത്തിന് വഴങ്ങാനും അവർക്ക് മടിയുണ്ടാകണമെന്നില്ല.

പക്ഷേ ഈ ബന്ധമാകെ വെറും നിവൃത്തികേട് കൊണ്ടാണെന്നതിന്റേയും ആദ്യത്തെ അവസരത്തിൽ തന്നെ അത് പൊട്ടിപ്പൊളിയുമെന്നതിന്റേയും വ്യക്തമായ സൂചനകളാണിതൊക്കെ തെരഞ്ഞെടുപ്പിനു മുമ്പേ തന്നെ തെളിഞ്ഞുതുടങ്ങുകയും ചെയ്തിരുന്നു.

കരുണാകരനും ഉമ്മൻചാണ്ടിയും തമ്മിൽ മാത്രമല്ല താഴേതലത്തിൽ ഓരോ മണ്ഡലത്തിലും ഈ ബന്ധത്തിന്റ അസ്വീകാര്യത ഇരുപക്ഷവും വെളിപ്പെടുത്തിത്തുടങ്ങി. ഇത് മുൻ കോൺഗ്രസ് നേതാവായിരുന്ന എം.എ. ജോണിന്റേയോ കോടോത്ത് ഗോവിന്ദൻ നായരുടേയോ കാര്യം മാത്രമല്ല.

ഡി.ഐ.സി മത്സരിക്കുന്ന 18 ഇടത്തും കോൺഗ്രസിന്റെ വിമതർ പ്രത്യക്ഷപ്പെട്ടേക്കാം. ഇനി അഥവാ ഏതാനും ഇടങ്ങളിൽ പ്രത്യക്ഷമായി സ്ഥാനാർത്ഥികൾ വന്നില്ലെങ്കിൽ തന്നെ പരസ്യമായിപ്പോലും ശത്രുപക്ഷങ്ങളിൽ നിലയുറപ്പിക്കുകയാണ് ഇരു ചേരികളിലേയും പ്രവർത്തകർ. തങ്ങളുടെ സീറ്റുകളിൽ വിമതർ തലപൊക്കുന്നതിന്റെ തിരിച്ചടിയായി കോൺഗ്രസ് സ്ഥാനാർത്ഥികൾ മത്സരിക്കുന്ന ഇടങ്ങളിലൊക്കെ ഡി.ഐ.സിക്കാർ സോദ്ദേശ്യപ്രവർത്തനങ്ങൾ തീർച്ചയാക്കിയിരിക്കുകയാണ്. സ്വന്തം ചേരിയിൽ നിന്ന് അവസാന ദിനങ്ങളിൽ മറുചേരിയിലേക്കു പോയ 25ഓളം പേർക്ക് ഡി.ഐ.സി ഒരുക്കി വച്ചിരിക്കുന്ന പ്രഹരങ്ങൾ വേറെ.

അതിലൊന്നും തെല്ലും അത്ഭുതപ്പെടാനുമില്ല. ഇന്നലെവരെ പരസ്പരം കണ്ടാൽ കടിച്ചുകീറുമെന്ന നിലയിലായിരുന്നവർക്കെല്ലാം നേതാക്കളുടെ മലക്കം മറിച്ചിലുകൾ അനുസരിച്ച് കൂടെ ചാടാൻ ആകണമെന്നില്ലല്ലോ. ഇത് കോൺഗ്രസും ഡി.ഐ.സിയും തമ്മിലെ പോരാണെങ്കിൽ മറ്റ് പലയിടങ്ങളിലും ഡി.ഐ.സിക്കുള്ളിൽ നിന്ന് തന്നെ ഡി.ഐ.സി സ്ഥാനാർത്ഥികൾക്കെതിരെ പ്രത്യക്ഷമായി രംഗത്തുവരുന്നവർ കുറവല്ല.

പ്രവർത്തകർ തെരഞ്ഞെടുപ്പിലെങ്കിലും അംഗീകരിച്ച് വോട്ട് ചെയ്യുമെന്ന് വാദത്തിന് സമ്മതിച്ചാൽ തന്നെയും ജയിച്ചാലും തോറ്റാലും രണ്ടു ചേരിയും തമ്മിൽ അവസാനിക്കാത്ത യുദ്ധങ്ങൾക്കുള്ള വഴിമരുന്നാണ് ഇതെന്ന് ആർക്കാണറിയാത്തത്.

(തുടരും)



# ഫുൾ ക്രെഡിറ്റ് സൗദിയ്ക്ക്! സിറിയയ്ക്ക് ആശ്വാസം

ഏതാനും ആഴ്ചകൾക്ക് മുമ്പ് സിറിയയുടെ പുതിയ പ്രസിഡന്റ് അഹമ്മദ് അൽ ഷർആ പശ്ചിമേഷ്യൻ പര്യടനം നടത്തിയിരുന്നു. ജിസിസി രാജ്യങ്ങൾ ലക്ഷ്യമിട്ടായിരുന്നു യാത്ര. സൗദി അറേബ്യയും യുഎഇയും ഖത്തറുമെല്ലാം സന്ദർശിച്ച അദ്ദേഹം സിറിയയിലെ പുതിയ സർക്കാരിന് സഹായം അഭ്യർഥിച്ചു. എല്ലാ സഹായവും വാഗ്ദാനം ചെയ്ത സൗദിയും ഖത്തറും സിറിയൻ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം നൽകാമെന്നേറ്റു.



13 വർഷം നീണ്ട ആഭ്യന്തര യുദ്ധം സിറിയയെ പൂർണമായി തകർത്തിരുന്നു. അടിസ്ഥാന സൗകര്യ വികസനമായിരുന്നു യുദ്ധാനന്തര സിറിയക്ക് ആദ്യം വേണ്ടത്. വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ തയ്യാറായി ഖത്തർ രംഗത്ത് വന്നു. റോഡും മറ്റ് സൗകര്യങ്ങൾ ഒരുക്കാനും നടപടിയായി. ലോകബാങ്കിനുള്ള കടം തീർക്കാൻ സൗദി തയ്യാറായി. സിറിയക്ക് ഇനിയും മുന്നോട്ട് കുതിക്കാൻ ഉപരോധം നീക്കണമെന്നും പുതിയ ഭരണകൂടം ആവശ്യപ്പെട്ടു.

അമേരിക്കയും യൂറോപ്പുമാണ് സിറിയക്കെതിരെ ഉപരോധം പ്രഖ്യാപിച്ചിരുന്നത്. സർക്കാർ വിരുദ്ധ പ്രക്ഷോഭകരെ അന്നത്തെ പ്രസിഡന്റ് ബശാറുൽ അസദ് ആയുധം ഉപയോഗിച്ച് നേരിട്ട സാഹചര്യത്തിലായിരുന്നു ഉപരോധം. സിറിയയുടെ ഫണ്ട് മരവിപ്പിക്കൽ, ആയുധ ഇടപാട് തടയൽ, വിദേശ സഹായം നിർത്തിവയ്ക്കൽ തുടങ്ങി വിവിധ തലങ്ങൾ സ്പർശിക്കുന്നതായിരുന്നു ഉപരോധം. വിമതർ ഭരണം പിടിക്കുകയും ബശാറുൽ അസദ് റഷ്യയിലേക്ക് പലായനം ചെയ്യുകയും ചെയ്തതോടെയാണ് അഹമ്മദ് അൽ ഷർആ പുതിയ പ്രസിഡന്റായത്.

നേരത്തെ അൽഖ്വയ്ദയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ഇദ്ദേഹത്തിന്റെ തലയ്ക്ക് അമേരിക്ക ഇനാം പ്രഖ്യാപിച്ചിരുന്നു. അൽഖ്വദ ബന്ധം വിട്ട് സ്വന്തമായി സായുധ ഗ്രൂപ്പും ഇദ്ദേഹം രൂപീകരിച്ചിരുന്നു. മാത്രമല്ല അമേരിക്ക ഭീകരനായി പ്രഖ്യാപിച്ച വ്യക്തി കഴിഞ്ഞാഴ്ച പ്രസിഡന്റ് ട്രംപിന് കൈകൊടുക്കുന്ന ഫോട്ടോ ലോക മാധ്യമങ്ങളിൽ പ്രധാന ഇടം പിടിച്ചു. സിറിയക്ക് പുരോഗതി കൈവരിക്കാനുള്ള അവസരം നൽകുകയാണ് ചെയ്യുന്നത് എന്നായിരുന്നു ട്രംപിന്റെ വാക്കുകൾ.

സൗദി കിരീടവകാശി മുഹമ്മദ് ബിൻ സൽമാനും തുർക്കി പ്രസിഡന്റ് ഉർദുഗാനും ആവശ്യപ്പെട്ടത് പ്രകാരമാണ് താൻ ഉപരോധം നീക്കാൻ തീരുമാനിച്ചതെന്നും ട്രംപ് പറഞ്ഞു. ബിൻ സൽമാനെ പുകഴ്ത്തിയാണ് ട്രംപ് സിറിയക്ക് അനുകൂലമായ നടപടികൾ സ്വീകരിച്ചത്. പിന്നീട് ട്രംപും ബിൻ സൽമാനും അഹമ്മദ് അൽ ഷർആയും ചർച്ച നടത്തുകയും ചെയ്തു. ഉർദുഗാൻ വീഡിയോ വഴി ചർച്ചയിൽ സംബന്ധിച്ചു.

### അയഞ്ഞ് യൂറോപ്യൻ യൂണിയൻ

അമേരിക്ക ഉപരോധം നീക്കിയതിന് പിന്നാലെ യൂറോപ്യൻ യൂണിയനും അനുകൂല സമീപനം സ്വീകരിക്കുകയാണ്. സിറിയക്കെതിരായ ഉപരോധം പിൻവലിക്കാൻ യൂണിയൻ തീരുമാനിച്ചുവെന്ന് നയതന്ത്ര പ്രതിനിധികളെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 27 അംഗ രാജ്യങ്ങൾ ഉൾപ്പെടുന്നതാണ് യൂറോപ്യൻ യൂണിയൻ. ഉപരോധം നീക്കിയത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം യൂണിയന്റെ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ശേഷം ഉണ്ടാകും.

യൂറോപ്പിലെ രാജ്യങ്ങൾ സിറിയയിലെ പുതിയ സർക്കാരിനെ അംഗീകരിച്ചാൽ അത് മറ്റൊരു നാഴികക്കല്ലാകും. സൗദി അറേബ്യയുടെ ആവശ്യം പരിഗണിച്ചാണ് യൂറോപ്പും അമേരിക്കക്ക് സമാനമായ നടപടി സ്വീകരിക്കുന്നത്രെ. ബശാറുൽ അസദ് രാജ്യം വിട്ട ശേഷം സിറിയയിൽ പലയിടത്തായി അക്രമം നടന്നിരുന്നു. അസദിന്റെ അലവി വിഭാഗത്തെ തിരഞ്ഞുപിടിച്ച് ആക്രമിച്ചു എന്നും വാർത്തകൾ വന്നു. ഇത്തരം സംഭവത്തിലെ പ്രതികൾക്കെതിരെ മാത്രമായി യൂറോപ്യൻ യൂണിയൻ ഉപരോധം പരിമിതപ്പെടുത്തിയേക്കും.

സിറിയക്കെതിരെ ലോകം അനുകൂല സമീപനം സ്വീകരിക്കുമ്പോൾ ആശങ്ക ഇസ്രായേലിനാണ്. ഗാസയിൽ ആക്രമണം നടത്തുന്ന ഇസ്രായേലിനെതിരെ ഫ്രാൻസും ജർമനിയും കാനഡയും രംഗത്തുവന്നിട്ടുണ്ട്. ഈ വേളയിൽ തന്നെയാണ് അയൽ രാജ്യമായ സിറിയക്കെതിരായ ഉപരോധം നീങ്ങുന്നതും. 1967ലെ യുദ്ധത്തിൽ സിറിയയിൽ നിന്ന് ഇസ്രായേൽ പിടിച്ചടക്കിയ ഗൊലാൻ കുന്നിലാണ് സിറിയയിലെ നിലവിലെ പ്രസിഡന്റ് അഹമ്മദ് അൽ ഷർആ ജനിച്ചതും വളർന്നതും. യുദ്ധ പശ്ചാത്തലത്തിൽ പിന്നീട് പലായനം ചെയ്യുകയായിരുന്നു അദ്ദേഹത്തിന്റെ കുടുംബം.

## വഖഫ് മതേതരം, ഇസ്ലാമിന്റെ അനിവാര്യതയല്ല: കേന്ദ്രസർക്കാർ

ന്യൂഡൽഹി: വഖഫ് ഇസ്ലാമിക് ആശയമാണെങ്കിലും അതു മതത്തിന്റെ ഭാഗമല്ലെന്നും വഖഫ് ബോർഡുകൾ മതേതര പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെന്നും കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി.

വഖഫ് ബോർഡ് നിയമം മതാചാരങ്ങളിലെ ഇടപെടലും മൗലികാവകാശ ലംഘനവുമാണെന്ന ഹർജിക്കാരുടെ വാദങ്ങൾ ഖണ്ഡിച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ ഇക്കാര്യം ബോധിപ്പിച്ചത്. ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് എന്നിവരടങ്ങിയ ബെഞ്ചിൽ ഇന്നും വാദം തുടരും.

സ്വത്തുക്കൾ കൈകാര്യം ചെയ്യൽ, അറ്റകുറ്റപ്പണികൾ നടത്തൽ, അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യൽ തുടങ്ങി മതേതര പ്രവർത്തനങ്ങളാണ് വഖഫ് ബോർഡ് നിർവഹിക്കുന്നതെന്ന് കേന്ദ്ര സർക്കാരിനായി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത ചൂണ്ടിക്കാട്ടി. വഖഫ് ബോർഡ് നിയമം സ്വത്തിന്റെ ഭരണവുമായി ബന്ധപ്പെട്ടാണ്. ബോർഡിൽ രണ്ട് അമുസ്ലീങ്ങൾ ഉള്ളത് മതപരമായ ആചാരത്തെ ബാധിക്കില്ലെന്നും വാദിച്ചു.

വഖഫുകളിൽ പള്ളി, ദർഗ, അനാഥാലയം, സ്കൂൾ എന്നിവയുണ്ടാകാം. അവയ്ക്കു കീഴിൽ നിരവധി മതേതര, ജീവകാരുണ്യ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ വഖഫ് അമുസ്ലീങ്ങളുമായി ഇടപെടുന്നു. അതുകൊണ്ടാണ് ബോർഡിൽ അമുസ്ലീങ്ങളെയും ഉൾപ്പെടുത്തിയത് മുൻപ് ബോംബെ പബ്ലിക് ട്രസ്റ്റ് ആക്ടിന് കീഴിൽ വഖഫുകൾ ഭരിച്ച ചാരിറ്റി കമ്മിഷണർമാരിൽ മറ്റു മതക്കാരുണ്ടായിരുന്നു. ഹിന്ദു ട്രസ്റ്റുകളിൽ മറ്റുമതങ്ങളിൽ നിന്നുള്ള ചാരിറ്റി കമ്മിഷണർമാർ വരാറുണ്ട്.

വഖഫ് ഇസ്ലാമിൽ വെറും ചാരിറ്റി അഥവാ ദാനധർമം മാത്രമാണ്. എല്ലാ മതങ്ങളിലും ദാനധർമ്മം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അത് മതത്തിന്റെ ഭാഗമായി കണക്കാനാവില്ല. പല രാജ്യങ്ങളിലും വഖഫ് മതപരമല്ല.








# ഛത്തീസ്ഗഢിൽ 30 മാവോയിസ്റ്റുകളെ വധിച്ചു

റായ്പൂർ: ഛത്തീസ്ഗഢിൽ ഏറ്റുമുട്ടലിൽ 30 മാവോയിസ്റ്റുകളെ സുരക്ഷാസേന വധിച്ചു. അന്വേഷണ ഏജൻസികൾ തലയ്ക്ക് ഒരുകോടി രൂപ വിലയിട്ടിരുന്ന മാവോയിസ്റ്റ് നേതാവ് നംബാല കേശവറാവു എന്ന ബസവരാജ് ഉൾപ്പെടെയുള്ളവരെയാണ് വധിച്ചത്. ഏറ്റുമുട്ടലിൽ ജില്ലാ റിസർവ് ഗാർഡിലെ (ഡി.ആർ.ജി) ജവാൻ വീരമൃത്യു വരിച്ചു.

നാരായൺപുർ ജില്ലയിലെ അബുജ്മദ് വനമേഖലയിൽ ഇന്നലെ രാവിലെയാണ് ഏറ്റുമുട്ടലുണ്ടായത്. മേഖലയിൽ മുതിർന്ന മാവോയിസ്റ്റ് നേതാക്കളുടെ സാന്നിദ്ധ്യമുണ്ടെന്ന വിവരത്തെ തുടർന്നാണ് ഡി.ആർ.ജി സംഘം വനമേഖലയിലെത്തിയത്. മാവോയിസ്റ്റുകൾ സുരക്ഷാസേനയ്ക്ക് നേരേ വെടിയുതിർക്കുകയും സേന തിരിച്ചടിക്കുകയുമായിരുന്നു. നാരായൺപുർ, ബിജാപുർ, ദന്തേവാഡ ജില്ലകളിൽനിന്നുള്ള ഡി.ആർ.ജി സംഘമാണ് ഓപ്പറേഷൻ നടത്തിയത്.

പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്. മാവോയിസ്റ്റുകളുമായുള്ള ഏറ്റുമുട്ടലിനെ പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും അഭിനന്ദിച്ചു. ഛത്തീസ്ഗഢ് തെലങ്കാന അതിർത്തിയിൽ കഴിഞ്ഞ മാസം 'ബ്ളാക്ക് ഫോറസ്റ്റ്' എന്ന പേരിൽ മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷൻ നടന്നതിന് പിന്നാലെയാണ് വീണ്ടും ഏറ്റുമുട്ടൽ.

### നിരവധി ആക്രമണങ്ങളുടെ സൂത്രധാരൻ

2010ൽ 75 സി.ആർ.പി.എഫ് ഉദ്യോഗസ്ഥരുടെ കൊലപാതകം, 2013ൽ മുതിർന്ന കോൺഗ്രസ് നേതാക്കൾ ഉൾപ്പെട്ട ഝീരം ഘാട്ടി കൂട്ടക്കൊല എന്നിവയുൾപ്പെടെയുള്ള മാവോയിസ്റ്റ് ആക്രമണങ്ങളുടെ സൂത്രധാരനാണ് ബസവരാജ്. നിരോധിത സംഘടനയായ സി.പി.ഐയുടെ (മാവോയിസ്റ്റ്) ജനറൽ സെക്രട്ടറി. 1970 മുതൽ മാവോയിസ്റ്റ് പ്രവർത്തനങ്ങളിൽ സജീവം. വർഷങ്ങളായി വിവിധ ഏജൻസികൾ ഇയാൾക്കായി അന്വേഷണം നടത്തിവരികയായിരുന്നു.

# നാഷണൽ ഹെറാൾഡ് കേസിൽ സോണിയയ്ക്കും രാഹുലിനും കുരുക്ക് മുറുകുന്നു



ന്യൂഡൽഹി: തങ്ങൾക്ക് പങ്കാളിത്തമുള്ള യംഗ് ഇന്ത്യൻ പ്രൈവറ്റ് കമ്പനി വഴി കോൺഗ്രസ് നേതാക്കളായ സോണിയാഗാന്ധിയും രാഹുൽ ഗാന്ധിയും പൊതുജനങ്ങൾ നൽകിയ സംഭാവന യംഗ് ഇന്ത്യൻ കമ്പനിയിലേക്ക് വകമാറ്റിയെന്ന് നാഷണൽ ഹെറാൾഡ് കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ആരോപണം. 142 കോടി രൂപ അടക്കം കള്ളപ്പണ ഇടപാടുകൾ നടത്തിയെന്നും റോസ് അവന്യു കോടതി പ്രത്യേക ജഡ്ജി വിശാൽ ഗോഗ്നെ മുമ്പാകെ പ്രോസിക്യൂഷൻ പരാതിയിൻമേലുള്ള പ്രാരംഭ വാദങ്ങളിൽ ഇഡി ബോധിപ്പിച്ചു.

പാർട്ടി ആവശ്യങ്ങൾക്കായി പൊതുജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത സംഭാവനകളും അംഗത്വ ഫീസും തങ്ങൾക്ക് ഓഹരിയുള്ള യംഗ് ഇന്ത്യൻ കമ്പനിയിലേക്ക് 90.25 കോടിരൂപയുടെ വായ്പയായി വഴിതിരിച്ചുവിട്ടെന്ന് ഇഡിയുടെ പ്രത്യേക അഭിഭാഷകൻ സോഹെബ് ഹൊസൈൻ ആരോപിച്ചു.

പൊതുജനങ്ങളുടെ പണം വ്യക്തിഗത ഉപയോഗത്തിനായി മാറ്റാനും നാഷണൽ ഹെറാൾഡ് പത്രത്തിന്റെ പ്രസാധകരായ അസോസിയേറ്റഡ് ജേണൽസ് ലിമിറ്റഡിന്റെ (എ.ജെ.എൽ) 2,000 കോടി രൂപയുടെ ആസ്തികളുടെ നിയന്ത്രണം നേടാനുമുള്ള ഉപാധിയായാണ് യംഗ് ഇന്ത്യനെ ഉപയോഗിച്ചതെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ (എ.എസ്.ജി) എസ്.വി. രാജു വാദിച്ചു.

2023 നവംബറിൽ യംഗ് ഇന്ത്യന്റെ 661 കോടിയുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതുവരെ കുറ്റകൃത്യത്തിലൂടെ ലഭിച്ച പണം പ്രതികൾ കൈവശം വയ്ക്കുകയും ആസ്വദിക്കുകയും ചെയ്തു. ഇതിൽ 142 കോടി രൂപയുടെ വാടക വരുമാനം ഉൾപ്പെടുന്നു. കുറ്റകൃത്യത്തിൽ നിന്ന് ലഭിച്ച സ്വത്തുക്കൾക്ക് പുറമെ അതിൽ നിന്നുള്ള വരുമാനവും ക്രിമിനൽ പ്രവർത്തനത്തിന്റെ ഭാഗമാണെന്നും അത് കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിന്റെ പരിധിയിൽ വരുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേസ് രേഖകൾക്ക് ഏകദേശം 5,000 പേജുകളുള്ളതിനാൽ മറുപടി നൽകാൻ സമയം വേണമെന്ന് പ്രതിഭാഗത്തിനായി ഹാജരായ മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിംഗ്‌വി ആവശ്യപ്പെട്ടു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അദ്ധ്യക്ഷൻ സാം പിത്രോദ, രാജീവ് ഗാന്ധി ഫൗണ്ടേഷൻ ട്രസ്റ്റി സുമൻ ദുബെ തുടങ്ങിയവർ കൂട്ടുപ്രതികളാണ്. ഇന്നലെ പിത്രോദയുടെ അഭിഭാഷകൻ ഹാജരായിരുന്നില്ല. നടപടികൾ തുടരുമെന്ന് എ.എസ്.ജി അറിയിച്ചു. ജൂലായ് രണ്ടു മുതൽ എട്ടുവരെ കേസിൽ ദിവസേന വാദം കേൾക്കും.

2000 കോടിയിൽപ്പരം വിലമതിക്കുന്ന സ്വത്തുക്കൾ 50 ലക്ഷം രൂപയ്ക്ക് കോൺഗ്രസ് നേതാക്കൾക്ക് ഓഹരിയുള്ള യംഗ് ഇന്ത്യൻ പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുത്തെന്ന് ചൂണ്ടിക്കാട്ടി ബി.ജെ.പി നേതാവ് സുബ്രഹ്മണ്യൻ സ്വാമി 2014ൽ സമർപ്പിച്ച സ്വകാര്യ ക്രിമിനൽ പരാതിയിൽ നിന്നാണ് കേസിന്റെ ഉൽഭവം. 2021ൽ ഇഡി അന്വേഷണം ആരംഭിച്ചു.











# പ്രസവാനന്തര വിഷാദം വെളിപ്പെടുത്തി താരം ജെന്നിഫർ ലോറൻസ്

പോസ്റ്റപാർട്ടം ഡിപ്രഷനെ കുറിച്ചുള്ള തന്റെ അനുഭവം തുറന്ന് പറഞ്ഞ് ഹോളിവുഡ് നടി ജെന്നിഫർ ലോറൻസ്. തന്റെ പുതിയ ചിത്രമായ 'ഡൈ മൈ ലൗ' ന്റെ വാർത്താ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു ജനിഫർ. പുതിയതായി അമ്മയായ സ്ത്രീയുടെ ജീവിതത്തെ കുറിച്ചാണ് സിനിമ പറയുന്നത്. 'ഒരു അമ്മ എന്ന നിലയിൽ ഞാൻ യഥാർത്ഥ ജീവിതത്തിൽ ചെയ്തതും ആ കഥാപാത്രമായി ചെയ്തതും വേർതിരിക്കാനാവില്ല. അത് ശരിക്കും ഹൃദയഭേദകമായിരുന്നു', സിനിമയുടെ ഷൂട്ടിംഗിനെ കുറിച്ച് ജെന്നിഫർ ലോറൻസ് പറഞ്ഞു. പ്രസവാനന്തരവിഷാദം വളരെ വിഷമകരമായ ഒന്നാണ്. അത് കൂടുതൽ ഏകാന്തത സൃഷ്ടിക്കും . ആ സമയം തീവ്രമായ വിഷാദവും ഒറ്റപ്പെടലും ഉൽകണ്ഠയും അനുഭവപ്പെടും . അ സമയം പലപ്പോഴും താൻ ഒരന്യഗ്രഹ ജീവിയാണോ എന്നുപോലും തോന്നിയിയന്ന് ജെന്നിഫർ ലോറൻസ് പറഞ്ഞു.തന്റെ രണ്ടാമത്തെ കുഞ്ഞുമായി അഞ്ച് മാസം ഗർഭിണിയായിരിക്കെയാണ് 'ഡൈ മൈ ലൗ' ഷൂട്ട് ചെയ്തതെന്നും ജനിഫർ പറഞ്ഞു. 'കുട്ടികൾ ഉണ്ടാകുന്നത് നിങ്ങളുടെ ജീവിതത്തെ ആകെ മാറ്റി മറയ്ക്കും. അത് ക്രൂരവും രസകരവുമാണ്', 'അതിനാൽ ഞാൻ ജോലി ചെയ്യണോ, ഞാൻ എവിടെ ജോലി ചെയ്യണം, ഞാൻ ജോലി ചെയ്യുമ്പോൾ എങ്ങനെയായിരിക്കണം എന്നിങ്ങനെയുള്ള എല്ലാ തീരുമാനങ്ങളിലും അവർ ഇടപെടുന്നു. ഒരു അഭിനേതാവ് ആകണമെങ്കിൽ കുട്ടികൾ ഉണ്ടായിരിക്കുന്നത് നല്ലതാണെന്നാണ് അഭിപ്രായം', ജെന്നിഫർ പറഞ്ഞു.

# സകുടുംബം; മക്കളുടെ അപൂർവ ചിത്രങ്ങൾ പങ്കിട്ട് മേഗൻ മാർക്കിൾ





വളരെ അപൂർവ്വമായി മാത്രമേ ഹാരിരാജകുമാരനും പങ്കാളി മേഗൻ മാർക്കിളും തങ്ങളുടെ കുട്ടികളുടെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കിടാറുള്ളൂ. എന്നാൽ വിവാഹ വാർഷികാഘോഷത്തിന്റെ ഭാഗമായി മേഗൻ അടുത്തിടെ പങ്കുവച്ച ചിത്രത്തിൽ മക്കളായ ആർച്ചിയെയും ലിലിബെറ്റിനെയും കാണാം.തങ്ങളുടെ ഏഴാം വിവാഹ വാർഷികം ആഘോഷിക്കുന്ന വേളയിൽ 43 കാരിയായ മാർക്കിൾ, കുടുംബത്തിന്റെ നിരവധി ചിത്രങ്ങൾ പങ്കിട്ടു. ഇതിൽ രാജകുടുംബത്തിന്റെ ഇതുവരെ പുറത്ത് വന്നിട്ടില്ലാത്ത ചിത്രങ്ങളും ഉൾപ്പെടുന്നു. ഒരു ഫോട്ടോയിൽ 2022-ൽ ആർച്ചി തന്റെ സഹോദരിയുടെ നെറ്റിയിൽ ചുംബിക്കുന്നത് കാണാം.എന്നാൽ കുടുംബത്തിന്റെ സുരക്ഷയാണ് തന്റെ പ്രഥമ പരിഗണനയെന്ന് 40 കാരനായ ഹാരി വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് തന്നെ കുട്ടികളുടെ ചിത്രങ്ങൾ ദമ്പതികൾ അധികം പുറത്ത് വിടാറില്ല. നേരത്തെ വീട്ടിലേയ്ക്കുള്ള സന്ദർശന വേളകളിൽ രാജകീയ സുരക്ഷ ഉറപ്പാക്കണം എന്ന ഹാരിയുടെ അപ്പീൽ യുകെ കോടതി അടുത്തിടെ നിരസിച്ചിരുന്നു. ജീവിതം വിലപ്പെട്ടതാണെന്നും യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതിൽ അർഥമില്ലെന്നുമായിരുന്നു ഇതിനോട് ഹാരി പ്രതികരിച്ചത്.

# മൂന്ന് മിനിറ്റ് രംഗത്തിന് 4.5 കോടി; ഭഗവന്ത് കേസരിയിലെ പകർപ്പവകാശം സ്വന്തമാക്കി ജന നായകൻ



വിജയ് നായകനാകുന്ന 'ജന നായക്' എന്ന ചിത്രത്തിനായി തമിഴ് സിനിമാ പ്രേക്ഷകരും ആരാധകരും ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഇപ്പോഴിതാ, ചിത്രത്തിന്റെ പുതിയൊരു അപ്ഡേറ്റ് സോഷ്യൽ മീഡിയയുടെ ശ്രദ്ധ പിടിച്ചുപറ്റുന്നു. നന്ദമുരി ബാലകൃഷ്ണയുടെ 'ഭഗവന്ത് കേസരി' എന്ന ചിത്രത്തിലെ ഒരു രംഗത്തിന്റെ റീമേക്ക് അവകാശം ജന നായക് സ്വന്തമാക്കി.കുട്ടികൾക്കായി ഗുഡ് ടച്ച് ബാഡ് ടച്ച് വിശദീകരിച്ചു കൊടുക്കുന്ന ബാലകൃഷ്ണയുടെ ഡയലോഗ് ഉൾപ്പെടുന്ന രംഗമാണ് ജന നായകനിൽ വിജയ് പുനസൃഷ്ടിക്കുക. 4.5 കോടിക്കാണ് മൂന്ന് മിനിറ്റിനടുത്തു വരുന്ന ഈ രംഗത്തിന്റെ പകർപ്പവകാശം ടീം സ്വന്തമാക്കിയത്. മുൻപ് ജന നായകൻ 'ഭഗവന്ത് കേസരി'യുടെ റീമേക്ക് ആണെന്ന് റിപ്പോർട്ട് വന്നെങ്കിലും അണിയറ പ്രവർത്തകർ അത് നിഷേധിച്ചിരുന്നു.

# വിവാഹ തീയതി പ്രഖ്യാപിച്ചു ധൻഷികയും വിശാലും



നടൻ വിശാൽ വിവാഹിതനാകാൻ പോകുന്നു എന്നും നടി ധൻഷികയാണ് വധു എന്ന തരത്തിലും വാർത്തകൾ പുറത്തു വന്നിരുന്നു. പ്രണയ വിവാഹമാണെന്നും വിശാൽ അറിയിച്ചിരുന്നു. എന്നാൽ ഇപ്പോൾ വിവാഹ തീയതി തുറന്നു പറഞ്ഞിരിക്കുകയാണ് വിശാലും ധൻഷികയും. യോഗിഡാ എന്ന പുതിയ സിനിമയുടെ ഓഡിയോ ലോഞ്ചിനിടെ ആയിരുന്നു താരങ്ങളുടെ വെളിപ്പെടുത്തൽ. വിവാഹം ഓ?ഗസ്റ്റ് 29ന് നടക്കുമെന്നാണ് ധൻഷിക ഓഡിയോ ലോഞ്ച് വേദിയിൽ പറഞ്ഞത്. 'ഈ വേദി ഞങ്ങളുടെ വിവാഹ അനൗൺമെന്റ് വേദി ആകുമെന്ന് ഒരിക്കലും ഞാൻ വിചാരിച്ചില്ല. പതിനഞ്ച് വർഷമായി ഞങ്ങൾ സുഹൃത്തുക്കളാണ്. ഞങ്ങളെ പറ്റി രാവിലെ വാർത്തകളും വന്നിരുന്നു. ഇനി മറയ്ക്കാൻ ഒന്നുമില്ല. ഒടുവിൽ ഞങ്ങൾ ഓഗസ്റ്റ് 29ന് വിവാഹം കഴിക്കാൻ തീരുമാനിച്ചു. ഒരു കാര്യമേ എനിക്കുള്ളൂ. അദ്ദേഹത്തോടൊപ്പം എന്നും സന്തോഷമായി ഇരിക്കണം.എന്നായിരുന്നു ധൻഷികയുടെ വാക്കുകൾ.



# 19-ാം വയസ്സിൽ കാസ്റ്റിംഗ് കൗച്ച് നേരിട്ടു, ദുരനുഭവം ഓർത്ത് നടി സയാമി ഖേർ

രാകേഷ് ഓംപ്രകാശ് മെഹ്റയുടെ 'മിർസിയ' എന്ന ചിത്രത്തിലൂടെ ബോളിവുഡിൽ അരങ്ങേറ്റം കുറിച്ച നടി സയാമി ഖേർ അടുത്തിടെ താൻ നേരിട്ട ബുദ്ധിമുട്ടുകളെക്കുറിച്ച് തുറന്നു പറഞ്ഞു. ഒരു വനിതാ കാസ്റ്റിംഗ് ഡയറക്ടർ ഒരു തെലുങ്ക് സിനിമയിലെ വേഷത്തിനായി വിട്ടുവീഴ്ച ചെയ്യാൻ ആവശ്യപ്പെട്ടതായി സയാമി പറഞ്ഞു. ബോളിവുഡ് ബബിളിന് നൽകിയ അഭിമുഖത്തിൽ, സയാമി തന്റെ കാസ്റ്റിംഗ് കൗച്ച് അനുഭവം ഓർമ്മിച്ചു. 'എനിക്ക് ലഭിച്ച എല്ലാ അവസരങ്ങളിലും ഞാൻ വളരെ ഭാഗ്യവതിയാണ്. എനിക്ക് 19 അല്ലെങ്കിൽ 20 വയസ്സുള്ളപ്പോൾ, ഒരു തെലുങ്ക് സിനിമയ്ക്കായി എന്നെ വിളിച്ച ഒരു ഏജന്റ് ഉണ്ടായിരുന്നു. നിങ്ങൾ വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വരുമെന്നാണ് ഒരിക്കൽ അവർ എന്നോടുപറഞ്ഞത്. ഒരു സ്ത്രീയാണ് മറ്റൊരു സ്ത്രീയോട് അത് പറഞ്ഞത്. ഞാൻ വല്ലാതെയായിപ്പോയി.' സയാമി പറഞ്ഞു.'നിങ്ങളെന്താണ് പറയുന്നതെന്ന് എനിക്ക് മനസിലാവുന്നില്ലെന്ന് ഞാൻ അവരോട് പലവട്ടം പറഞ്ഞു. നിങ്ങൾ മനസിലാക്കിയേ തീരൂവെന്ന് അവരും പറഞ്ഞു. ഈ വഴി പോകേണ്ട ഒരാളാണ് ഞാനെന്ന് നിങ്ങൾക്ക് തോന്നിയതിൽ ഖേദിക്കുന്നുവെന്ന് അപ്പോൾ ഞാൻ മറുപടി പറഞ്ഞു.എന്റെ ജീവിതത്തിൽ ഒരിക്കലും മറികടന്നിട്ടില്ലാത്ത ചില അതിരുകളുണ്ട്. എനിക്കത് ഒരുതവണ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഒരു സ്ത്രീ എന്നോട് ഇത് ആവശ്യപ്പെട്ടത് അന്ന് മാത്രമാണ്.' സയാമി വ്യക്തമാക്കി.'മിർസിയ'യിൽ അനിൽ കപൂറിന്റെ മകൻ ഹർഷവർദ്ധൻ കപൂറിനൊപ്പമാണ് സയാമി അഭിനയിച്ചത്. പിന്നീട് 'ചോക്ക്ഡ്,' 'അൺപോസ്ഡ്' തുടങ്ങിയ ബോളിവുഡ് സിനിമകളിലും നാഗാർജുനയുടെ 'വൈൽഡ് ഡോഗ്', 'ഹൈവേ' തുടങ്ങിയ തെലുങ്ക് ചിത്രങ്ങളിലും അവർ അഭിനയിച്ചു.

# മോഹൻലാലിന്റെ സിനിമയിൽ നിന്ന് എന്തുകൊണ്ട് പിന്മാറി? തുറന്ന് പറഞ്ഞ് ഐശ്വര്യ ലക്ഷ്മി

മോഹൻലാലിനെ നായകനാക്കി സത്യൻ അന്തിക്കാട് സംവിധാനം ചെയ്യുന്ന ചിത്രമാണ് ഹൃദയപൂർവ്വം.

ചിത്രത്തിൽ ആദ്യം ഐശ്വര്യ ലക്ഷ്മിയെയായിരുന്നു നായികയായി പരിഗണിച്ചിരുന്നത്. എന്നാൽ പിന്നീട് സിനിമയിൽ നിന്ന് നടി പിന്മാറിയിരുന്നു. ഇപ്പോഴിതാ അതിന്റെ കാരണം തുറന്ന് പറയുകയാണ് ഐശ്വര്യ ലക്ഷ്മി. ഡേറ്റ് ഇല്ലാത്തതുകൊണ്ടാണ് ഹൃദയപൂർവ്വത്തിൽ നിന്നും പിന്മാറിയതെന്ന് ഐശ്വര്യ പറഞ്ഞു. ‘ഡേറ്റ് ഇല്ലായിരുന്നു. നേരത്തെ കമ്മിറ്റ് ചെയ്ത തെലുങ്ക് സിനിമയുടെ ഷൂട്ട് ഡിസംബറിൽ ഉണ്ടായിരുന്നു. അത് ഇതുവരെ തീർന്നിട്ടില്ല. എനിക്ക് ഹൃദയപൂർവ്വം വിധിച്ചിട്ടില്ല. ഡേറ്റ് ക്ലാഷ് വരുമ്പോൾ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. കൊടുത്ത വാക്ക് മാറ്റാൻ കഴിയില്ലല്ലോ’, ഐശ്വര്യ ലക്ഷ്മി പറഞ്ഞു. കഴിഞ്ഞ ദിവസമാണ് ഹൃദയപൂർവ്വം ചിത്രത്തിന്റെ ഷൂട്ടിംഗ് പൂർത്തിയായത്. ‘ഇനി ബിഗ് സ്ക്രീനിൽ കാണാം’ എന്ന തലക്കെട്ടോടെ സിനിമയുടെ മുഴുവൻ അണിയറപ്രവർത്തകർക്കൊപ്പമുള്ള ചിത്രം മോഹൻലാൽ പങ്കുവെച്ചിരുന്നു. ആഗസ്റ്റ് 28 ന് ഓണം റിലീസായി ഹൃദയപൂർവ്വം തിയേറ്ററിലെത്തും. ‘ഹൃദയപൂർവ്വം ഒരു ഫീൽ ഗുഡ് സിനിമയായിരിക്കും. എന്നാൽ സത്യേട്ടൻറെ സാധാരണ സിനിമകളിൽ നിന്നൊക്കെ മാറിയ ഒരു കഥയാണ്. അതിനുവേണ്ടി കാത്തിരിക്കാം’ എന്നാണ് സിനിമയെക്കുറിച്ച് മോഹൻലാൽ പറഞ്ഞത്.

സത്യൻ അന്തിക്കാടും മോഹൻലാലും ഒന്നിക്കുന്ന ഇരുപതാമത്തെ ചിത്രമാണ് ഹൃദയപൂർവ്വം. മാളവിക മോഹനൻ ആണ് നായിക കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.



# അപ്രധാന വേഷങ്ങൾ ചെയ്ത് കരിയർ ഇങ്ങനെ നശിപ്പിക്കല്ലേ... തൃഷയ്ക്കെതിരെ സോഷ്യൽ മീഡിയ



കമൽഹാസനും മണിരത്നവും ഒന്നിക്കുന്ന ചിത്രമാണ് തഗ് ലൈഫ്. കഴിഞ്ഞ ദിവസം ചിത്രത്തിന്റെ ട്രെയിലർ അണിയറ പ്രവർത്തകർ പുറത്തിറക്കിയിരുന്നു. സോഷ്യൽ മീഡിയയിൽ നിന്ന് ട്രെയിലറിന് സമ്മിശ്ര പ്രതികരണമാണ് ലഭിക്കുന്നത്. കമൽഹാസനൊപ്പം നടി തൃഷയും ചിത്രത്തിൽ ഒരു പ്രധാന വേഷത്തിൽ എത്തുന്നു. ചിത്രത്തിലെ രണ്ടാമത്തെ ഗാനം പുറത്തിറക്കുമെന്ന് കഴിഞ്ഞ ദിവസം നിർമ്മാതാക്കൾ പ്രഖ്യാപിച്ചിരുന്നു.

മെയ് 21 ന് ആണ് ഷു?ഗർ ബേബി എന്ന പാട്ട് റിലീസ് ചെയ്യുക. ’നോ റൂൾസ്, ജസ്റ്റ് ലവ്’- എന്ന ടാ?ഗ് ലൈനോടെയാണ് ഗാനം പ്രേക്ഷകരിലേക്കെത്തുക. തൃഷയാണ് ഈ ഗാന രംഗത്തിൽ പ്രത്യക്ഷപ്പെടുക. തൃഷയുടെ ഫോട്ടോ പങ്കുവച്ചാണ് ഷുഗർ ബേബി അണിയറപ്രവർത്തകർ പ്രഖ്യാപിച്ചത്. ഇതിന് പിന്നാലെ നടി തൃഷയ്ക്കെതിരെ വ്യാപക ട്രോളുകളും വിമർശനവുമാണ് സോഷ്യൽ മീഡിയയിൽ ഉയരുന്നത്. തഗ് ലൈഫിലെ അഭിനയത്തിന് മാത്രമല്ല, സമീപ കാല സിനിമകളിലെ വേഷങ്ങൾക്കും നടി വിമർശനങ്ങൾ നേരിടുന്നുണ്ട്. മുൻകാലങ്ങളിൽ പ്രധാനപ്പെട്ട വേഷങ്ങൾ തിരഞ്ഞെടുത്തിരുന്ന തൃഷയ്ക്ക് എന്ത് സംഭവിച്ചു എന്നതാണ് നെറ്റിസൺമാരുടെ പ്രധാന ചോദ്യം.വിടാമുയർച്ചി, ദി ഗോട്ട്, ഗുഡ് ബാഡ് അഗ്ലി, തഗ് ലൈഫ് തുടങ്ങിയ ചിത്രങ്ങളിലെ വേഷങ്ങളുമായി താരതമ്യങ്ങൾ നടത്തി ആരാധകർ ഇപ്പോൾ നടിക്കെതിരെ രംഗത്തെത്തിയിട്ടുണ്ട്. രണ്ട് പതിറ്റാണ്ട് നീണ്ടുനിൽക്കുന്ന കരിയറിൽ, തൃഷ ഇപ്പോൾ തിരഞ്ഞെടുക്കുന്ന വേഷങ്ങളൊന്നും മികച്ചതല്ലെന്നാണ് മിക്കവരും അഭിപ്രായപ്പെടുന്നത്. മഗിഴ് തിരുമേനി സംവിധാനം ചെയ്ത് അജിത്ത് പ്രധാന വേഷത്തിൽ അഭിനയിച്ച ചിത്രമായിരുന്നു വിടാമുയർച്ചി. ചിത്രത്തിൽ കായൽ എന്ന കഥാപാത്രത്തെയാണ് തൃഷ അവതരിപ്പിച്ചത്. അജിത്-തൃഷ കോംബോ തിരിച്ചെത്തിയ ചിത്രമായിരുന്നു ഗുഡ് ബാഡ് അഗ്ലി. അജിത്തിന്റെ പ്രകടനത്തെ പ്രശംസിച്ചെങ്കിലും, തൃഷയുടെ പ്രകടനം ഒരു വിഭാഗം പ്രേക്ഷകരെ നിരാശരാക്കി.വിജയ് ചിത്രം ഗോട്ടിൽ ഒരു ഗാന രംഗത്തിൽ മാത്രമാണ് തൃഷ പ്രത്യക്ഷപ്പെട്ടത്.

# 'കൽ ഹോ നാ ഹോ'; പ്രിയപ്പെട്ട ചിത്രം, ഇപ്പോൾ കാണുമ്പോഴും കരയാറുണ്ട്;' പ്രീതി സിന്റ

ഷാരൂഖ് ഖാൻ, പ്രീതി സിന്റ, സെയ്ഫ് അലി ഖാൻ എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ച ചിത്രമാണ് കൽ ഹോ ന ഹോ.˝. ഈ ചിത്രത്തെക്കുറിച്ചുള്ള പ്രീതി സിന്റയുടെ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്. എക്സ് പ്ലാറ്റ്ഫോമിൽ ആരാധകരുമായി സംവദിക്കുന്നതിനിടെയാണ് നടി തന്റെ സിനിമാ അനുഭവങ്ങൾ പങ്കുവെച്ചത്. ഓരോ തവണയും കൽ ഹോ ന ഹോ കാണുമ്പോൾ താൻ കരയാറുണ്ടെന്നാണ് ഒരു ആരാധകൻ നടിയോട് പറഞ്ഞത്. നിങ്ങൾ നൈന കാതറിൻ കപൂറിനെ അതിഗംഭീരമാക്കി. നിങ്ങളും ഞങ്ങളെ പോലെ ഈ സിനിമ കാണുമ്പോൾ കരയാറുണ്ടോ എന്നും ആരാധകൻ ചോദിച്ചു. ആ സിനിമ ഇപ്പോൾ കാണുമ്പോഴും താൻ കരയാറുണ്ടെന്നായിരുന്നു നടി ഇതിനു നൽകിയ മറുപടി. ആ ചിത്രം ജീവിതത്തോട് ഏറെ സാമ്യമുള്ള ചിത്രമാണെന്നും കാണുമ്പോൾ മാത്രമല്ല, അതിന്റെ ചിത്രീകരണവേളയിലും ഒരുപാട് കരഞ്ഞിട്ടുണ്ടെന്നും പ്രീതി വെളിപ്പെടുത്തി. തന്റെ ആദ്യ കാമുകൻ ഒരു കാറപകടത്തിൽ മരിക്കുകയായിരുന്നു. അതുകൊണ്ട് ഈ ചിത്രം തന്നെ എപ്പോഴും മറ്റൊരു രീതിയിൽ സ്പർശിച്ചു. രസകരമായ വസ്തുത എന്താണെന്നാൽ മിക്ക രം?ഗങ്ങൾ ചിത്രീകരിക്കുമ്പോഴും എല്ലാ അഭിനേതാക്കളും കരഞ്ഞു എന്നതാണ്. പീതി സിന്റ കൂട്ടിച്ചേർത്തു.





## മോഹൻലാലിന്റെ അഭിനയജീവിതം പുസ്തകമാകുന്നു

47 വർഷത്തെ മോഹൻലാലിന്റെ അഭിനയ ജീവിതം പുസ്തകമാകുന്നു. മുഖരാഗം എന്ന പേരിൽ ഭാനുപ്രകാശ് ആണ് ലാലിന്റെ ജീവചരിത്രം എഴുതുന്നത്.' പ്രിയപ്പെട്ടവരെ, എന്റെ ഈ പിറന്നാൾ ദിനത്തിൽ ഒരു വലിയ സന്തോഷം നിങ്ങളുമായി പങ്കുവയ്ക്കുകയാണ്. ഭാനുപ്രകാശ് എഴുതിയ എന്റെ ജീവചരിത്രം, മുഖരാഗം മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിക്കുന്നു. മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എം ടി വാസുദേവൻ നായർ, അദ്ദേഹമാണ് അവതാരിക എഴുതിയിരിക്കുന്നത്.കഴിഞ്ഞ 47 വർഷത്തിലേറെയായി തുടരുന്ന എന്റെ അഭിനയ ജീവിതത്തിലെ വിവിധ അടരുകൾ അടയാളപ്പെടുത്തുന്ന പുസ്കമാണിത്.ഏറെ വർഷങ്ങളായി എനിക്കൊപ്പം സഞ്ചരിച്ച് എന്റെ ജീവിതം അക്ഷരങ്ങളിലേക്ക് പകർത്തിയെഴുതാൻ ഭാനുപ്രകാശ് എന്ന എഴുത്തുകാരൻ നടത്തുന്ന പരിശ്രമങ്ങളാണ് മുഖരാഗത്തെ യാഥാർത്ഥ്യമാക്കുന്നത്.ആയിരത്തോളം പേജ് വരുന്ന ഈ പുസ്തകം എന്റെ സിനിമാ ജീവിതത്തിന്റെ 47 വർഷം പൂർത്തിയാവുന്ന 2025 ഡിസംബർ 25 ന് പുറത്തുവരുമെന്നും മോഹൻലാൽ പറഞ്ഞു.

# രേവതിയിൽ പിറന്ന സൂര്യപുത്രന് 65-ാം പിറന്നാൾ


മലയാളത്തിന്റെ താര രാജാവ് മോഹൻലാലിന് ഇന്ന് 65ആം പിറന്നാൾ. ഓരോ മലയാളിയുടെയും അഭിമാനമായ താരത്തിന്റെ പിറന്നാൾ ഓരോ മലയാളിയും ആഘോഷിക്കുകയാണ്. 18-ാം വയസിൽ സുഹൃത്തുക്കളുടെ കൂട്ടായ്മയിൽ ഒരുങ്ങിയ തിരനോട്ടം എന്ന ചിത്രത്തിൽ അഭിനയിച്ചുകൊണ്ടാണ് മോഹൻലാൽ ക്യാമറയ്ക്ക് മുന്നിലേക്ക് എത്തുന്നത്. ശങ്കർ നായകനായ ഫാസിൽ ചിത്രം മഞ്ഞിൽ വിരിഞ്ഞ പൂക്കളിലെ പ്രതിനായക വേഷത്തിലൂടെ ആണ് മോഹൻലാൽ മലയാളികളുടെ മനസിലേക്ക് നടന്ന് കയറിയത്.26-ാം വയസിലാണ് മോഹൻലാലിന് ടി പി ബാല?ഗോപാലൻ എംഎ എന്ന സത്യൻ അന്തിക്കാട് ചിത്രത്തിലൂടെ ആദ്യ സംസ്ഥാന അവാർഡ് ലഭിക്കുന്നത്. നാല് ദേശീയ പുരസ്കാരങ്ങളും ഏഴ് സംസ്ഥാന പുരസ്കാരങ്ങളും പിൽക്കാലത്ത് അദ്ദേഹത്തെ തേടിയെത്തി.അതേസമയം മലയാളത്തിൽ ആദ്യമായി 50 കോടി, 100 കോടി, 250 കോടി ക്ലബ്ബുകൾ ഒക്കെ തുറന്നത് മോഹൻലാൽ ആണ്. ഇപ്പോൾ താരത്തിന്റെ തുടരും എന്ന ചിത്രം ബോക്സ്ഓഫീസിൽ വിജയ കുതിപ്പ് തുടരുകയാണ്. അതെ, മോഹൻലാൽ തുടരും.

## മലയാളികൾ ഏറ്റെടുത്ത ചില ലാലേട്ടൻ മാസ്സ് ഡയലോഗുകൾ

മോഹൻലാൽ മലയാളികൾക്ക് എന്നും ഒരു വികാരമാണ്. താരത്തിന്റെ ചിത്രങ്ങൾ മാത്രമല്ല ചിത്രത്തിലെ ഡയലോഗുകൾ പോലും ആരാധകർ ഏറ്റെടുക്കാറുണ്ട്. ഇത്തരത്തിൽ മലയാളികൾ ഏറ്റെടുത്ത ചില ലാലേട്ടൻ മാസ്സ് ഡയലോഗുകൾ നോക്കാം. ''ഇമ്മക്കൊരോ നാരങ്ങാ വെള്ളം കാച്ചിയാലോ'' മലയാളികൾ ഇത്തിരി മദ്യം സേവിക്കാനൊരുങ്ങുമ്പോൾ പൊതുവേ ഉപയോഗിക്കുന്ന ഒരു ഡയലോഗ് ആണ് ഇത്. പദ്മരാജൻ സംവിധാനം ചെയ്ത 'തൂവാനത്തുമ്പികൾ' എന്ന സിനിമയിലേതാണ് ഈ ഡയലോഗ്.''അവൻ കൊല്ലാൻ ശ്രമിക്കും; ഞാൻ ചാവാതിരിക്കാനും'' ഭരതൻ സംവിധാനം ചെയ്ത 'താഴ്‌വാര'ത്തിലെ ഈ ഡയലോഗ് മലയാളികളുടെ പ്രിയപ്പെട്ട ഡയലോഗ് ആണ്.

**'നെട്ടൂരാനോടാണോടാ നിന്റെ കളി'**
ലാൽ സലാം
**'സവാരി ഗിരി ഗിരി'**
രാവണപ്രഭു
**'എന്താടോ വാര്യരെ ഞാൻ നന്നാവാത്തത്'**
ദേവാസുരം
**'വട്ടാണല്ലേ...**
കിലുക്കം
**'എന്നെ കൊല്ലാതിരിക്കാൻ പറ്റുമോ, ഇല്ലല്ലേ?**
ചിത്രം'
**'എന്നോട് പറ ഐ ലവ് യൂ...ന്ന്'**
വന്ദനം
**'ലേലു അല്ലു ലേലു അല്ലു**
തേന്മാവിൻ കൊമ്പത്ത്
**'നർക്കോട്ടിക്സ് ഈസ് എ ഡേർട്ടി ബിസിനസ്സ്'**
ഇരുപതാം നൂറ്റാണ്ട്
**'എടാ വിജയാ നമുക്കെന്താ ഈ ബുദ്ധി നേരത്തെ തോന്നാഞ്ഞത്'**
നാടോടിക്കാറ്റ്

## 25 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരേഷ് റാവലിന്
# അക്ഷയ് കുമാറിന്റെ വക്കീൽ നോട്ടീസ്



നടൻ പരേഷ് റാവലിന് ബോളിവുഡ് സൂപ്പർ താരം അക്ഷയ് കുമാറിന്റെ വക്കീൽ നോട്ടീസ്. 25 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടാണ് നോട്ടീസ് അയച്ചത്.അഭിനയിക്കാൻ കരാറായി ഷൂട്ടിങ് ആരംഭിച്ചതിന് പിന്നാലെ ചിത്രത്തിൽ നിന്ന് പിന്മാറിയതിനെ തുടർന്നാണ് ഇത്തരമൊരു നടപടിയെന്നാണ് റിപ്പോർട്ട്.അക്ഷയ് കുമാറിന്റെ നിർമാണക്കമ്പനിയായ കേപ് ഓഫ് ഗുഡ് ഫിലിംസാണ് നോട്ടീസ് അയച്ചത്. പ്രിയദർശൻ സംവിധാനം ചെയ്യുന്ന ഹേരാ ഫേരി 3-ൽ നിന്ന് പിന്മാറിയതായി കഴിഞ്ഞദിവസം പരേഷ് റാവൽ അറിയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് നോട്ടീസ് അയച്ചത്.ഏപ്രിലിൽ ചിത്രത്തിന്റെ ഷൂട്ടിങ് ആരംഭിച്ചിരുന്നു. അക്ഷയ് കുമാറും സുനിൽ ഷെട്ടിയും പരേഷ് റാവലും ഷൂട്ടിങ്ങിന്റെ ഭാഗമായിരുന്നുവെന്നും ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അക്ഷയ് കുമാർ തന്നെയാണ് ചിത്രം നിർമിക്കുന്നത്. ഹേരാ ഫേരി ഫ്രാഞ്ചൈസിലെ ആദ്യ രണ്ട് സിനിമകളുടെ നിർമാതാക്കളായ ഫിറോസ് നദിയാദ്‌വാലയിൽ നിന്ന് അക്ഷയ് കുമാർ നിർമാണാവകാശങ്ങളും സ്വന്തമാക്കിയിരുന്നു.പരേഷ് റാവലിന്റെ സാധാരണ പ്രതിഫലത്തിന്റെ മൂന്നുമടങ്ങാണ് 'ഹേരാ ഫേരി 3'-യിലെന്നാണ് റിപ്പോർട്ടുകൾ. പരേഷ് റാവലിന് താൽപര്യമില്ലായിരുന്നുവെങ്കിൽ കരാറാവുന്നതിന് മുമ്പ് തന്നെ അറിയിക്കണമെയിരുന്നുവെന്നാണ് അക്ഷയ് കുമാറിന്റെ നിർമാണക്കമ്പനി വൃത്തങ്ങൾ പറയുന്നത്.കരാർ പ്രകാരമുള്ള പ്രതിഫലം കൈപ്പറ്റുകയും ചിത്രീകരണത്തിനായി നിർമാതാവ് പണം മുടക്കുകയും ചെയ്ത ശേഷമാണ് പരേഷ് റാവൽ പിന്മാറ്റം അറിയിച്ചതെന്നും അവർ വ്യക്തമാക്കുന്നു. ഹേരാ ഫേരി 3-ൽ താൻ അഭിനയിക്കുന്നതായി ജനുവരിയിൽ സ്വന്തം എക്സ് ഹാൻഡിൽ വഴി പരേഷ് റാവൽ തന്നെ പ്രഖ്യാപനം നടത്തിയിരുന്നു.

## അറ്റ്ലി ചിത്രത്തിൽ വില്ലനും നായകനും അല്ലു തന്നെ




ജവാൻ സംവിധായകനായ അറ്റ്ലി സംവിധാനം ചെയ്യുന്ന പുതിയ പാൻ ഇന്ത്യാ ചിത്രത്തിലാണ് അല്ലു അർജുൻ അടുത്തതായി നായകനായി എത്തുന്നത്.ടൈം ട്രാവൽ ആസ്പദമാക്കി നിർമ്മിക്കപ്പെടുന്ന ഒരു സയൻസ് ഫിക്ഷൻ ചിത്രമാണ് ഇതെന്നാണ് സൂചന. ഹോളിവുഡ് നിലവാരത്തിലുള്ള ആക്ഷൻ രംഗങ്ങൾ ഇതിലുണ്ടാകുമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പുഷ്പ 2വിന് ശേഷം പാൻ ഇന്ത്യൻ താരമായ അല്ലുവിനെ മറ്റൊരു തലത്തിലേക്ക് എത്തിക്കുന്ന ചിത്രമായിരിക്കും ഇതെന്നാണ് സൂചന. ഈ ചിത്രത്തിൽ അല്ലു അർജുൻ മൂന്ന് വ്യത്യസ്ത കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നു എന്നാണ് നായകനും വില്ലനും അല്ലു തന്നെയായിരിക്കും കൂടാതെ ഒരു ആനിമേഷൻ കഥാപാത്രമായും അല്ലു പ്രത്യക്ഷപ്പെടും. മൂന്ന് വ്യത്യസ്ത വേഷങ്ങളിൽ അല്ലു അർജുൻ ഒരു ചിത്രത്തിൽ എത്തുന്നത് ഇത് ആദ്യമായാണ്. ഓരോ കഥാപാത്രത്തിനും അനുയോജ്യമായ ബോഡി ട്രാൻസ്ഫോർമേഷൻ, സ്റ്റൈലിംഗ്, ലുക്കുകൾ എന്നിവ ഉണ്ടാക്കിയെടുക്കാൻ അല്ലു കഠിനമായി പരിശീലനം നടത്തുന്നുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ചിത്രത്തിന്റെ വിഎഫ്എക്സ് ഭാഗങ്ങൾക്കായി അന്താരാഷ്ട്ര വിദഗ്ധരോടൊപ്പമാണ് അറ്റ്ലി പ്രവർത്തിക്കുന്നത്.700 കോടി രൂപയുടെ ഭീമമായ ബജറ്റിലാണ് ചിത്രം നിർമ്മിക്കുന്നത്. ഇത് ഇന്ത്യൻ സിനിമയിലെ ഏറ്റവും ചെലവേറിയ ചിത്രങ്ങളിൽ ഒന്നായിരിക്കും എന്നാണ് വിവരം. ജാൻവി കപൂർ, അനന്യ പാണ്ഡേ എന്നിവരെ പ്രധാന വേഷങ്ങളിൽ പരിഗണിച്ചേക്കും എന്നാണ് വിവരം.

# 15 വർഷത്തെ ഇടവേളയ്ക്ക് ശേഷം ജാഫർ പനാഹി കാനിലെത്തി



കാൻ: ഇറാനിയൻ ചലിച്ചിത്ര സംവിധായകൻ ജാഫർ പനാഹി കാനിലെത്തി. നീണ്ട 15 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് പനാഹി ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനെത്തുന്നത്. ചൊവ്വാഴ്ച കാൻ ചലച്ചിത്രോത്സവത്തിലാണ് തന്റെ പുതിയ ചിത്രമായ 'ഇറ്റ് വാസ് ജസ്റ്റ് ആൻ ആക്സിഡന്റു'മായി പനാഹിയെത്തിയത്. രാഷ്ട്രീയത്തടവുകാർ അവരെ തടവിലിട്ടവരോട് പ്രതികാരം ചെയ്യാനെത്തുന്ന കഥയാണിത്.സർക്കാരിനെതിരായി ചലച്ചിത്രങ്ങളെടുക്കുന്നു എന്നാരോപിച്ച് 2009 മുതൽ പലവട്ടം ഇറാൻ പനാഹിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സിനിമയെടുക്കുന്നതിൽ നിന്ന് 20 വർഷത്തേക്ക് വിലക്കും ഏർപ്പെടുത്തിയിരുന്നു. 2023 ഫെബ്രുവരിയിൽ ടെഹ്റാനിലെ കുപ്രസിദ്ധമായ എവിൻ ജയിലിൽ ഏഴ് മാസത്തോളം കിടന്നതാണ് പുതിയ സിനിമയ്ക്കുള്ള പ്രചോദനമെന്ന് 64 കാരനായ പനാഹി പറഞ്ഞു. സിനിമയെടുക്കാൻ വിലക്കുള്ളപ്പോഴും 'നോ ബെയേഴ്സ്' ഉൾപ്പെടെയുള്ളവ അദ്ദേഹം രഹസ്യമായി ഷൂട്ടുചെയ്തു. 'പാം ദോറി'നായി മത്സരിക്കുന്ന ചിത്രമാണിത്.അതിനിടെ, വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാഞ്ജും ബുധനാഴ്ച കാനിലെത്തി. അദ്ദേഹത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയായ 'ദ സിക്സ് ബില്യൻ ഡോളർ മാന്റെ' പ്രഥമപ്രദർശനത്തിനാണ് അസാഞ്ജ് എത്തിയത്.

## ടെയ്‌ലർ സ്വിഫ്റ്റ് പുതിയ ആൽബം റെപ്യൂട്ടേഷൻ പുറത്തിറക്കി



ഒരുപാട് വർഷത്തെ കാത്തിരിപ്പിന് ശേഷം, ടെയ്‌ലർ സ്വിഫ്റ്റിന്റെ റീ-റെക്കോർഡിംഗ്, റെപ്യൂട്ടേഷൻ (ടെയ്‌ലേഴ്സ് വേർഷൻ) ഒടുവിൽ വെളിച്ചം കാണുന്നു. സ്വിഫ്റ്റ് ഇതുവരെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയിട്ടില്ലെങ്കിലും, നിയമപരമായ തടസ്സങ്ങളിൽ നിന്ന് മോചിതയായതിനാൽ ആരാധകർ ആൽബത്തിന്റെ പുനഃപ്രസിദ്ധീകരണത്തിനായി കാത്തിരിക്കുകയാണ്.ബിഗ് മെഷീൻ റെക്കോർഡ്സുമായുള്ള കരാർ അവസാനിച്ചതിന് ശേഷം വീണ്ടും റെക്കോർഡുചെയ്യുന്ന രണ്ട് ആൽബങ്ങളായിരിക്കും ഈ രണ്ട് ആൽബങ്ങളും. വർഷങ്ങളായി ആരാധകർ ആകാംക്ഷയോടെ കാത്തിരിക്കുന്ന റെപ്യൂട്ടേഷന്റെ (ടെയ്‌ലറുടെ പതിപ്പ്) ആദ്യ ഔദ്യോഗിക പ്രിവ്യൂവാണിത്. വീണ്ടും റെക്കോർഡുചെയ്ത ട്രാക്കിന്റെ ഏകദേശം രണ്ട് പൂർണ്ണ വാക്യങ്ങളും കോറസുകളും ഈ രംഗത്തിൽ ഉൾപ്പെടുന്നു, 2017-ൽ പുറത്തിറങ്ങിയ ലുക്ക് വാട്ട് യു മെയ്ഡ് മി ഡു എന്ന ആൽബം സ്വിഫ്റ്റിന് ഒരു സാംസ്കാരിക പുനഃസജ്ജീകരണമായിരുന്നു.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

161

Movie Yavanika (1982)
Director KG George
Lyrics ONV Kurup
Music MB Sreenivasan
Singers KJ Yesudas, Selma George

കദളീവനങ്ങളിൽപ്പാടുന്ന കളിത്തത്തേ
കഥകളുറങ്ങുമീ മണ്ണിന്റെ മണിമുത്തേ
ഇനിയുമൊരു കഥ പറയാൻ പോരൂ
കതിർ മണികൾ, കനികളും നേദിക്കാം പോരൂ തത്തേ
ഇവിടെയുറങ്ങുന്നു ശിലയായഹല്യമാർ
ഇനിയും തോർന്നീലല്ലോ ഭൂമികന്യതൻ കണ്ണീർ
അപമാനിതയായ പാഞ്ചാലിയുടെ ശാപ
ശപഥങ്ങൾതൻ കഥ ഇവിടെത്തുടരുന്നു
മലർക്കുമ്പിളിലൊരു മാതളക്കനിയുമായ്
വിളിപ്പൂ കാലം കഥ തുടരൂ നീയെൻ തത്തേ

ഭരതമുനിയൊരു കളം വരച്ചു
ഭാസകാളിദാസർ കരുക്കൾ വച്ചു
കറുപ്പും വെളുപ്പും കരുക്കൾ നീക്കി
കാലം കളിക്കുന്നു ആരോ
കൈകൊട്ടിച്ചിരിക്കുന്നു (ഭരതമുനി..)




ചിരിക്കും, കരയും
അടുക്കും അകലും
കരുക്കളീ നമ്മളല്ലേ?
കാണികൾ, കളിക്കാർ,
നമ്മളല്ലേ? (ഭരതമുനി..)

ഇണങ്ങും പിണങ്ങും
ഇണ വേർപിരിയും,
നിഴലുകൾ നമ്മളല്ലേ?
നിഴലുകളാടും
അരങ്ങിതല്ലേ? (ഭരതമുനി..)

## മിഷൻ ഇംപോസിബിൾ: ഇന്ത്യൻ ബോക്സ് ഓഫീസിൽ വൻ കുതിപ്പ്

ഇന്ത്യയിൽ മികച്ച പ്രകടനം കാഴ്ചവച്ച് ടോം ക്രൂയിസിന്റെ ആക്ഷൻ ത്രില്ലറായ മിഷൻ: ഇംപോസിബിൾ - ദി ഫൈനൽ റെക്കണിംഗ്. ചൊവ്വാഴ്ച, ഇന്ത്യൻ ബോക്സ് ഓഫീസിൽ ചിത്രം 5.5 കോടി രൂപ കളക്ഷൻ നേടി, തിങ്കളാഴ്ച കളക്ഷൻ നേടിയത് 5.75 കോടിയായിരുന്നു.ഇൻഡസ്ട്രി ട്രാക്കർ സാക്നിൽക്കിന്റെ അഭിപ്രായത്തിൽ,



ഇന്ത്യയിൽ ചിത്രത്തിന്റെ നിലവിലെ കളക്ഷൻ 44.75 കോടി രൂപയാണ്. നിലവിലെ ട്രെൻഡ് കണക്കിലെടുക്കുമ്പോൾ, അടുത്ത രണ്ട് ദിവസങ്ങളിൽ ചിത്രം 50 കോടി രൂപ കടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഫൈനൽ ഡെസ്റ്റിനേഷൻ: ബ്ലഡ്‌ലൈൻസ്, മാർവെലിൻറെ തണ്ടർബോൾട്ട്സ് തുടങ്ങിയ ചിത്രങ്ങളെയെല്ലാം ബഹുദൂരം പിന്നിലാക്കിയ കണക്കാണ് ഇത്. ഫൈനൽ ഡെസ്റ്റിനേഷൻ ആദ്യ ദിനം ഇന്ത്യയിൽ നിന്ന് നേടിയത് 4.5 കോടി ആയിരുന്നെങ്കിൽ തണ്ടർബോൾട്ട്സ് നേടിയത് 3.85 കോടി ആയിരുന്നു.അതേസമയം പല സൂപ്പർതാര ബോളിവുഡ് ചിത്രങ്ങളുടെ ഇന്ത്യൻ ഓപണിംഗിനെയും മിഷൻ ഇംപോസിബിൾ മറികടന്നിട്ടുണ്ട്. ഉദാഹരണത്തിന് അക്ഷയ് കുമാറിൻറെ കേസരി ചാപ്റ്റർ 2 ആദ്യ ദിനം ഇന്ത്യയിൽ നിന്ന് നേടിയത് 7.75 കോടി ആയിരുന്നു. സണ്ണി ഡിയോളിൻറെ ജാഠ് ആദ്യ ദിനം ഇന്ത്യയിൽ നിന്ന് നേടിയത് 9.5 കോടിയും ആയിരുന്നു.അതേ സമയം ടോം ക്രൂയിസിന്റെ മിഷൻ: ഇംപോസിബിൾ - ദി ഫൈനൽ റെക്കണിംഗ് കാൻ ഫിലിം ഫെസ്റ്റിവലിലാണ് ആദ്യമായി പ്രീമിയർ ചെയ്തത്. അവിടെ എല്ലാവരുടെയും കയ്യടി ചിത്രം നേടിയെന്നാണ് റിപ്പോർട്ടുകൾ വന്നത്.

# പെരുമഴപോലെ പെയ്തൊഴിയാതെ 'പെരുവഴി' വിവാദങ്ങൾ....

കേരളാ വിൻഡോ



ആന്റണി ചടയംമുറി









കേരളത്തിൽ സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾ പൊടിപൊടിക്കുകയാണ്. മുഖ്യമന്ത്രി കോഴിക്കോട്ടും കൊച്ചിയിലുമെല്ലാം ഓടിനടന്ന് കേക്ക് മുറിക്കുന്നു, ഒപ്പമുള്ള മന്ത്രിമാർക്ക് മധുരം പങ്കിടുന്നു. പ്രതിപക്ഷം കരിദിനമാചരിച്ചാണ് തിരിച്ചടിച്ചത്. ഇതിനിടെ സ്മാർട് റോഡുകളുടെ ഉദ്ഘാടനപരിപാടിയിൽ നിന്ന് മുഖ്യമന്ത്രി ജലദോഷം കാരണം വിട്ടുനിന്നത് മാധ്യമങ്ങൾ വാർത്തയാക്കി. സോഷ്യൽ മീഡിയയാകട്ടെ ഈ വിവാദം ഏറ്റെടുത്തതോടെ സംഗതി പുലിവാലായി.

പൊതുമരാമത്ത് വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയുടെ മരുമകനുമായ മന്ത്രി മുഹമ്മദ് റിയാസ്, സ്മാർട്ട് റോഡ് നിർമ്മാണത്തിന്റെ ക്രെഡിറ്റ് അടിച്ചെടുത്തുവെന്ന് തദ്ദേശവകുപ്പ് മന്ത്രി എം.ബി.രാജേഷ് മുഖ്യമന്ത്രിയോട് പരാതി പറഞ്ഞുവെന്നായി ചാനലുകൾ.

ഇതോടെ, ഗത്യന്തരമില്ലാതെ മുഖ്യമന്ത്രിയുടെ ഓഫീസ് പത്രക്കുറിപ്പിറക്കി. മുഖ്യമന്ത്രി അനാരോഗ്യം മൂലമാണ് പരിപാടിയിൽ പങ്കെടുക്കാതിരുന്നതെന്നായിരുന്നു ഈ ലാസ്റ്റ് പ്രസ് നോട്ട്. ഇതോടെ പ്രശ്നം അവസാനിക്കുമായിരിക്കാം.

### ആറര വർഷം നീണ്ട സ്മാർട് റോഡ്

2019 ൽ ആണ് സ്മാർട്ട് റോഡ് നിർമ്മാണത്തിന്റെ തുടക്കം. ബോംബെയിലെ രണ്ടു കമ്പനികളായിരുന്നു ആദ്യം കരാറെടുത്തിരുന്നത്. എന്നാൽ ഇടയ്ക്കുവച്ച് അവർ പണി നിർത്തി. വെട്ടിപ്പൊളിച്ചിട്ട റോഡിലൂടെ കാൽനടയാത്ര പോലും അസാധ്യമായി. മഴക്കാലത്താകട്ടെ, പല റോഡുകളിലും ചെളി വെള്ളവും അഴുക്കുചാലുകളിലെ മാലിന്യവുമെല്ലാം വീടുകളിലേക്ക് ഒഴുകിയെത്തി.

തലസ്ഥാനത്തെ സി.പി.എമ്മിന്റെ എണ്ണം പറഞ്ഞ നേതാക്കളിൽ ഒരാളായ കടകംപള്ളി സുരേന്ദ്രൻ പോലും റോഡ് നിർമ്മാണത്തിലെ മെല്ലെപ്പോക്കിനെ വിമർശിച്ചു. തദ്ദേശവകുപ്പിന്റെ 20 കോടിയും കോർപ്പറേഷന്റെ 80 കോടിയും കേന്ദ്രത്തിന്റെ 80 കോടിയും ചെലവിട്ടായിരുന്നു സ്മാർട്ട് റോഡ് നിർമ്മാണം. പൊതുമരാമത്ത് വകുപ്പിനായിരുന്നു മേൽനോട്ടച്ചുമതല. സ്മാർട്ട് പദ്ധതി നീണ്ടതോടെ തിരുവനന്തപുരം കോർപ്പറേഷൻ കേട്ട പഴികൾക്ക് കണക്കില്ല.

ഒടുവിൽ റോഡ് പണി കഴിഞ്ഞതോടെ 'ഇത് ഞമ്മടെ റോഡോ'ണെന്ന് മന്ത്രി റിയാസ് പൂർണ്ണമായും അവകാശപ്പെട്ടത് തദ്ദേശവകുപ്പിനെയും മേയറെയുമെല്ലാം അലോസരപ്പെടുത്തിയെന്നത് നേര്. ഏഷ്യാനെറ്റ് ന്യൂസിന്റെ ലേഖകൻ ഡ്രൈവ് ചെയ്ത കാറിൽ സഞ്ചരിച്ചാണ് മരുമകൻ മന്ത്രി റോഡിന്റെ ഗുണഗണങ്ങൾ വിവരിച്ചത്. കൈരളി, മനോരമ, മാതൃഭൂമി തുടങ്ങിയ ചാനലുകളും സ്മാർട്ട് റോഡുകളുടെ ദൃശ്യ ഭംഗി മന്ത്രിയുടെ വാക്കുകളിലൂടെ ജനങ്ങളിലെത്തിച്ചു.

എന്തെല്ലാം ആരോപണങ്ങളുണ്ടായാലും കേരളത്തിന് അഭിമാനിക്കാൻ പോന്നതാണ്. കേരളത്തിൽ ബി.എം. ആന്റ് ബി.സി. മോഡലിൽ നിർമ്മാണം പൂർത്തിയാക്കിയ 50 സ്മാർട്ട് റോഡുകളും 'ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണ്' എന്ന ബോർഡ് ഈ റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. റോഡിൽ എന്തെങ്കിലും അപാകത കണ്ടെത്തിയാൽ അറിയിക്കാനുള്ള ഫോൺ നമ്പറുകളും ഇതോടൊപ്പം രേഖപ്പെടുത്തിയത്, ഒരു പുതിയ ജനപക്ഷരീതിയായി കാണാം.

### ഛത്തീസ്ഗഡിൽ സംഭവിച്ചത് മറക്കരുതേ

തീർച്ചയായും റോഡുകൾ നമുക്ക് അനിവാര്യമാണ്. ഇന്ത്യയിൽ 670 ദേശീയ പാതകളുണ്ട്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് ഇവയുടെ നീളം 146204 കിലോമീറ്റർ. 75 വർഷത്തിനുള്ളിൽ ദേശീയപാതകളുടെ നീളം ആറിരട്ടിയായിട്ടുണ്ട്. ദേശീയ പാതകൾ ആറും എട്ടും വരികളായി പുനർ നിർമ്മിച്ചു വരികയാണ്. ഈ വികസനം 8852 കിലോ മീറ്ററിൽ പൂർത്തിയായി. 2028ൽ പൂർത്തിയാകേണ്ട വിവിധ പദ്ധതികൾക്കായി കേന്ദ്രം നീക്കിവച്ചിട്ടുള്ളത് 6.35 ലക്ഷം കോടിയാണ്. ചില റോഡുകൾ 4,6,8 വരികളാക്കി വരുന്നു. ഇതിനുള്ള ചെലവ് 2.18 ലക്ഷം കോടി രൂപയാണ്.

മഹാരാഷ്ട്ര (102), യു.പി.(90), ബീഹാർ (56), ആന്ധ്രാപ്രദേശ് (55), രാജസ്ഥാൻ (53), തമിഴ്നാട് (50), കേരളം (12) എന്നിങ്ങനെയാണ് ദേശീയ പാതകളുടെ എണ്ണക്കണക്ക്. കേരളത്തിലെ ദേശീയപാതകളുടെ നീളം 1858 കിലോമീറ്റർ മാത്രമാണ്. ഈ കണക്കുകൾ വെറുതെ ഉദ്ധരിച്ചതല്ല. റോഡ് നിർമ്മാണം വലിയൊരു ബിസിനസാണെന്ന് പറയാനാണ്. ഇപ്പോൾ ദേശീയ പാതകളുടെ നിർമ്മാണപദ്ധതികളിൽ ഏറെയും നേടിയെടുത്തത് അദാനി ഗ്രൂപ്പാണ്. ഈ ഗ്രൂപ്പ് പിന്നീട് പലർക്കായി ഉപകരാറുകൾ നൽകുകയാണ് പതിവ്.

ഛത്തീസ്ഗഢിൽ ഇങ്ങനെ പ്രധാനകരാർ കമ്പനിയിൽ നിന്ന് ഉപകരാറെടുത്ത ഒരു വിരുതൻ എൻ.ഡി.ടി.വി.യുടെ ഒരു പ്രാദേശിക ലേഖകനായ മുകേഷ് ചന്ദ്രാകറിനെ കൊലപ്പെടുത്തിയെന്ന കേസ്സുണ്ട്. മുകേഷിന്റെ ഹൃദയം കീറിമുറിച്ചായിരുന്നു വധം. കരൾ നാല് കഷണങ്ങളാക്കി മുറിച്ചും തലയിൽ മാത്രം 15ഓളം മുറിവുകളുണ്ടാക്കിയും സിനിമാസ്റ്റൈലിൽ നടന്ന ഈ കൊലപാതകം വലിയ മാധ്യമശ്രദ്ധയൊന്നും നേടിയില്ല.

ബീജാപ്പൂർ ജില്ലക്കാരനായിരുന്നു കൊല്ലപ്പെട്ട മുകേഷ് ചന്ദ്രാകർ. മുകേഷ് ദേശീയപാതാ നിർമ്മാണത്തിലെ ചില അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എൻ.ഡി.ടി.വി.യിൽ നൽകിയ റിപ്പോർട്ടാണ്, സുരേഷ് ചന്ദ്രാകർ എന്നു പൊലീസ് പറയുന്ന പ്രതിയായ കരാറുകാരനെ ചൊടിപ്പിച്ചത്. സുരേഷിന്റെ കൃഷിയിടത്തിലെ സെപ്റ്റിക് ടാങ്കിലാണ് മൃതദേഹാവശിഷ്ടങ്ങൾ ഒളിപ്പിച്ചിരുന്നു. 2025 ജനുവരി ആദ്യവാരം അച്ചടി മാധ്യമങ്ങൾ മൂലയ്ക്കൊളിപ്പിച്ച ഈ വാർത്ത റോഡ് നിർമ്മാണത്തിലെ അഴിമതികളുടെ ആഴം വ്യക്തമാക്കുന്നുണ്ട്.

### കൂരിയാട്, കുപ്പം, എടരിക്കോട്...

ബസ് സ്റ്റോപ്പുകളുടെ പേരുകളല്ല ഇത്. വികസനത്തിന്റെ പുതു പാതകളിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ട സ്ഥലങ്ങളാണിവ. ഇനിയുമുണ്ട് സ്ഥലപ്പേരുകൾ ഏറെ. രണ്ടു മാസങ്ങൾക്കു മുമ്പ് ഈ വഴികളിലൂടെ സഞ്ചരിക്കേണ്ടി വന്നു. പല സ്ഥലത്തും റോഡുകൾ വെട്ടിപ്പൊളിച്ചിരിക്കുന്നതു കണ്ടാൽ ആരുമൊന്നു കിടുങ്ങും. ഒറ്റ മഴ കൊണ്ടാണ് മലപ്പുറത്തെ പല സ്ഥലങ്ങളിലും റോഡ് ഇടിഞ്ഞു താഴ്ന്നത്.

നദികളും തോടുകളും തടഞ്ഞും വയലുകൾ നികത്തിയും നടത്തുന്ന ദേശീയ പാതയുടെ നിർമ്മാണം അധികൃതർ കരാറുകരെ വിശ്വസിച്ചേൽപ്പിക്കുകയാണ്. മേൽപ്പാലങ്ങൾ ഒഴിവാക്കിയാൽ ലാഭം കൂടും. അതുകൊണ്ട് ഏത് പാതാളമാണെങ്കിലും മണ്ണിട്ട് നികത്തി ആണി ബ്ലോക്കുകൾ (ഒരു പ്രത്യേകതരം സിമന്റ് ഇഷ്ടിക) നിരത്തി റോഡ് നിർമ്മിച്ചിരിക്കുകയാണിവിടെ, കോഴിക്കോട്ടെ ഒരു കരാർ കമ്പനിയാണത്രെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. ശാസ്ത്രീയമായ യാതൊരു സർവേയും ഇവിടെ നടന്നിട്ടില്ല.

മണ്ണ് പരിശോധനയുമില്ല. 35 അടി വരെ ഉയരത്തിൽ മണ്ണ് ചെത്തിയെടുത്ത് അവിടെയെല്ലാം പ്ലാസ്റ്റിക് ഷീറ്റുകൾ കൊണ്ട് മറച്ചിരിക്കുകയാണ്. പണി നടക്കുന്ന പ്രദേശങ്ങളിൽ ആവശ്യമായ 'ഡൈവേർഷൻ ബോർഡുകൾ' പോലും കരാർ കമ്പനി സ്ഥാപിച്ചിട്ടില്ല. റോഡ് നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ള ഇടങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാത്തതുമൂലം ഇരുചക്ര വാഹനങ്ങളും മറ്റും വൻ ഗർത്തങ്ങളിലേക്ക് വീണ് യാത്രക്കാർ മരിച്ചിട്ടും അധികൃതർ മൗനം പാലിച്ച ചരിത്രമാണുള്ളത്.

ഭൂമി ഏറ്റെടുക്കാതെ അവരുടെ വരാന്തവരെ റോഡിനായി ചെത്തിയെടുത്ത് ദേശീയപാത അതോറിറ്റിക്ക് ലാഭമുണ്ടാക്കി കൊടുക്കാനുള്ള വ്യഗ്രത മൂലം റോഡരികിലെ താമസക്കാർ ദുരിതത്തിലാണിവിടെ. ചില വീടുകളിലേക്ക് ചെളിവെള്ളം ഒഴുകിവരുന്നു. മറ്റ് ചില വീട്ടുകാർക്ക് വഴിയേ ഇല്ല. റോഡ് പണിക്കുവേണ്ടി ജനങ്ങളെ, തടവുകാരാക്കുന്നുവെന്നാണ് ജനങ്ങളുടെ പരാതി.

ഹേമമാലിനിയുടെ കവിൾത്തടം പോലെയാണ് ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ റോഡുകളെന്ന് പണ്ടൊരു ബി.ജെ.പി. നേതാവ് പറഞ്ഞതോർക്കുന്നു. ഇങ്ങനെ റോഡുകളെല്ലാം മനോഹരമായാൽ, അതെല്ലാം വോട്ടാകുമെന്ന ബുദ്ധി ചില ഇടതു നേതാക്കൾക്കുണ്ട്. പൊതുമരാമത്ത് വകുപ്പ് കിഫ്ബിയുടെ സഹായത്തോടെ 511 റോഡ് നിർമ്മാണപദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത് ഈ രാഷ്ട്രീയലാക്കോടെയാണ്.

ഇതിനുവേണ്ടി 32,000 കോടി രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം പ്രാവച്ചമ്പലം-കൊടിനട റോഡ്, വഴയിലയിലേക്കുള്ള റോഡ്, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, കൊട്ടാരക്കര ബൈപാസ്, കുട്ടിക്കാനം ചപ്പാത്ത് മലയോര ഹൈവേ, മലയോരപാതയുടെ മറ്റ് റീച്ചുകൾ, തീരദേശ ഹൈവേ, അങ്കമാലി-കൊച്ചിൻ എയർ പോർട്ട് ബൈപാസ്, മൂവാറ്റുപുഴ-പെരുമ്പാവൂർ ബൈപാസുകൾ എന്നിവയെല്ലാം ഈ പദ്ധതികളിൽ ഉൾപ്പെടും.

2018ലെ ഇടതു പ്രകടനപത്രികയിൽ ടോൾ പിരിക്കില്ലെന്ന് പറഞ്ഞിരുന്നു. അതെല്ലാം മറന്നേക്കൂ എന്നു പറഞ്ഞുകൊണ്ട് ജി.പി.എസ്.വഴി ചുങ്കം പിരിക്കാനുള്ള ഒരുക്കവും അണിയറയിൽ തുടങ്ങിയിട്ടുണ്ട്, ധനമന്ത്രി നിഷേധിക്കുമെങ്കിലും. 2018 ഡിസംബർ 14ന് മുൻമന്ത്രി ജി.സുധാകരനാണ് കേരളത്തിലെ ടോൾ പിരിവ് അവസാനിപ്പിച്ചത്. 15 വർഷത്തിലധികമായി 'നിത്യടോൾ' പിരിച്ചിരുന്ന 16 പാലങ്ങളിലെ ടോൾ പിരിവാണ് മന്ത്രി നിർത്തിവച്ചത്. ഇപ്പോഴാകട്ടെ, പാർട്ടി മാറി. നയവും മാറി. ടോൾ പിരിവ് മാത്രമല്ല, മറ്റെന്തെല്ലാം പിരിക്കാമെന്ന് ചില സർക്കാർ ഏമാന്മാർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണ്.

### ലാലേട്ടൻ തുടരും, പക്ഷെ സർക്കാരോ?

രണ്ടാം പിണറായി സർക്കാരിന് വീണു കിട്ടിയ സിനിമാപ്പേരാണ് തുടരും. അതുകൊണ്ട് ഇടതു ഭരണത്തെക്കാൾ പിണറായി തുടരുമെന്ന ക്യാച്ച് ലൈനാണ് ഇപ്പോൾ സർക്കാർ പരസ്യങ്ങൾക്കുള്ളത്.

ഇന്ന് (ബുധൻ) മോഹൻലാലിന്റെ അറുപത്തിയഞ്ചാം പിറന്നാളാണ്. ആകെ 'പെട്ടുപോയ' ഏതോ ഒരു കഷ്ടകാലത്തിൽ നിന്ന് ലാലിനെ രക്ഷിച്ചെടുത്തത് സംവിധായകൻ തരുൺ മൂർത്തിയാണ്. ലാലിന്റെ ബന്ധു കൂടിയായ നിർമ്മാതാവ് രഞ്ജിത്തും 'തുടരും' ചിത്രത്തിന്റെ തിയറ്റർ കളക്ഷൻ 225 കോടി കവിഞ്ഞതിൽ സന്തോഷവാനാണ്.

ഈ ചിത്രത്തിന്റെ പേരിൽ ഒരു 'പരസ്യ കോലാഹലം' സൃഷ്ടിക്കാനുള്ള തത്രപ്പാടിലാണ് ഇടതു ഭരണം. 24ന് ക്ഷേമപെൻഷനും കുടിശ്ശികയിൽ ഒരു തവണയും കൂടി കൊടുക്കാൻ പോകുകയാണ് ഭരണകൂടം. ഇതിനിടെ ആശാ സമരം 100 ദിനങ്ങൾ പിന്നീട്ടു. സമരം ചെയ്യുന്ന ആശമാരോട് ഒരു തരത്തിലും സർക്കാർ വിട്ടു വീഴ്ച കാണിക്കുന്നില്ല.

തൊഴിലാളികളുടെ സർക്കാർ എന്ന വിളിപ്പേര് ഓർമ്മിച്ചെങ്കിലും അവരോട് അനുകമ്പ കാണിച്ചു കൂടേയെന്ന് പലരും ചോദിക്കുന്നുണ്ട്. പക്ഷെ കണ്ണ് തുറക്കേണ്ടവർ തുറക്കുന്നതേയില്ല. കഷ്ടം!



# പുതിയ ചീഫ് ജസ്റ്റിസ് നേരിടേണ്ട വെല്ലുവിളികൾ..!

ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി ഭൂഷൺ രാമകൃഷ്ണ ഗവായ് ചുമതലയേൽക്കുമ്പോൾ അദ്ദേഹത്തിന്റെ മുന്നിലെത്തുന്ന ആദ്യ ഫയലുകളിൽ ഒന്ന് ബില്ലുകളിലെ സമയപരിധി വിഷയത്തിലുള്ള രാഷ്ട്രപതിയുടെ റഫറൻസാണ്. അത് പഠിക്കുകയും സൂഷ്മതയോടെ പരിശോധിക്കുകയും, വാദം കേൾക്കേണ്ട ബഞ്ചിൽ ആരൊക്കെയായിരിക്കണം ഉണ്ടാകേണ്ടത് എന്നും മറ്റും തീരുമാനിക്കേണ്ടതുണ്ട്. ഈ റഫറൻസിന് മറുപടി നൽകണമോ എന്നുനോക്കേണ്ടതും ഇദ്ദേഹം തന്നെ..!

സത്യത്തിൽ പ്രതിപക്ഷഭരണ സംസ്ഥാനങ്ങളിലെ തങ്ങളുടെ രാഷ്ട്രതന്ത്രം ഭരണഘടനാപരമായി ശരിയാണെന്നു വരുത്തിത്തീർക്കണം. അതിന് അനുകൂലമായ നിലപാടെടുക്കാൻ കേന്ദ്ര സർക്കാർ സുപ്രീംകോടതിയോട് വളഞ്ഞവഴിയിലൂടെ ആവശ്യപ്പെടുകയാണ്. ഇത്തരത്തിലൊരു സമ്മർദ്ദം ആദ്യമേതന്നെ നേരിടേണ്ടി വന്നിട്ടുള്ള ഒരു ചീഫ് ജസ്റ്റിസും ഭാരതചരിത്രത്തിൽ ഉണ്ടായിട്ടേയില്ല. സഞ്ജീവ് ഖന്ന ചീഫ് ജസ്റ്റീസായിരിക്കുമ്പോൾതന്നെ വേണമെങ്കിൽ ഈ റഫറൻസ് കോടതിക്കു നൽകാമായിരുന്നു.

അത് ബോധപൂർവ്വമാണോ സർക്കാർ ചെയ്യാതിരുന്നത് എന്ന് കാത്തിരുന്നു കാണുകയേ നിർവ്വാഹമുള്ളൂ.



മേയ് 14ന് ചുമതലയേറ്റ ഇദ്ദേഹം ഈ വർഷം നവംബർ 23ന് തന്നെ വിരമിക്കുകയും ചെയ്യും. സുപ്രീംകോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 65 വയസ്സാണ്.

2019 മെയ് 24ന് സുപ്രീംകോടതി ജഡ്ജിയായി ഉയർത്തപ്പെട്ട 64 കാരനായ ജസ്റ്റിസ് ഗവായ്, നിലവിലെ ചീഫ് ജസ്റ്റിസ് ഖന്ന വിരമിച്ചതിന് ശേഷം ഇന്ത്യയുടെ 52-ാമത് ചീഫ് ജസ്റ്റിസായി മാറുകയായിരുന്നു.

**ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനന് ശേഷം ഇന്ത്യയിലെ രണ്ടാമത്തെ ദളിത് ചീഫ് ജസ്റ്റിസാണ് ഭൂഷൺ രാമകൃഷ്ണ ഗവായ്. മേയ് 14ന് ചുമതലയേറ്റ ഇദ്ദേഹം ഈ വർഷം നവംബർ 23ന് തന്നെ വിരമിക്കുകയും ചെയ്യും. സുപ്രീംകോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം 65 വയസ്സാണ്. 2019 ൽ സുപ്രീം കോടതി ജഡ്ജി എന്ന നിലയിൽ, ജസ്റ്റിസ് ഗവായ് നിരവധി സുപ്രധാന വിധിന്യായങ്ങളുടെ ഭാഗമായിട്ടുണ്ട്. 2016 ലെ കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധന തീരുമാനം ശരിവച്ച വിധി, ഇലക്ടറൽ ബോണ്ട് പദ്ധതി ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച സുപ്രീം കോടതി വിധി എന്നിവ ഇതിൽ ഉൾപ്പെടും.**

### ആരാണ് ജസ്റ്റിസ് ബി.ആർ. ഗവായ്?

1960 നവംബർ 24ന് അമരാവതിയിലാണ് ഗവായ് ജനിച്ചത്. 2007ൽ ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണൻ നിയമിതനായതിനുശേഷം ഈ സ്ഥാനം വഹിക്കുന്ന രണ്ടാമത്തെ ദളിത് വ്യക്തിയായിരിക്കും ജസ്റ്റിസ് ഗവായ്.

1985 മാർച്ച് 16ന് ഗവായ് ബാറിൽ ചേർന്നു. മുൻ അഡ്വക്കേറ്റ് ജനറലും ഹൈക്കോടതി ജഡ്ജിയുമായിരുന്ന പരേതനായ രാജ എസ്. ബോൺസാലെയോടൊപ്പം 1987 വരെ പ്രവർത്തിച്ചു. 1987 മുതൽ 1990 വരെ ബോംബെ ഹൈക്കോടതിയിൽ സ്വതന്ത്രമായി പ്രാക്ടീസ് ചെയ്തു. 1990ന് ശേഷം, പ്രധാനമായും ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർ ബെഞ്ചിന് മുമ്പാകെ പ്രാക്ടീസ് ചെയ്തു. ഭരണഘടനാ നിയമത്തിലും ഭരണ നിയമത്തിലും പ്രാക്ടീസ് ചെയ്തു.

നാഗ്പൂർ മുനിസിപ്പൽ കോർപ്പറേഷൻ, അമരാവതി മുനിസിപ്പൽ കോർപ്പറേഷൻ, അമരാവതി സർവകലാശാല എന്നിവയുടെ സ്റ്റാൻഡിംഗ് കൗൺസിലായിരുന്നു ബി.ആർ. ഗവായ്.

SICOM, DCVL, വിദർഭ മേഖലയിലെ വിവിധ മുനിസിപ്പൽ കൗൺസിലുകൾ തുടങ്ങിയ വിവിധ സ്വയംഭരണ സ്ഥാപനങ്ങൾക്കും കോർപ്പറേഷനുകൾക്കും വേണ്ടി ഗവായ് പതിവായി ഹാജരായി.

1992 ഓഗസ്റ്റ് മുതൽ 1993 ജൂലൈ വരെ ബോംബെയിലെ നാഗ്പൂർ ബെഞ്ചിലെ ഹൈക്കോടതി ഓഫ് ജുഡീഷ്യറിയിൽ അസിസ്റ്റന്റ് ഗവൺമെന്റ് പ്ലീഡറായും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറായും നിയമിതനായി. 2005 നവംബർ 12ന് ഗവായ് ബോംബെ ഹൈക്കോടതിയിലെ സ്ഥിരം ജഡ്ജിയായി.

### ജസ്റ്റിസ് ബി.ആർ. ഗവായിയുടെ പ്രധാന വിധിന്യായങ്ങൾ

ജസ്റ്റിസ് ബി.ആർ. ഗവായി തന്റെ ഭരണകാലത്ത് നിരവധി സുപ്രധാന വിധിന്യായങ്ങൾക്ക് സംഭാവന നൽകിയിട്ടുണ്ട്:

**നോട്ട് നിരോധന കേസ് (2023):** കേന്ദ്ര സർക്കാരിന്റെ 2016 ലെ നോട്ട് നിരോധന തീരുമാനത്തിന്റെ നിയമസാധുത ശരിവച്ച ഭൂരിപക്ഷ വിധിന്യായത്തോട് ജസ്റ്റിസ് ഗവായ് യോജിച്ചു, ഭരണഘടനാ പരിധിക്കുള്ളിലാണ് ഇത് നടപ്പിലാക്കിയതെന്ന് സ്ഥിരീകരിച്ചു.

**ആർട്ടിക്കിൾ 370 വിധി:** അഞ്ച് ജഡ്ജിമാരുടെ ഭരണഘടനാ ബെഞ്ചിലെ അംഗമെന്ന നിലയിൽ, ആർട്ടിക്കിൾ 370 റദ്ദാക്കിയതിനെ സാധൂകരിച്ച ചരിത്രപരമായ വിധിന്യായത്തിൽ ബി.ആർ. ഗവായ് ഒരു പ്രധാന പങ്ക് വഹിച്ചു, അതുവഴി ജമ്മുകശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കുകയും മേഖലയുടെ പുനഃസംഘടനയ്ക്ക് വഴിയൊരുക്കുകയും ചെയ്തു.

**പ്രശാന്ത് ഭൂഷൺ കോടതിയലക്ഷ്യ കേസ്:** മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷണിനെതിരായ ഉയർന്ന കോടതിയലക്ഷ്യ നടപടികളിൽ ജസ്റ്റിസ് ഗവായ് ബെഞ്ചിന്റെ ഭാഗമായിരുന്നു, അഭിപ്രായ സ്വാതന്ത്ര്യവും ജുഡീഷ്യൽ ഉത്തരവാദിത്തവും സംബന്ധിച്ച സുപ്രധാന വിഷയങ്ങൾ പരിഗണിച്ച കേസാണിത്.

ജുഡീഷ്യറിയുടെ അമിതാധികാര പ്രയോഗത്തിനെതിരെ സുപ്രീംകോടതി രൂക്ഷ വിമർശനം നേരിടുന്ന സാഹചര്യത്തിൽ, പ്രത്യേകിച്ച് തമിഴ്നാട് ഗവർണർ കേസിൽ, ബില്ലുകൾ പാസാക്കുന്നതിന് രാഷ്ട്രപതിക്ക് സമയബന്ധിതമായ ഒരു സമയം പാലിക്കാൻ നിർദ്ദേശം നൽകി. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ ഔദ്യോഗിക വസതിയിൽ നിന്ന് കരിഞ്ഞ കറൻസികൾ കണ്ടെത്തിയതിനെത്തുടർന്ന് ജുഡീഷ്യൽ അഴിമതിയെക്കുറിച്ചുള്ള പുതിയ ആശങ്കകൾ ജുഡീഷ്യറിയിലും ഉയർന്നുവന്നിട്ടുണ്ട്. പൊതുജനവിശ്വാസം പുനഃസ്ഥാപിക്കുന്നതിനായി 21 സുപ്രീംകോടതി ജഡ്ജിമാർ തങ്ങളുടെ സ്വത്തുക്കൾ പരസ്യമായി വെളിപ്പെടുത്താൻ ഈ സംഭവം കാരണമായി.

ജസ്റ്റിസ് ഗവായ് സ്ഥാനമേറ്റതോടെ, ഭരണഘടനാ തത്വങ്ങൾ ഉയർത്തിപ്പിടിച്ച്, സ്ഥാപനത്തിലുള്ള പൊതുജന വിശ്വാസം ശക്തിപ്പെടുത്തിക്കൊണ്ട്, ഈ പ്രക്ഷുബ്ധമായ സമയങ്ങളിൽ കോടതിയെ അദ്ദേഹം എങ്ങനെ നയിക്കുമെന്ന് എല്ലാവരുടെയും കണ്ണുകൾ ഉറ്റുനോക്കും.

*എമ എൽസ എൽവിൻ*

## ഡൽഹി ഡെർബാർ

# യൂറോപ്പിനെ താങ്ങിനിർത്തിയത് സൗദിയോ?

ലോകത്തെ സമ്പന്ന രാജ്യങ്ങളിൽ മുൻപന്തിയിൽ തന്നെയാണ് സൗദി അറേബ്യ. എണ്ണ വരുമാനത്തിന് പുറമെ മറ്റു വരുമാന മാർഗങ്ങൾ തേടുന്ന സൗദി വിദേശ രാജ്യങ്ങളിൽ കോടികളാണ് നിക്ഷേപിക്കുന്നത്. പബ്ലിക് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (പിഐഎഫ്) എന്ന കമ്പനി വഴിയാണ് സൗദിയുടെ വിദേശ രാജ്യങ്ങളിലെ എല്ലാ നിക്ഷേപവും നടക്കുന്നത്. ഈ കമ്പനി തങ്ങളുടെ പ്രവർത്തനം സുഗമമാക്കാൻ ലോകത്തെ പ്രധാന നഗരങ്ങളിൽ ഓഫീസ് തുറക്കുകയാണ്. മുംബൈയിലും വൈകാതെ ഓഫീസ് തുറക്കും.

അമേരിക്കയിലെ ന്യൂയോർക്ക്, ബ്രിട്ടനിലെ ലണ്ടൻ, ചൈനയിലെ ഹോങ്കോങ്, ഷാങ്ഹായ് എന്നിവിടങ്ങളിലെല്ലാം പിഐഎഫിന് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ചൈനയിൽ കൂടുതൽ ഓഫീസ് തുറക്കുമെന്നാണ് അടുത്തിടെ അറിയിച്ചത്.

അതിനിടെയാണ് യൂറോപ്പിൽ പ്രവർത്തനം വിപുലീകരിക്കാൻ സൗദി അറേബ്യയുടെ തീരുമാനം. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം ഫ്രാൻസിലെ പാരിസിൽ പിഐഎഫിന് പുതിയ ഓഫീസ് തുറന്നു. യൂറോപ്പിൽ വലിയ ലക്ഷ്യങ്ങളാണ് സൗദി അറേബ്യയ്ക്കുള്ളത്.

2017 മുതൽ 2024 വരെയുള്ള കാലയളവിൽ സൗദി പിഐഎഫ് 8470 കോടി ഡോളറാണ് യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളത്. യൂറോപ്പിന്റെ ജിഡിപിക്ക് 5200 കോടി ഇതുവഴി പിഐഎഫ് സംഭാവന ചെയ്യുന്നു. നേരിട്ടും പരോക്ഷമായും രണ്ടര ലക്ഷം പേർക്ക് ജോലി അവസരവും ഇതുവഴി ലഭിച്ചു. ഫ്രാൻസിൽ മാത്രം 860 കോടി ഡോളറാണ് സൗദി പിഐഎഫ് നിക്ഷേപിച്ചിട്ടുള്ളത്.



### ഫ്രാൻസിന് കിട്ടിയത്

സൗദിയുടെ നിക്ഷേപം വഴി ഫ്രാൻസിൽ 29000 പേർക്ക് ജോലി ലഭിച്ചു. പുതിയ സംരംഭങ്ങൾ, വൻകിട വ്യവസായം, ഓഹരി വിപണികൾ എന്നീ മേഖലകളിൽ ദീർഘകാല നിക്ഷേപമാണ് പിഐഎഫ് നടത്തുന്നത്. പാരിസിൽ പുതിയ ഓഫീസ് കൂടി തുറന്നതോടെ സൗദി അറേബ്യ യൂറോപ്പിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തുമെന്ന പ്രതീക്ഷയിലാണ് ഫ്രാൻസ്.

2017 മുതൽ 220 പോർട്ട്ഫോളിയോ കമ്പനികൾക്കാണ് പിഐഎഫ് പിന്തുണ നൽകുന്നത്. മാത്രമല്ല 103 പുതിയ കമ്പനികൾ രൂപീകരിക്കുന്നതിനും പിഐഎഫ് പിന്തുണ നൽകി. ലോകത്ത് 11 ലക്ഷം പേരാണ് പിഐഎഫ് പിന്തുണ നൽകുന്നത് വഴി ജോലി ചെയ്യുന്നത്. പാരിസിൽ ചൂസ് ഫ്രാൻസ് എന്ന പേരിൽ വ്യവസായ ഉച്ചകോടി നടക്കുകയാണ്. ഇതിന്റെ ഭാഗം കൂടിയാണ് പിഐഎഫിന്റെ പാരിസ് ഓഫീസ് ഉദ്ഘാടനം.

യുഎഇയിലെയും അമേരിക്കയിലെയും പോർച്ചുഗലിലേയും വൻകിട കമ്പനികൾ ഫ്രാൻസിൽ കോടികളുടെ നിക്ഷേപം ഉച്ചകോടിക്കിടെ പ്രഖ്യാപിച്ചേക്കും.

കഴിഞ്ഞ ആറ് വർഷമായി യുഎൻ ട്രേഡ് ആന്റ് ഡവലപ്മെന്റിന്റെ പട്ടികയിൽ ആദ്യ സ്ഥാനത്താണ് ഫ്രാൻസ്. കഴിഞ്ഞ വർഷം പുതിയ പദ്ധതികൾ 14 ശതമാനം കുറഞ്ഞു എങ്കിലും 1025 പദ്ധതികൾ മൊത്തം പ്രഖ്യാപിക്കപ്പെട്ടു. 853 പദ്ധതികളുമായി ബ്രിട്ടനാണ് രണ്ടാം സ്ഥാനത്ത്. യൂറോപ്പിലേക്ക് ലഭിച്ച മൊത്തം നിക്ഷേപത്തിൽ 19 ശതമാനം ഫ്രാൻസിനാണ്.

### അമേരിക്കൻ ബോണ്ടുകൾ വാങ്ങിക്കൂട്ടി സൗദി

അമേരിക്കൻ ട്രഷറി സെക്യൂരിറ്റികളിലും സൗദി പിഐഎഫിന് വൻ നിക്ഷേപമുണ്ട്. കഴിഞ്ഞ മാർച്ചിലെ കണക്കുകൾ പ്രകാരം 131.6 ബില്യൺ ഡോളറിന്റെ ട്രഷറി സെക്യൂരിറ്റികളാണ് സൗദിയുടെ കൈവശമുള്ളത്. ഫെബ്രുവരിയിലെ കണക്കുകളേക്കാൾ 5.2 ബില്യൺ ഡോളർ കൂടുതലാണിത്. യുഎസ് ട്രഷറി പുറത്തുവിട്ട കണക്കുകളിലാണ് ഈ വിവരം ഉള്ളത്.

അമേരിക്കൻ ട്രഷറി സെക്യൂരിറ്റികൾ വാങ്ങുന്ന 20 രാജ്യങ്ങളിൽ 17-ാം സ്ഥാനത്താണ് സൗദി അറേബ്യ. 20 രാജ്യങ്ങളുടെ പട്ടികയിൽ സൗദി അറേബ്യയും യുഎഇയും മാത്രമാണ് ജിസിസി മേഖലയിൽ നിന്നുള്ളത്. ദീർഘകാല ബോണ്ടുകളിലാണ് സൗദി അറേബ്യ കൂടുതൽ നിക്ഷേപിച്ചിട്ടുള്ളത്. മാർച്ചിലെ കണക്കുകൾ പ്രകാരം അമേരിക്കൻ ട്രഷറി സെക്യൂരിറ്റികളിൽ കൂടുതൽ നിക്ഷേപിച്ചിട്ടുള്ളത് ജപ്പാൻ ആണ്. ബ്രിട്ടൻ, ചൈന, സയ്മാൻ ദ്വീപുകൾ, കാനഡ തുടങ്ങിയ രാജ്യങ്ങളാണ് പട്ടികയിൽ ആദ്യത്തിലുള്ളത്.



# കളിക്കളത്തിലേക്ക് തിരിച്ചെത്തുംവരെ മദ്യപിക്കില്ല: ബെൻ സ്റ്റോക്സ്

ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ബെൻ സ്റ്റോക്സ് മദ്യപാനം നിർത്തി. തൽക്കാലം മദ്യപാനം നിർത്തിയതായി ബെൻ സ്റ്റോക്സ് തന്നെയാണ് ഒരു പോഡ്കാസ്റ്റിൽ വെളിപ്പെടുത്തിയത്. ജനുവരി 2 മുതൽ ഒരു തുള്ളി മദ്യം പോലും കഴിച്ചിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. തുടയുടെ പിൻഭാഗത്തെ മസിലുകൾക്ക് പരിക്കേറ്റതിനെത്തുടർന്ന് ശസ്ത്രക്രിയയ്ക്ക് വിധേയനായ ശേഷം ബെൻ സ്റ്റോക്സ് ഏകദേശം ആറ് മാസമായി കളിക്കളത്തിന് പുറത്താണ്. ഡിസംബറിൽ ന്യൂസിലൻഡ് പരമ്പരയിലെ മൂന്നാം ടെസ്റ്റിനിടെ 33 കാരനായ ബെൻ സ്റ്റോക്സിന് പരിക്കേറ്റു. മത്സരത്തിന് നാലോ അഞ്ചോ ദിവസം മുമ്പ് മദ്യപിച്ചതാകാം പരിക്കിന് കാരണമെന്ന് അദ്ദേഹം സംശയിക്കുന്നു.‘ആദ്യത്തെ ഗുരുതര പരുക്കിന് ശേഷം, ഇത് എങ്ങനെ സംഭവിച്ചു എന്ന് ആലോചിച്ചു. നാലഞ്ച് ദിവസം മുമ്പ് മദ്യപിച്ചിരുന്നു, അത് പരുക്കിന് കാരണമായോ എന്നാണ് സംശയം. മദ്യപിക്കുന്നത് ഫിറ്റ്നസിന് ഗുണം ചെയ്യില്ലെന്ന് ഞാൻ മനസ്സിലാക്കി. അതുകൊണ്ട് ജീവിതശൈലി മാറ്റേണ്ടത് അത്യാവശ്യമായിരുന്നു.‘ സ്റ്റോക്സ് പോഡ്കാസ്റ്റിൽ പറഞ്ഞു. പരുക്ക് പൂർണമായും ഭേദമായി, കളിക്കളത്തിലേക്ക് തിരിച്ചെത്തും വരെ മദ്യപിക്കില്ലെന്നാണ് ബെൻ സ്റ്റോക്സിന്റെ നിലപാട്.‘ഞാൻ എന്നന്നേക്കുമായി മദ്യം ഉപേക്ഷിച്ചുവെന്ന് പറയാൻ കഴിയില്ല, പക്ഷേ ജനുവരി രണ്ട് മുതൽ ഞാൻ ഒരു തുള്ളി മദ്യവും കുടിച്ചിട്ടില്ല. പരുക്കിൽ നിന്ന് മുക്തി നേടുകയും കളിക്കളത്തിലേക്ക് തിരിച്ചുവരികയും ചെയ്യുന്നതുവരെ കുടിക്കില്ലെന്ന് ഞാൻ പ്രതിജ്ഞ ചെയ്തു.‘ അദ്ദേഹം പറയുന്നു.






## ഇംഗ്ലണ്ട് പരമ്പരയിൽ ഗില്ലിനെ ക്യാപ്റ്റനാക്കരുത്; മുൻ ചീഫ് സെലക്ടർ

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിൽ രോഹിത് ശർമ്മയ്ക്ക് പകരം ശുഭ്മാൻ ഗില്ലിനെ ടീമിന്റെ ക്യാപ്റ്റനാക്കരുതെന്ന് മുൻ ഇന്ത്യൻ കളിക്കാരനും ചീഫ് സെലക്ടറുമായ എംഎസ്കെ പ്രസാദ്. ഇംഗ്ലണ്ടിനെതിരായ പരമ്പരയിൽ പേസർ ജസ്പ്രീത് ബുംറയെ ക്യാപ്റ്റനായി തിരഞ്ഞെടുക്കണമെന്നും പ്രസാദ് പറഞ്ഞു.ഞാനാണ് ടീം തെരഞ്ഞെടക്കുന്നതെങ്കിൽ ജസ്പ്രീത് ബുമ്രയാകും എന്റെ ക്യാപ്റ്റൻ. കാരണം, ക്യാപ്റ്റനെന്ന നിലയിൽ ബുമ്ര മികവ് തെളിയിച്ച താരമാണ്. ഇംഗ്ലണ്ടിൽ ശുഭ്മാൻ ഗില്ലിനെ വൈസ് ക്യാപ്റ്റനാക്കാവുന്നതാണ്. അത് വഴി ഗില്ലിന് ക്യാപ്റ്റനെന്ന നിലയിൽ പരിചയസമ്പത്ത് സ്വന്തമാക്കാനും ബുമ്രയുടെ അഭാവത്തിൽ ടീമിനെ നയികകാനുമാകുമെന്നും എം എസ് കെ പ്രസാദ് പറഞ്ഞു.ബുമ്രയെ ക്യാപ്റ്റനാക്കുന്നില്ലെങ്കിൽ ഇംഗ്ലണ്ടിൽ ഇന്ത്യ കെ എൽ രാഹുലിനെയാണ് ക്യാപ്റ്റൻ സ്ഥാനത്തേക്ക് പരിഗണിക്കേണ്ടതെന്നും പ്രസാദ് പറഞ്ഞു. അതുപോലെ ബാറ്റിംഗ് ഓർഡറിൽ വിരാട് കോലിയുടെ സ്ഥാനത്തേക്കും രാഹുലിനെ പരിഗണിക്കണം. അതുപോലെ ഓസ്ട്രേലിയൻ സാഹചര്യങ്ങളെക്കാൾ നിതീഷ് കുമാർ റെഡ്ഡിയുടെ ബൗളിംഗ് ഇംഗ്ലണ്ടിൽ വിജയിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇംഗ്ലണ്ടിലേക്ക് 16 അംഗ ടീമിനെയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ ഇടം കൈയൻ പേസറായ അർഷ്ദീപ് സിംഗിനെയും ഞാൻ ടീമിൽ ഉൾപ്പെടുത്തും. കെ എൽ രാഹുൽ നാലാം നമ്പറിൽ ബാറ്റ് ചെയ്യുമ്പോൾ റിസർവ് ഓപ്പണറായി അഭിമന്യു ഈശ്വരനെയാവും താൻ തെരഞ്ഞെടുക്കുകയെന്നും എം എസ് കെ പ്രസാദ് പറഞ്ഞു. ജൂൺ 20 മുതൽ ലീഡ്സിലാണ് ഇംഗ്ലണ്ടിനെതിരായ അഞ്ച് മത്സര പരമ്പര തുടങ്ങുന്നത്.

# വിരമിച്ചാൽ കോച്ചാവാനും കമന്റേറ്ററാവാനും വിരാട് കോഹ്‌ലി ഇല്ല




ക്രിക്കറ്റിന്റെ മൂന്ന് ഫോർമാറ്റുകളിൽ രണ്ടിൽ നിന്നും വിരാട് കോഹ്‌ലി വിരമിച്ചു. ഐപിഎല്ലിൽ നായകസ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറല്ല. ഉത്തരവാദിത്തത്തിന്റെ സമ്മർദ്ദം തന്റെ മാനസിക സന്തോഷത്തെ ബാധിച്ചതിനാലാണ് ഇന്ത്യൻ ടീമിന്റെ നായകസ്ഥാനം രാജിവച്ചതെന്ന് കോഹ്‌ലി അടുത്തിടെ വിശദീകരിച്ചിരുന്നു.കോഹ്‌ലി ഇനി ഏകദിനങ്ങളിൽ മാത്രമേ ഇന്ത്യൻ ജേഴ്സിയിൽ കാണൂ. അതും 2027 ലെ ഏകദിന ലോകകപ്പ് (ഏകദിന ലോകകപ്പ് 2027) വരെ. വരാനിരിക്കുന്ന ലോകകപ്പിൽ കളിക്കുക എന്നതാണ് തന്റെ അടുത്ത വലിയ ലക്ഷ്യമെന്ന് കോഹ്‌ലി അടുത്തിടെ സൂചന നൽകി. ഐപിഎല്ലിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിന്റെ (ആർസിബി) റെഡ് ജേഴ്സിയിൽ അദ്ദേഹം ഒരു ചെറിയ കാലയളവ് മാത്രമേ കളിക്കൂ.36 വയസ്സുള്ളപ്പോൾ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് അപ്രതീക്ഷിതമായി വിരമിച്ച് ക്രിക്കറ്റ് ലോകത്തെ ഞെട്ടിക്കുകയും ആരാധകരുടെ ഹൃദയം തകർക്കുകയും ചെയ്ത കോഹ്‌ലി കളിക്കളത്തിൽ അധികനാൾ തുടരില്ലെന്ന് ഉറപ്പാണ്. അടുത്ത ഏകദിന ലോകകപ്പ് അവസാനിക്കുമ്പോഴേക്കും കോഹ്‌ലി 39 വയസ്സിലേക്ക് കടക്കും.വിരാട് കോഹ്‌ലി വിരമിച്ചാൽ ക്രിക്കറ്റുമായി ഒരു ബന്ധവും ആഗ്രഹിക്കുന്നില്ലെന്നാണ് മുൻ ഇന്ത്യൻ പരിശീലകൻ രവി ശാസ്ത്രിയുടെ പുതിയ വെളിപ്പെടുത്തൽ. ’ഏകദിനങ്ങളിൽ നിന്ന് വിരമിച്ചു കഴിഞ്ഞാൽ കോഹ്‌ലി ക്രിക്കറ്റിനോട് സമ്പൂർണമായി വിടപറയുമെന്ന് എനിക്കറിയാം. പരിശീലകനാകാനോ കമന്റേറ്ററുടെ റോൾ ഏറ്റെടുക്കാനോ ആഗ്രഹിക്കുന്ന ആളല്ല അദ്ദേഹം’- ശാസ്ത്രി സ്പോർട്സ് സ്റ്റാറിനോട് പറഞ്ഞു.




# '500ൽ കൂടുതൽ മിസ്ഡ് കോൾ, ഫോൺ സ്വിച്ച് ഓഫ് വരെ ചെയ്തു'; ദ്രാവിഡിനോട് മനസ് തുറന്ന് വൈഭവ്

ഐപിഎല്ലിന്റെ ഈ സീസണിലെ അത്ഭുത താരമെന്നു വിളിക്കാവുന്നയാളാണ് രാജസ്ഥാൻ റോയൽസിന്റെ 14കാരനായ ഓപണർ വൈഭവ് സൂര്യവംശി. കന്നി സെഞ്ച്വറിയടക്കം നേടി അരങ്ങേറ്റ സീസണിൽ തന്നെ വൈഭവ് സൂര്യവംശിക്ക് സാധിച്ചിരുന്നു. ഐപിഎല്ലിൽ ഗുജറാത്ത് ടൈറ്റൻസിനെതിരായ മത്സരത്തിലാണ് താരം വെടിക്കെട്ട് സെഞ്ച്വറി നേടി തിളങ്ങിയത്. ഇപ്പോൾ തന്റെ കന്നി സെഞ്ച്വറി നേടിയതിന് ശേഷമുള്ള അനുഭവം വെളിപ്പെടുത്തി രംഗത്തെത്തിയിരിക്കുകയാണ് വൈഭവ്. ഇന്ത്യൻ പ്രീമിയർ ലീഗിലൂടെ ഇത്ര ചെറിയ പ്രായത്തിൽ തന്നെ പെട്ടെന്ന് നേടിയ പ്രശസ്തിയും ശ്രദ്ധയും എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന കോച്ച് രാഹുൽ ദ്രാവിഡിന്റെ ചോദ്യത്തിന് മറുപടി നൽകവേയായിരുന്നു വൈഭവിന്റെ വെളിപ്പെടുത്തൽ. സെഞ്ച്വറി പ്രകടനത്തിന് ശേഷം തിരിച്ചെത്തുമ്പോൾ ഫോണിൽ 500ൽ കൂടുതൽ മിസ്ഡ് കോളുകളുണ്ടായിരുന്നുവെന്ന് വൈഭവ് തുറന്നുപറഞ്ഞു. പിന്നാലെ ഫോൺ സ്വിച്ച് ഓഫ് വരെ ചെയ്തുവെക്കേണ്ടിവന്നെന്നും ദ്രാവിഡിനോട് വൈഭവ് വെളിപ്പെടുത്തി.'സെഞ്ച്വറിക്ക് ശേഷം 500ലധികം മിസ്ഡ് കോളുകൾ ഉണ്ടായിരുന്നു. അതിനുശേഷം ധാരാളം ആളുകൾ എന്നെ സമീപിക്കുകയും ചെയ്തു. പക്ഷേ എനിക്ക് അത് അത്ര ഇഷ്ടപ്പെട്ടില്ല. വൈഭവ് പറഞ്ഞു.

# ഐപിഎല്ലിൽ അപൂർവ റെക്കോർഡ് സ്വന്തമാക്കി സഞ്ജു സാംസൺ



ഇന്ത്യൻ പ്രീമിയർ ലീഗിൽ രാജസ്ഥാൻ റോയൽസ് ജയത്തോടെ സീസൺ അവസാനിപ്പിച്ചപ്പോൾ അപൂർവനേട്ടം സ്വന്തമാക്കിയിരിക്കുകയാണ് നായകൻ സഞ്ജു സാംസൺ. രാജസ്ഥാന് വേണ്ടി ഐപിഎല്ലിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള താരമായ സഞ്ജു ഇന്നലെ രാജസ്ഥാൻ കുപ്പായത്തിൽ 4000 റൺസ് പിന്നിട്ടു. ഇന്നലെ ചെന്നൈക്കെതിരായ മത്സരത്തിനിറങ്ങുമ്പോൾ 15 റൺസ് കൂടിയായിരുന്നു 4000 റൺസെന്ന നാഴികക്കല്ല് പിന്നിടാൻ സഞ്ജുവിന് വേണ്ടിയിരുന്നത്. 31 പന്തിൽ 41 റൺസെടുത്ത സഞ്ജു വൈഭവ് സൂര്യവംശിക്കൊപ്പം രണ്ടാം വിക്കറ്റിൽ നിർണായക കൂട്ടുകെട്ടിലും പങ്കാളിയായി.രാജസ്ഥാൻ ജേഴ്സിയിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള താരമായ സഞ്ജു രണ്ടാം സ്ഥാനത്തുള്ള ജോസ് ബട്‌ലറെ(3055) ബഹുദൂരം പിന്നിലാക്കിയിരുന്നു. ഈ സീസണിൽ കൊൽക്കത്തയെ നയിച്ച അജിങ്ക്യാ രഹാനെയാണ്(2810) രാജസ്ഥാൻ ജേഴ്സിയിൽ ഏറ്റവും കൂടുതൽ റൺസ് നേടിയിട്ടുള്ള മൂന്നാമത്തെ ബാറ്റർ. ഷെയ്ൻ വാട്സൺ(2372), യശസ്വി ജയ്സ്വാൾ(2166), റിയാൻ പരാഗ്(1563), രാഹുൽ ദ്രാവിഡ്(1276), സ്റ്റീവ് സ്മിത്ത്(1070), യൂസഫ് പത്താൻ(1011), ഷിമ്രോൺ ഹെറ്റ്മെയർ(953) എന്നിവരാണ് രാജസ്ഥാനായി ഏറ്റവും കൂടുതൽ റൺസ് നേടിയ ആദ്യ പത്ത് ബാറ്റർമാർ. ഐപിഎല്ലിൽ ഒരു ടീമിനായി മാത്രം 4000ൽ അധികം റൺസ് നേടുന്ന ലോകത്തിലെ ഏഴാമത്തെ ബാറ്ററുമാണ് സഞ്ജു സാംസൺ.

# ടി20യിൽ 350 സിക്സറുകൾ പൂർത്തിയാക്കി ധോണി





ഐപിഎല്ലിൽ ചെന്നൈ നായകൻ എംഎസ് ധോണിക്ക് പുതിയ റെക്കോർഡ്. ഇന്നലെ രാജസ്ഥാൻ റോയൽസിനെതിരെ നടന്ന മത്സരത്തിലാണ് ധോണിയുടെ നേട്ടം. രോഹിതും കോഹ് ലിയും ഉൾപ്പെടുന്ന ടി20യിലെ സൂപ്പർ താരങ്ങളുടെ പട്ടികയിലാണ് ധോണി ഇടം പിടിച്ചത്. രാജസ്ഥാനെതിരെ നേടിയ സിക്സിലൂടെ ടി20യിൽ 350 സിക്സ് നേടുന്ന താരങ്ങളുടെ പട്ടികയിലേക്കാണ് ധോണി ഇടം കണ്ടെത്തിയത്. ഈ ഫോർമാറ്റിൽ 350 സിക്സ് നേടുന്ന നാലാമത്തെ ഇന്ത്യൻ താരമാണ് ധോണി. വിരാട് കോഹ്ലി, രോഹിത് ശർമ, സൂര്യകുമാർ യാദവ് എന്നിവരാണ് പട്ടികയിലെ മറ്റ് ഇന്ത്യൻ താരങ്ങൾ. മത്സരത്തിന് മുമ്പ് ഈ നാഴികക്കല്ല് കടക്കാൻ ധോണിക്ക് ഒരു സിക്സ് മാത്രമേ ആവശ്യമായിരുന്നുള്ളൂ. മത്സരത്തിൽ റിയാൻ പരാഗിനെ സിക്സ് അടിച്ചാണ് ധോണി നേട്ടത്തിലെത്തിയത്. ധോണിയുടെ നേട്ടത്തിനൊപ്പമെത്താൻ സഞ്ജു സാംസണിന് രണ്ട് സിക്സുകളുടെ ദൂരമേയുള്ളൂ.




# കെവിൻ ഡിബ്രൂയിന്റെ പ്രതിമ ഇത്തിഹാദ് സ്റ്റേഡിയത്തിന് മുന്നിൽ ഉയരും

മാഞ്ചസ്റ്റർ സിറ്റിക്കായി ഇത്തിഹാദ് മൈതാനത്ത് 142ാമത്തെയും അവസാനത്തെ ലീഗ് മത്സരവും കളിച്ച് കെവിൻ ഡി ബ്രൂയിൻ എന്ന ബെൽജിയൻ ഇതിഹാസം വിടവാങ്ങി. കഴിഞ്ഞ ഒരു ദശകമായി സിറ്റിയുടെ മധ്യനിരയിലെ കരുത്തായ 33കാരനെ നിറകണ്ണുകളോടെയാണ് സഹതാരങ്ങൾ യാത്രയാക്കിയത്. പ്രീമിയർ ലീഗിൽ ബേൺമൗത്തിനെതിരെ 3–1 ന്റെ വിജയം സമ്മാനിച്ചാണ് ഈ ബെൽജിയൻ സൂപ്പർ താരം പടിയിറങ്ങുന്നത്. മത്സരത്തിന്റെ 14, 38, 89 മിനുറ്റുകളിലാണ് സിറ്റി ഗോൾ കണ്ടെത്തിയത്. ഉമർ മർമോഷ്, ബെർണാഡോ സിൽവ, നികോ ഗോൺസാലസ് എന്നിവരാണ് സിറ്റിക്ക് വേണ്ടി വല കുലുക്കിയത്. അവസാന മത്സരത്തിന് ശേഷം കെവിൻ ഡി ബ്രൂയിന് സഹതാരങ്ങൾ ഗാർഡ് ഓഫ് ഓണർ നൽകി. നിറകണ്ണുകളോടെ 'ദുഃഖകരമായ ദിവസം' എന്നാണ് പെപ് ഗാർഡിയോള വിശേഷിപ്പിച്ചത്.ഇതിനിടെ കെവിൻ ഡി ബ്രൂയിന്റെ പ്രതിമ സിറ്റിയുടെ സ്റ്റേഡിയമായ അൽ ഇത്തിഹാദിന് മുന്നിൽ സ്ഥാപിക്കാനൊരുങ്ങി ക്ലബ് അധികൃതർ വ്യക്തമാക്കിയിരുന്നു. താരത്തോടുള്ള ആദരവ് പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായാണ് പ്രതിമ ഒരുക്കുക. പ്രതിമ നിർമാണത്തിലാണെന്നും വൈകാതെ അത് സ്റ്റേഡിയത്തിന് മുന്നിൽ മൈക്ക് സമ്മർബീ, ഫ്രാൻസിസ് ലീ, കോളിൻ ബെൽ എന്നിവരുൾപ്പെടെ പതിറ്റാണ്ടുകൾക്ക് മുമ്പുള്ള ക്ലബ് ഇതിഹാസ താരങ്ങൾക്കൊപ്പം സ്ഥാപിക്കുമെന്നും മാഞ്ചസ്റ്റർ സിറ്റി ഫുട്ബോൾ ക്ലബ് അധികൃതർ പറഞ്ഞു

# എന്താണ് ജോ ബൈഡനെ ബാധിച്ച പ്രോസ്റ്റേറ്റ് കാൻസർ? ലക്ഷണങ്ങളും രോഗനിർണയവും





പുരുഷന്മാരിൽ കാൻസർ വരാൻ ഏറ്റവും സാധ്യതയുള്ള അവയവങ്ങളിൽ ഒന്നാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി. വികസിത രാജ്യങ്ങളിൽ, പ്രായമായ പുരുഷന്മാരിൽ ഏറ്റവും സാധാരണമായ കാൻസറാണിത്. ഇന്ത്യയിൽ, പുരുഷന്മാരിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന നാല് കാൻസറുകളിൽ ഒന്നാണിത്. ഏകദേശം ഏഴ് പുരുഷന്മാരിൽ ഒരാൾക്ക് പ്രോസ്റ്റേറ്റ് കാൻസർ വരാനുള്ള സാധ്യതയുണ്ട്.

മുൻ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന് പ്രോസ്റ്റേറ്റ് കാൻസർ സ്ഥിരീകരിച്ചതായി ഇന്നലെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ഇതിനെത്തുടർന്ന്, രോഗത്തെക്കുറിച്ചുള്ള ആശങ്കകളും ചർച്ച ചെയ്യപ്പെടുന്നു. മൂത്രാശയ സംബന്ധമായ രോഗലക്ഷണങ്ങൾ കണ്ടതിനേത്തുടർന്ന് നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചതെന്നും വേഗത്തിൽ പടരുന്ന പ്രോസ്റ്റേറ്റ് കാൻസറാണ് ബാധിച്ചിരിക്കുന്നതെന്നും സ്ഥിരീകരണമുണ്ടായിരുന്നു. പ്രോസ്റ്റേറ്റ് കാൻസർ എന്താണെന്നും അതിന്റെ ലക്ഷണങ്ങളും ചികിത്സയും പരിശോധിക്കാം.

### എന്താണ് പ്രോസ്റ്റേറ്റ് കാൻസർ?

പുരുഷന്റെ പ്രത്യുത്പാദന വ്യൂഹത്തിലെ പ്രധാന അവയവമാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി. മൂത്രസഞ്ചിയുടെ താഴെ, മലാശയത്തിനു മുന്നിലാണിത് സ്ഥിതി ചെയ്യുന്നത്. സെമിനൽ ദ്രാവകം ഉത്പാദിപ്പിക്കുകയും പുരുഷ ബീജത്തിന്റെ ശരിയായ പ്രവർത്തനത്തിന് സഹായിക്കുകയും ചെയ്യുക എന്നതാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥിയുടെ പ്രധാന ധർമം. മൂത്രനാളി ഈ ഗ്രന്ഥിയുടെ മധ്യഭാഗത്തുകൂടിയാണ് കടന്നു പോകുന്നത്. പുരുഷന്മാരിൽ കാൻസർ വരാൻ ഏറ്റവും കൂടുതൽ സാധ്യതയുള്ള ഒരവയവവുമാണ് പ്രോസ്റ്റേറ്റ് ഗ്രന്ഥി.

യുഎസ് സെന്റേർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (സിഡിസി) കണക്കുകൾ പ്രകാരം, ഓരോ 100 പുരുഷന്മാരിലും 13 പേർക്ക് അവരുടെ ജീവിതത്തിലെ ഏതെങ്കിലും ഘട്ടത്തിൽ പ്രോസ്റ്റേറ്റ് കാൻസർ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ക്ലീവ്ലാൻഡ് ക്ലിനിക് റിപ്പോർട്ടുകൾ പ്രകാരം, അമേരിക്കയിൽ ഏകദേശം 34,000 പേർ ഈ രോഗം കാരണം മരിക്കുന്നു.

രക്തം കലർന്ന മൂത്രം, മൂത്രമൊഴിക്കുമ്പോൾ വേദന, മലവിസർജ്ജന നിയന്ത്രണം നഷ്ടപ്പെടൽ എന്നിവയാണ് അവസാന ഘട്ടത്തിലേക്ക് എത്തുമ്പോഴുള്ള ലക്ഷണങ്ങൾ.

### പ്രോസ്റ്റേറ്റ് കാൻസറിന്റെ ലക്ഷണങ്ങൾ

1. മൂത്രം ഒഴിക്കുന്നതിന് ബുദ്ധിമുട്ട് അല്ലെങ്കിൽ കടുത്ത വേദന
2. മൂത്രത്തിലും ശുക്ലത്തിലും രക്തം കലരുക
3. അടിവയറ്റിലോ നടുവിനോ വേദന
4. മൂത്രമൊഴിക്കൽ, മലവിസർജനം, എന്നിവയിലുള്ള നിയന്ത്രണം നഷ്ടപ്പെടൽ

### പ്രോസ്റ്റേറ്റ് ഘട്ടങ്ങൾ?

റിപ്പോർട്ടുകൾ പ്രകാരം ജോ ബൈഡന് പ്രോസ്റ്റേറ്റ് കാൻസർ അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ബൈഡന്റെ കാൻസർ അസ്ഥികളിലേക്ക് മെറ്റാസ്റ്റാറ്റിസ് ചെയ്യപ്പെടുകയും അതിനെ ഒരു വിട്ടുമാറാത്ത അവസ്ഥയാക്കുകയും ചെയ്തിരിക്കുന്നു.

ഒരു സാധാരണ ആന്റിജൻ രക്ത പരിശോധനയിലൂടെ കണ്ടെത്താമായിരുന്നിട്ടും, ഏറ്റവും മികച്ച ആരോഗ്യ സംരക്ഷണം ലഭ്യമായിട്ടും ബൈഡൻ നേരത്തെ പരിശോധനയ്ക്ക് വിധേയനാകാത്തത് എന്തുകൊണ്ടാണെന്ന് നെറ്റിസൺമാർ സംശയം ഉയർത്തുന്നു.

### എന്താണ് ഗ്ലീസൺ സ്കോർ?

മൈക്രോസ്കോപ്പിൽ കാണുന്ന കാൻസർ കോശങ്ങളെ അടിസ്ഥാനമാക്കി പ്രോസ്റ്റേറ്റ് കാൻസറിന്റെ തീവ്രത വിലയിരുത്താൻ ഉപയോഗിക്കുന്ന ഒരു ഗ്രേഡിംഗ് സംവിധാനമാണ് ഗ്ലീസൺ സ്കോർ. ആറ് മുതൽ പത്ത് വരെയാണ് സ്കോറുകൾ.

ഉയർന്ന സ്കോർ കാൻസർ കൂടുതൽ തീവ്രമാണെന്ന് സൂചിപ്പിക്കുന്നു. അതിനാൽ, ഗ്ലീസൺ സ്കോർ ഒമ്പത് എന്നത് ബൈഡനെ സംബന്ധിച്ച് കാൻസർ വളരെ വഷളായ നിലയിലാണ് എന്നാണ് വ്യക്തമാക്കുന്നത്. ഗ്ലീസൺ സ്കോർ ഒമ്പത് എന്നത് (4+5) അല്ലെങ്കിൽ (5+4) പോലുള്ള രണ്ട് പാറ്റേണുകളെ സൂചിപ്പിക്കുന്നു.

ഇതിൽ, ആദ്യത്തെ സംഖ്യ ഏറ്റവും സാധാരണയായ കോശങ്ങളുടെ പാറ്റേണിനേയും (most common cell pattern) രണ്ടാമത്തത് സെക്കൻഡറി പാറ്റേണിനേയും പ്രതിനിധീകരിക്കുന്നു. ഗ്ലീസൺ സ്കോർ 9 എന്നത് ഏറ്റവും ഉയർന്ന അപകടസാധ്യതയുള്ള കാൻസർ ആണെന്നാണ് അമേരിക്കൻ കാൻസർ സൊസൈറ്റിയും വ്യക്തമാക്കുന്നത്. ഇത് അതിവേഗം വളരാനും പടരാനും സാധ്യതയുണ്ട്.

### ചികിത്സ

സാധാരണ ചികിത്സകളിൽ റേഡിയോ തെറാപ്പിയും കീമോതെറാപ്പി പോലുള്ള സിസ്റ്റമാറ്റിക് തെറാപ്പികളും ഉൾപ്പെടുന്നു. എന്നിരുന്നാലും, ഗുരുതരമായ കേസുകളിൽ കാൻസർ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിച്ചിട്ടില്ലെങ്കിൽ മാത്രമേ റാഡിക്കൽ പ്രോസ്റ്റേറ്റെക്ടമി വിജയിക്കൂ.

കുറഞ്ഞ അപകടസാധ്യതയുള്ളതും പ്രാഥമിക ഘട്ടത്തിലുള്ളതുമായ കാൻസറുകൾക്ക് ഫോക്കൽ തെറാപ്പി ഉപയോഗിച്ച് ചികിത്സിക്കാൻ കഴിയും.

അവയിൽ ഉയർന്ന തീവ്രത ഫോക്കസ് ചെയ്ത അൾട്രാസൗണ്ട് (HIFU), ക്രയോതെറാപ്പി, ലേസർ അബ്ലേഷൻ, ഫോട്ടോഡൈനാമിക് തെറാപ്പി എന്നിവ ഉൾപ്പെടുന്നു.

# എന്താണ് പുരുഷന്മാരെ കൊല്ലുന്ന 'ബ്രോക്കൺ ഹാർട്ട് സിൻഡ്രോം'



എന്താണ് 'ബ്രോക്കൺ ഹാർട്ട് സിൻഡ്രോം'? തീവ്രമായ വൈകാരികമോ ശാരീരികമോ ആയ സമ്മർദ്ദം മൂലമുണ്ടാകുന്ന ഹൃദ്രോഗമാണ് ബ്രോക്കൺ ഹാർട്ട് സിൻഡ്രോം. നെഞ്ചുവേദന, ശ്വാസതടസ്സം തുടങ്ങി ഹൃദയാഘാതത്തിന്റെ ലക്ഷണമെല്ലാം ഈ അവസ്ഥയിലുണ്ടാകും.

ഈയൊരു അവസ്ഥയിൽ നിന്ന് തിരിച്ച് സാധാരണ നിലയിലേക്ക് വരുമെങ്കിലും കൺജസ്റ്റീവ് ഹാർട്ട് ഫെയിലർ, കാർഡിയോജനിക് ഷോക്ക്, സ്ട്രോക്ക് എന്നിവയുൾപ്പെടെയുള്ള ഗുരുതരമായ പ്രശ്നങ്ങൾക്ക് ഈ അവസ്ഥ കാരണമാകും.

തീവ്രമായ വിഷമഘട്ടങ്ങളിൽ അനുഭവിക്കുന്ന ഹൃദയം തകരുന്ന വേദനയെന്നും വിശേഷിപ്പിക്കാം. നമ്മളിൽ പലർക്കും ചില ഘട്ടങ്ങളിലെങ്കിലും ഈ ഒരു അവസ്ഥയിലൂടെ കടന്നുപോയിട്ടുണ്ടാകാം.

അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ജേണലിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ, ബ്രോക്കൺ ഹാർട്ട് സിൻഡ്രോം മൂലമുള്ള മരണങ്ങൾ കൂടുതലും പുരുഷന്മാരിലാണ് സംഭവിക്കുന്നതെന്ന് കണ്ടെത്തി.

2016 നും 2020 നും ഇടയിൽ യുഎസിൽ രോഗനിർണയം നടത്തിയ ഏകദേശം 200,000 രോഗികളിൽ നിന്നുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട്.

സ്ത്രീകളിലാണ് ഈ അവസ്ഥ കൂടുതൽ സാധാരണമായത്, 83 ശതമാനം കേസുകളും ഇതിൽ ഉൾപ്പെടുന്നു, എന്നാൽ മരണനിരക്ക് പുരുഷന്മാരിൽ 11.2 ശതമാനവും സ്ത്രീകളിൽ 5.5 ശതമാനവും കൂടുതലാണ്.

പുരുഷന്മാരിലെ മരണനിരക്ക് ഉയരാൻ പല കാരണങ്ങളാണ് പഠനം ചൂണ്ടിക്കാട്ടുന്നത്. അതിൽ പ്രധാനം മാനസികാരോഗ്യത്തിൽ സാമൂഹികമായി പുരുഷന് ലഭിക്കുന്ന പിന്തുണയുടെ അപര്യാപ്തതയാണ്.

കൂടാതെ, സമ്മർദം നേരിടുന്നതിൽ സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരിലുള്ള വ്യത്യാസവും മരണനിരക്ക് കൂടാൻ കാരണമാകുന്നു. രോഗത്തെ കുറിച്ച് കൂടുതൽ അവബോധവും ലിംഗഭേദമന്യേ മെച്ചപ്പെട്ട ചികിത്സാരീതികളും അനിവാര്യമാണെന്ന് പഠനം പറയുന്നു.

മരണ നിരക്ക് കൂടുന്നത് ഭയപ്പെടുത്തുന്നതാണെന്നും രോഗാവസ്ഥയെ കുറിച്ച് അവബോധം വളർത്തുകയും മെച്ചപ്പെട്ട ചികിത്സാ രീതികളെ കുറിച്ച് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്നുമാണ് ജേണലിൽ പറയുന്നത്.

# വിറ്റാമിൻ ഡിയുടെ കുറവ് പ്രത്യുൽപാദന ശേഷിയെ ബാധിക്കാമെന്ന് പഠനം




ശരീരത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് വിറ്റാമിൻ ഡി ഒരു പ്രധാന പോഷകമാണ്. പ്രത്യുൽപാദന ആരോഗ്യത്തിൽ വിറ്റാമിൻ ഡി ഒരു പ്രധാന പങ്ക് വഹിക്കുന്നു. അസ്ഥികളുടെ ആരോഗ്യത്തിനും പ്രത്യുൽപാദന പ്രവർത്തനത്തിനും വിറ്റാമിൻ ഡി ഒരുപോലെ പ്രധാനമാണെന്ന് ദ്വാരകയിലെ ബിർള ഫെർട്ടിലിറ്റി & ഐവിഎഫിലെ ഫെർട്ടിലിറ്റി സ്പെഷ്യലിസ്റ്റ് ഡോ. ശിൽപ സിംഗാൾ പറയുന്നു.

വിറ്റാമിൻ ഡിയുടെ കുറവ് ഹോർമോൺ സന്തുലിതാവസ്ഥ, അണ്ഡത്തിന്റെയും ബീജത്തിന്റെയും ഉത്പാദനം, ഭ്രൂണത്തിന്റെ ഗുണനിലവാരം, ഇംപ്ലാന്റേഷനെ പിന്തുണയ്ക്കാനുള്ള ഗർഭാശയത്തിന്റെ കഴിവ് എന്നിവയെയും തടസ്സപ്പെടുത്തും.


ഇന്റർനാഷണൽ ജേണൽ ഓഫ് റീപ്രൊഡക്ഷനിൽ പ്രസിദ്ധീകരിച്ച ഒരു സമീപകാല പഠനത്തിൽ 64 ശതമാനം ഇന്ത്യൻ സ്ത്രീകളും വിറ്റാമിൻ ഡിയുടെ കുറവുള്ളവരാണെന്ന് കണ്ടെത്തി. പിസിഒഎസ് ഉള്ള സ്ത്രീകളിൽ ഇത് പ്രത്യേകിച്ച് സത്യമാണ്. കാരണം ഇത് ക്രമരഹിതമായ ആർത്തവവും ഹോർമോൺ അസന്തുലിതാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു.

വിറ്റാമിൻ ഡി സപ്ലിമെന്റേഷൻ ഇൻസുലിൻ പ്രതിരോധം മെച്ചപ്പെടുത്താനും, ആർത്തവത്തെ നിയന്ത്രിക്കാനും, അണ്ഡ വിസർജ്ജനത്തെ പിന്തുണയ്ക്കാനും, ഗർഭം അലസൽ സാധ്യത കുറയ്ക്കാനും സഹായിക്കുമെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. പുരുഷന്മാരിൽ, വിറ്റാമിൻ ഡിയുടെ കുറഞ്ഞ അളവ് ബീജ ചലനശേഷി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നതായും ഗവേഷകർ പറയുന്നു.

77.4% ഗർഭിണികൾക്കും വിറ്റാമിൻ ഡി കുറവുണ്ടെന്ന് ബംഗളൂരുവിലെ ങഅഅടഠഒക ജനന കൂട്ടായ്മയിൽ നിന്നുള്ള കണ്ടെത്തലുകളിൽ വ്യക്തമാക്കുന്നു. സ്ത്രീകൾക്ക് ഗർഭകാല പ്രമേഹം വരാനുള്ള സാധ്യത മൂന്നിരട്ടിയിലധികം കൂടുതലാണ്.

ഗർഭകാലത്തെ വിറ്റാമിൻ ഡിയുടെ കുറവ് രക്താതിമർദ്ദം, മാസം തികയാതെയുള്ള പ്രസവം, കുഞ്ഞിന് ഭാരം കുറയുക തുടങ്ങിയ സങ്കീർണതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ ടൈപ്പ് 1 അല്ലെങ്കിൽ 2 പ്രമേഹം, ആസ്ത്മ, അല്ലെങ്കിൽ ഓട്ടിസം, സ്കീസോഫ്രീനിയ പോലുള്ള നാഡീ വികസന വൈകല്യങ്ങൾ പോലുള്ള അവസ്ഥകളിലേക്ക് കുട്ടിയെ നയിക്കാനുള്ള സാധ്യത കൂടുതലാണെന്ന് ഡോ. ശിൽപ സിംഗാൾ പറയുന്നു.

# കോവിഡ് കുറച്ചത് ഇന്ത്യക്കാരുടെ 1.6 വർഷത്തെ ആയുർദൈർഘ്യം



കോവിഡ്-19 മഹാമാരി മൂലം 2021ൽ ഇന്ത്യയുടെ ആയുർദൈർഘ്യം കുത്തനെ കുറഞ്ഞതായി റിപ്പോർട്ട്. 1.6 വർഷത്തെ കുറവാണ് രേഖപ്പെടുത്തിയത്. അതായത് രാജ്യത്തിന്റെ മൊത്തത്തിലുള്ള ആയുർദൈർഘ്യം 2019 ൽ 70.4 വർഷമായിരുന്നത് 2021ൽ 68.8 വർഷമായാണ് കുറഞ്ഞിരിക്കുന്നത്.

ഡിയോണറിലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസിലെ (ഐ.ഐ.പി.എസ്) ഗവേഷകർ നടത്തിയ വിശകലനമനുസരിച്ച്, ഈ തിരിച്ചടി ഏകദേശം ഒരു ദശാബ്ദക്കാലത്തെ ആരോഗ്യ നേട്ടങ്ങളെയാണ് ഇല്ലാതാക്കിയത്.

മഹാമാരിക്ക് മുമ്പുള്ള 2019 നെ അപേക്ഷിച്ച് 2021ൽ ഇന്ത്യയിൽ 2.2 ദശലക്ഷം അധിക മരണങ്ങൾ രേഖപ്പെടുത്തിയതായി കാണിക്കുന്ന സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തിൽ നിന്നുള്ള ഡാറ്റ കേന്ദ്ര സർക്കാർ പുറത്തുവിട്ടിരുന്നു. ഇതിന് ദിവസങ്ങൾക്ക് ശേഷമാണ് ഈ പഠന റിപ്പോർട്ട് വന്നിരിക്കുന്നത്. വിവരങ്ങൾ വിശകലനം ചെയ്ത 22 സംസ്ഥാനങ്ങളിൽ 19 സംസ്ഥാനങ്ങളിലും ആയുർദൈർഘ്യത്തിൽ കുറവുണ്ടായി.

ഗുജറാത്ത്, പഞ്ചാബ്, ഹരിയാന എന്നിവിടങ്ങളിലാണ് ഏറ്റവും ഗുരുതരമായ കുറവ് രേഖപ്പെടുത്തിയത്. ഈ സംസ്ഥാനങ്ങളിൽ ആയുർദൈർഘ്യം മൂന്ന് വർഷത്തിലധികം കുറഞ്ഞു.

ഇന്ത്യയിലെ പുരുഷന്മാരുടെ ആയുർദൈർഘ്യം 2.2 വർഷത്തിനുള്ളിൽ 68.9 ൽ നിന്ന് 66.7 വർഷമായി കുറഞ്ഞു.

അതേസമയം സ്ത്രീകളുടെ ആയുർദൈർഘ്യം 72.1 ൽ നിന്ന് 71.5 വർഷമായി 0.5 വർഷം മാത്രമാണ് കുറഞ്ഞത്.



## ‘ഫേസ് ഏജ് എഐ ടൂൾ’; ഒറ്റ സെൽഫി മതി, ആരോഗ്യ പ്രശ്നം കണ്ടെത്താം

രോഗിയുടെ മുഖം വിശകലനം ചെയ്ത് അവരുടെ ആരോഗ്യം വിശകലനം ചെയ്യാൻ ഡോക്ടർമാരെ സഹായിക്കുന്ന എഐ ടൂൾ വന്നിരിക്കുന്നു. ഫേസ് ഏജ് എന്ന് വിളിക്കപ്പെടുന്ന ഇത്, മെഡിക്കൽ പ്രൊഫഷണലുകൾ ‘ഐബോൾ ടെസ്റ്റ്’ എന്ന് വിളിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ്. അതായത്, ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ആരോഗ്യം ഒറ്റ നോട്ടത്തിൽ തന്നെ വിലയിരുത്താൻ കഴിയും.


ബോസ്റ്റണിലെ ബ്രിഗാം ആൻഡ് വിമൻസ് ഹോസ്പിറ്റൽ എന്ന ലാഭേച്ഛയില്ലാത്ത ആരോഗ്യ സംരക്ഷണ സംരംഭമാണ് ഈ ഉപകരണം വികസിപ്പിച്ചെടുത്തത്. ഡോക്ടർമാർക്ക് ഉപയോഗിക്കുന്നതിന് മുമ്പ് കൂടുതൽ ഗവേഷണം നടത്തുമെന്ന് നിർമ്മാതാക്കൾ പറയുന്നു.

ഒരു സെൽഫിയിലൂടെ ഒരാളുടെ ബയോളജിക്കൽ വയസ്സ് വിശകലനം ചെയ്ത് പറയാൻ സാധിക്കുന്ന ഒരു ഡീപ് ലേണിങ് അൽഗോരിതമാണ് ഫേസ് ഏജ്. രോഗിക്ക് ഏറ്റവും അനുയോജ്യമായ ചികിത്സ നൽകുന്നതിൽ ബയോളജിക്കൽ ഏജ് സുപ്രധാനമാണ്.

ഉദാഹരണത്തിന്, ഒരു അർബുദ രോഗിക്ക്, അയാളുടെ ജന്മദിനാടിസ്ഥാനമായ വയസ്സിനേക്കാൾ കുറവാണ് ബയോളജിക്കൽ ഏജ് എങ്കിൽ കടുപ്പമേറിയ ചികിത്സകൾ ഡോക്ടർക്ക് നിർദേശിക്കാൻ കഴിയും. അത്തരം ചികിത്സകൾ താങ്ങാനുള്ള ആരോഗ്യം രോഗിക്ക് ഉണ്ടെന്ന് ഡോക്ടർക്ക് മനസ്സിലായത് ബയോളജിക്കൽ ഏജ് വിലയിരുത്തിയതിൽകൂടി ആണ്.

60 വയസ്സു മുതലുള്ള, ആരോഗ്യവാൻമാരാണെന്ന് കരുതുന്ന 9000 പേരുടെ ഫോട്ടോകൾ നൽകിയാണ് ഫേസ് ഏജിനെ പരിശീലിപ്പിച്ചത്. വിക്കിമീഡിയ, സിനിമ ഡാറ്റാബേസായ ഐ.എം.ഡി.ബി തുടങ്ങിയവയിൽനിന്ന് ഡൗൺലോഡ് ചെയ്ത ചിത്രങ്ങളായിരുന്നു അത്. UTKFace എന്ന ഡേറ്റാസെറ്റിൽനിന്നുള്ള, 116 വയസ്സു വരെയുള്ളവരുടെ ചിത്രങ്ങളും പരിശീലനത്തിനായി നൽകിയിരുന്നു.

# ഗൂഗിൾ മാപ്പിൽ എന്തിനാണീ ഇത്രയധികം വരകൾ?




ഡ്രൈവിങ്ങിൽ ഏറെ സഹായകരമാണ് ഗൂഗിൾ മാപ്പ്. ഗൂഗിൾ മാപ്സ് തത്സമയ അപ്ഡേറ്റുകളും റൂട്ട് നിർദ്ദേശങ്ങളും വാഗ്ദാനം ചെയ്യുന്നുണ്ട്. എന്നാൽ ഗൂഗിൾ മാപ്പിലെ പച്ച, ചുവപ്പ്, മഞ്ഞ, നീല, പർപ്പിൾ, ബ്രൗൺ തുടങ്ങിയ വരകൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് അറിയാമോ?

ഈ നിറങ്ങൾ ഗൂഗിൾ മാപ്പിന്റെ രൂപകൽപ്പനയുടെ ഒരു ഭാഗം മാത്രമാണെന്ന് പലരും കരുതിയേക്കാം. പക്ഷേ അത് ശരിയല്ല. ഓരോ നിറവും കൂടുതൽ കാര്യക്ഷമമായി യാത്ര ചെയ്യാൻ നിങ്ങളെ സഹായിക്കുന്ന പ്രധാനപ്പെട്ട ട്രാഫിക്കിനെയും റൂട്ട് വിവരങ്ങളെയും സൂചിപ്പിക്കുന്നു.

### പച്ച വര

ഗൂഗിൾ മാപ്പിൽ നിങ്ങളുടെ റൂട്ടിൽ ഒരു പച്ച വര കണ്ടാൽ, റോഡ് വ്യക്തവും ഗതാഗത കുരുക്കില്ലെന്നും അർത്ഥമാക്കുന്നു. തടസ്സങ്ങളൊന്നുമില്ലാതെ സുഗമവും വേഗതയേറിയതുമായ ഒരു ഡ്രൈവ് നിങ്ങൾക്ക് പ്രതീക്ഷിക്കാം.

### മഞ്ഞയോ ഓറഞ്ചോ വരകൾ

മഞ്ഞയോ ഓറഞ്ചോ നിറത്തിലുള്ള വരകൾ റോഡിൽ മിതമായ ഗതാഗതം ഉണ്ടെന്ന് സൂചിപ്പിക്കുന്നു. നിങ്ങളുടെ യാത്ര അൽപ്പം മന്ദഗതിയിലായേക്കാം, പക്ഷേ വലിയ കാലതാമസമൊന്നും ഉണ്ടാകില്ല. ഇപ്പോഴും പോകാൻ സാമാന്യം നല്ല ഒരു വഴിയാണിതെന്ന് ഈ നിറം സൂചിപ്പിക്കുന്നു.

### ചുവന്ന വര

ചുവന്ന വര ഒരു മുന്നറിയിപ്പാണ്. അതിനർത്ഥം റോഡിൽ കനത്ത ഗതാഗതക്കുരുക്ക് അല്ലെങ്കിൽ തിരക്ക് ഉണ്ട് എന്നാണ്. ഈ ചുവപ്പ് നിറം കൂടുതൽ ഇരുണ്ടതോ കട്ടിയുള്ളതോ ആണെങ്കിൽ, അത് അതീവ ഗുരുതരമായ ഗതാഗതക്കുരുക്കിനെ സൂചിപ്പിക്കുന്നു. നിങ്ങൾക്ക് പോയിട്ട് അത്യാവശ്യം ഉണ്ടെങ്കിൽ ഈ നിറം കണ്ടാൽ ഇതര വഴികൾ തേടുന്നത് നന്നായിരിക്കും.

### നീല വര

നിങ്ങൾ ഗൂഗിൾ മാപ്പിൽ നാവിഗേഷൻ ആരംഭിക്കുമ്പോൾ, നിങ്ങളുടെ സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്ന് നിങ്ങളുടെ ലക്ഷ്യസ്ഥാനത്തേക്കുള്ള റൂട്ട് ഒരു നീല വര ഹൈലൈറ്റ് ചെയ്യുന്നു. നിങ്ങൾ ഉദ്ദേശിക്കുന്ന ശരിയായ റൂട്ട് പിന്തുടരാൻ ഇത് നിങ്ങളെ സഹായിക്കുന്നു.

### പർപ്പിൾ ലൈൻ

ഗൂഗിൾ മാപ്സിൽ ചിലപ്പോൾ ഒരു പർപ്പിൾ ലൈൻ കാണിക്കും. ഈ ലൈൻ ഒരു ഇതര റൂട്ടിനെയോ അല്ലെങ്കിൽ ദൈർഘ്യമേറിയ മറ്റൊരു റൂട്ടിനെയോ സൂചിപ്പിക്കുന്നു. അതിൽ ചെറിയ ട്രാഫിക് ഉണ്ടാകാം. പ്രധാന റൂട്ടിലെ ട്രാഫിക് ഒഴിവാക്കുമ്പോൾ ഇത് സാധാരണയായി കാണിക്കുന്നു.

### ബ്രൗൺ ലൈൻ

ഗൂഗിൾ മാപ്പിൽ ഒരു ബ്രൗൺ ലൈൻ ശ്രദ്ധയിൽപ്പെട്ടോ? എങ്കിൽ നിങ്ങൾ സഞ്ചരിക്കുന്ന റോഡ് കുന്നിൻ പ്രദേശങ്ങളിലൂടെയോ ഉയർന്ന പ്രദേശങ്ങളിലൂടെയോ കടന്നുപോകുന്നു എന്നാണ് അർത്ഥമാക്കുന്നത്. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലോ പർവത പ്രദേശങ്ങളിലോ സഞ്ചരിക്കുമ്പോൾ ഭൂപ്രകൃതിയിലെ മാറ്റങ്ങൾ മനസിലാക്കാൻ ഇത് നിങ്ങളെ സഹായിക്കുന്നു.

# ആപ്പിൾ എയർപോഡ്സ് പ്രോ 3 ഉടൻ ലോഞ്ച് ചെയ്യും



ആപ്പിൾ ഉപയോക്താക്കൾ കുറച്ചുനാളായി എയർപോഡ്സ് പ്രോ 3 നായി കാത്തിരിക്കുകയാണ്. 2022 ൽ കമ്പനി എയർപോഡ്സ് പ്രോ 2 പുറത്തിറക്കി. അതിനു ശേഷം, യുഎസ്ബിസി ചാർജിംഗ് പോർട്ട് ഉള്ള ഉയർന്ന നിലവാരമുള്ള ഇയർബഡുകൾ മാത്രമേ കമ്പനി അപ്ഡേറ്റ് ചെയ്തിട്ടുള്ളൂ.

ഇപ്പോഴിതാ എയർപോഡ്സ് പ്രോ 3 യുടെ ലോഞ്ച് ഉടൻ ഉണ്ടാകുമെന്നും അടുത്ത മാസം ആദ്യം എത്തുമെന്നും പുതിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

എയർപോഡ്സ് പ്രോ 3യുടെ പ്രത്യേക പദ്ധതികളൊന്നും ആപ്പിൾ ഇതുവരെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. എങ്കിലും, സമീപകാല സോഫ്റ്റ്വെയർ കോഡ് മാറ്റങ്ങൾ സൂചിപ്പിക്കുന്നത് അടുത്ത തലമുറ ഇയർബഡുകളുടെ ലോഞ്ച് വളരെ അകലെയല്ല എന്നാണ്.

എയർപോഡ്സ് പ്രോ 3 തയ്യാറായാൽ, ജൂൺ 9ന് ആരംഭിക്കുന്ന വാർഷിക ഡെവലപ്പർ കോൺഫറൻസിൽ അടുത്ത മാസം ആപ്പിൾ അവ പുറത്തിറക്കാൻ സാധ്യതയുണ്ട്.

ഇത് ആപ്പിളിന്റെ അടുത്ത വലിയ ഇവന്റാണ്.

### സവിശേഷതകൾ

പുതിയ എയർപോഡ്സ് പ്രോ 3ൽ നിരവധി ഫീച്ചറുകൾ ഉണ്ടാകുമെന്ന് കിംവദന്തികൾ പറയുന്നു. ആരോഗ്യ കേന്ദ്രീകൃതമായിരിക്കും വലിയ അപ്ഡേറ്റുകൾ.

എയർപോഡ്സ് പ്രോ 3ൽ ഇൻഇയർ ഹാർട്ട് റേറ്റ് മോണിറ്ററിംഗ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പുതുതായി പുറത്തിറക്കിയ പവർബീറ്റ്സ് പ്രോ 2ൽ ഈ ഫീച്ചർ ലഭ്യമായതിനാൽ ഇത് ശക്തമായ ഒരു സാധ്യതയാണ്.

റിസ്റ്റ് അധിഷ്ഠിത സെൻസറുകളിൽ നിന്ന് വ്യത്യസ്തമായി, ഇൻഇയർ സെൻസറുകൾ കൂടുതൽ സ്ഥിരതയുള്ള റീഡിംഗുകൾ വാഗ്ദാനം ചെയ്തേക്കാം.

എയർപോഡ്സ് പ്രോ 3ൽ ആപ്പിൾ ഇൻഇയർ ടെമ്പറേച്ചർ ട്രാക്കിംഗ് ഉൾപ്പെടുത്തിയേക്കാമെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് നിലവിൽ ആപ്പിൾ വാച്ചുകളിൽ കാണപ്പെടുന്ന ചർമ്മ താപനില സെൻസറുകളെ മെച്ചപ്പെടുത്തുന്നു.

ആപ്പിളിന്റെ അടുത്ത തലമുറ എച്ച്3 ചിപ്പ് ചേർക്കാം എന്നതാണ്. ഇത് നിലവിലെ മോഡലിലെ എച്ച്2 ചിപ്പിന് പകരമായിരിക്കും.

മെച്ചപ്പെടുത്തിയ ആക്റ്റീവ് നോയ്സ് റദ്ദാക്കൽ, മികച്ച ഓഡിയോ പ്രോസസ്സിംഗ്, കൂടുതൽ കാര്യക്ഷമമായ ബാറ്ററി ഉപയോഗം തുടങ്ങിയവ ഉൾപ്പെടെ പ്രധാന മെച്ചപ്പെടുത്തലുകൾ എച്ച്3 നൽകുമെന്ന് പ്രതീക്ഷിക്കുന്നു.



## ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ കളർ ആക്കണോ? ചാറ്റ്ജിപിടി ചെയ്ത് തരും!

നിങ്ങളുടെ പ്രിയപ്പെട്ടവരുടെ പഴയ ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോകൾ നിറത്തിൽ കാണാൻ നിങ്ങൾ എപ്പോഴെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? ചാറ്റ്ജിപിടി പോലുള്ള നൂതന എഐ ഉപകരണങ്ങൾ ഉപയോഗിച്ച്, നിങ്ങൾക്ക് ഇപ്പോൾ നിങ്ങളുടെ പഴയ ഫോട്ടോകൾക്ക് നിറം നൽകാം.

ചാറ്റ്ജിപിടിയിൽ പഴയ ഫോട്ടോകൾ അപ്ലോഡ് ചെയ്താൽ, അതിന്റെ ഇമേജ് ജനറേഷൻ സവിശേഷതകൾ ഉപയോഗിച്ച് യഥാർഥ ചിത്രത്തിന്റെ ക്വാളിറ്റി നഷ്ടപ്പെടാതെ അവയെ കളർ ചിത്രമാക്കി മാറ്റാൻ കഴിയും. എങ്ങനെയെന്ന് നോക്കാം

1. ആദ്യം, ചാറ്റ്ജിപിടിയുടെ ഔദ്യോഗിക വെബ്സൈറ്റ് ഓപ്പൺ ചെയ്യുക.

2. പ്ലസ് ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം അപ്ലോഡ് ചെയ്യുക.

3. അതുകഴിഞ്ഞ് പ്രോംപ്റ്റ് നൽകുക. ശേഷം ചിത്രം ഡൗൺലോഡോ സേവോ ചെയ്യുക.

4. ഇത്രയും മാത്രം മതി നിങ്ങളുടെ ബ്ലാക്ക് ആൻഡ് വൈറ്റിലുള്ള ഫോട്ടോകളെ കളറിലേക്ക് പരിവർത്തനം ചെയ്ത് കൂടുതൽ മനോഹരമാക്കാൻ.

5. ചിത്രങ്ങൾക്ക് പുതുമ ലഭിക്കുകയും ചെയ്യും. ഇങ്ങനെ എഐ വഴി തയ്യാറാക്കുന്ന കളർ ചിത്രങ്ങൾ പ്രിന്റ് എടുക്കുകയോ മറ്റുള്ള സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും ഷെയർ ചെയ്യുകയോ ആവാം.

# ചാഗോസ് കൈമാറും; ദ്വീപുകളുടെ പരമാധികാരം മൗറീഷ്യസിന് ലഭിക്കും



ലണ്ടൻ: ചാഗോസ് ദ്വീപുകളുടെ പരമാധികാരം മൗറീഷ്യസിന് കൈമാറുന്ന സുപ്രധാന കരാറിൽ ലേബർ പാർട്ടി നേതാവ് സർ കെയർ സ്റ്റാർമർ വ്യാഴാഴ്ച ഒപ്പുവെക്കും. ഇതിലൂടെ ചാഗോസ് ദ്വീപസമൂഹത്തിന്മേലുള്ള യുകെയുടെ പരമാധികാരം മൗറീഷ്യസിന് ലഭിക്കും. എന്നാൽ, കോടിക്കണക്കിന് പൗണ്ട് പ്രതിഫലമായി സ്വീകരിച്ച്, ദ്വീപുകളിലൊന്നിലുള്ള തന്ത്രപ്രധാനമായ സൈനിക താവളം 99 വർഷത്തേക്ക് തുടർന്നും പ്രവർത്തിപ്പിക്കാൻ യുഎസിനെയും യുകെയെയും മൗറീഷ്യസ് അനുവദിക്കും. ദി ടെലിഗ്രാഫ് റിപ്പോർട്ട് ചെയ്തതനുസരിച്ച്, മൗറീഷ്യസ് സർക്കാരിന്റെ പ്രതിനിധികളുമായി പ്രധാനമന്ത്രി ഒരു വെർച്വൽ ചടങ്ങിൽ വെച്ചാണ് കരാർ ഒപ്പുവെക്കുക. നേരത്തെ, മൗറീഷ്യസിലും യുഎസിലും സർക്കാരുകൾ മാറിയതിനെത്തുടർന്ന് ഈ കരാർ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. ട്രംപിന്റെ സഹായികൾക്ക് പദ്ധതിയെക്കുറിച്ച് പഠിക്കാൻ സമയം നൽകുന്നതിന് വേണ്ടിയായിരുന്നു ഇത്. ബ്രിട്ടീഷ് ഇന്ത്യൻ മഹാസമുദ്ര പ്രദേശം എന്നറിയപ്പെടുന്ന ചാഗോസ് ദ്വീപുകളുടെ നിയന്ത്രണം കൈമാറാനുള്ള പദ്ധതി കഴിഞ്ഞ ഒക്ടോബറിൽ അന്നത്തെ മൗറീഷ്യൻ നേതാവ് പ്രവിന്ദ് ജുഗ്നൗത്തുമായുള്ള ചർച്ചകളെത്തുടർന്നാണ് പ്രഖ്യാപിച്ചത്. എന്നിരുന്നാലും, തിരഞ്ഞെടുപ്പിന് ശേഷം നവീൻ റാംഗൂലം പ്രധാനമന്ത്രിയായപ്പോൾ കരാറിനെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയും, ട്രംപിന്റെ നേതൃത്വത്തിലുള്ള പുതിയ യുഎസ് ഭരണകൂടത്തിന് പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിക്കാനും ചർച്ചകൾ ചെയ്യാനും സമയം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തതോടെ കരാറിലെ പുരോഗതി വൈകി. മൗറീഷ്യസിന് ചൈനയുമായുള്ള ബന്ധം കാരണം, ഈ കരാർ യുഎസ് ദേശീയ സുരക്ഷയ്ക്ക് ഗുരുതരമായ ഭീഷണിയാണെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ഉൾപ്പെടെയുള്ള റിപ്പബ്ലിക്കൻ നേതാക്കൾ ആശങ്ക പ്രകടിപ്പിച്ചിരുന്നു. എന്നിരുന്നാലും, കഴിഞ്ഞ മാസം ട്രംപ് കരാറിനെ പിന്തുണയ്ക്കുമെന്ന് സൂചിപ്പിച്ച് രംഗത്തെത്തുകയുണ്ടായി. ബിബിസി റിപ്പോർട്ട് ചെയ്യുന്നത് പ്രകാരം, പ്രദേശത്തിന്റെ പരമാധികാരത്തെക്കുറിച്ചുള്ള ചർച്ചകൾക്കായി യൂറോപ്പ്, വടക്കേ അമേരിക്ക, മറ്റ് വിദേശ പ്രദേശങ്ങളുടെ ചുമതലയുള്ള മന്ത്രി സ്റ്റീഫൻ ഡൗട്ടിയുമായി കൂടിക്കാഴ്ച നടത്താൻ ചാഗോസിയൻ സമൂഹത്തിന്റെ പ്രതിനിധികളെ ക്ഷണിച്ചിട്ടുണ്ട്.

## ജപ്പാൻ സമ്പദ് വ്യവസ്ഥ മന്ദഗതിയിൽ, യുഎസിലേക്കുള്ള കയറ്റുമതി കുറഞ്ഞു




ടോക്കിയോ: ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായ ജപ്പാനിലെ യുഎസ് കയറ്റുമതിയിൽ വൻ ഇടിവ്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുവകൾ ജപ്പാന്റെ കയറ്റുമതി വളർച്ചയെ മന്ദഗതിയിലാക്കി. ജപ്പാനിലെ പ്രമുഖ ബിസിനസ് വക്താവ് റയോസി അകസാവ, യുഎസുമായുള്ള മൂന്നാം റൗണ്ട് വ്യാപാര ചർച്ചകൾക്കായി ഈ ആഴ്ച അവസാനം വാഷിംഗ്ടണിലേക്ക് പോകുമെന്ന് പ്രതീക്ഷിക്കുന്നു.എന്നിരുന്നാലും ഉയർന്ന ഓട്ടോമൊബൈൽ താരിഫ് കുറയ്ക്കുന്നതിൽ വഴിത്തിരിവ് ഉണ്ടാകാനുള്ള സാധ്യത വളരെ കുറവാണെന്ന് വിശകലന വിദഗ്ധർ പറയുന്നു.ജപ്പാനിലെ ഏറ്റവും വലിയ കയറ്റുമതി ലക്ഷ്യസ്ഥാനമായ അമേരിക്കയിലേക്കുള്ള കയറ്റുമതി ഏപ്രിലിൽ മുൻ വർഷത്തെ അപേക്ഷിച്ച് 1.8% കുറഞ്ഞു. ഓട്ടോമൊബൈൽ, സ്റ്റീൽ, എന്നിവയുടെ ആവശ്യകതയിൽ കുറവുണ്ടായതിനെ തുടർന്ന് നാല് മാസത്തിനിടയിലെ ആദ്യത്തെ ഇടിവാണിത്.യെന്നിന്റെ വിലയിലുണ്ടായ വർധനവിന്റെയും ഉയർന്ന മോഡലുകളുടെ കയറ്റുമതിയിലെ കുറവിന്റെയും ആഘാതം കാരണം യുഎസിലേക്കുള്ള ഓട്ടോമൊബൈൽ കയറ്റുമതി മൂല്യത്തിൽ 4.8% കുറഞ്ഞുവെന്ന് ഡാറ്റ വ്യക്തമാക്കുന്നു.ഏഷ്യയിലേക്കുള്ള കയറ്റുമതി 6.0% വർദ്ധിച്ചപ്പോൾ, ഓട്ടോമൊബൈലുകളുടെയും ഇലക്ട്രോണിക് ഭാഗങ്ങളുടെയും മൃദുവായ ഡിമാൻഡ് കാരണം ചൈനയിലേക്കുള്ള കയറ്റുമതി 0.6% കുറഞ്ഞു.

## തീവ്രവാദ സംഘടന രൂപീകരിച്ചതായി സംശയം; അഞ്ച് കൗമാരക്കാരെ അറസ്റ്റ് ചെയ്തു ജർമ്മൻ അധികൃതർ

തീവ്ര വലതുപക്ഷ തീവ്രവാദ സംഘടന രൂപീകരിച്ചതായി സംശയിക്കുന്ന അഞ്ച് കൗമാരക്കാരെ ബുധനാഴ്ച ജർമ്മൻ അധികൃതർ അറസ്റ്റ് ചെയ്തതായി റിപ്പോർട്ട്. ഇവർക്കെതിരെ കൊലപാതകശ്രമമുൾപ്പെടെയുള്ള കുറ്റങ്ങൾ ചുമത്തി എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. ഒക്ടോബറിൽ കിഴക്കൻ സംസ്ഥാനമായ ബ്രാൻഡൻബർഗിലെ ഒരു കമ്മ്യൂണിറ്റി സെന്ററിനും ജനുവരിയിൽ സാക്സോണിയിലെ ഒരു കുടിയേറ്റ അഭയകേന്ദ്രത്തിനും നേരെയുണ്ടായ തീപിടുത്തത്തെ തുടർന്നാണ് ഈ അറസ്റ്റ് എന്നാണ് ലഭിക്കുന്ന വിവരം. തീവ്രവാദ ഗ്രൂപ്പുമായി ബന്ധമുള്ള എട്ട് ജർമ്മൻ പ്രതികളുടെ പേരുകളും അധികൃതർ പട്ടികപ്പെടുത്തി, എന്നാൽ കുറ്റകൃത്യ സമയത്ത് അവർ പ്രായപൂർത്തിയാകാത്തവരാണെന്ന് പറയുന്നതിന് അപ്പുറം അവരുടെ പ്രായം വെളിപ്പെടുത്തിയിട്ടില്ല.220-ലധികം പോലീസ് ഉദ്യോഗസ്ഥരും അഞ്ച് പ്രാദേശിക സംസ്ഥാനങ്ങളിലെ സ്ഥലങ്ങളിൽ നടത്തിയ പരിശോധനകളും ഉൾപ്പെട്ട അറസ്റ്റുകളിലൂടെ ബ്രാൻഡൻബർഗ് കുടിയേറ്റ അഭയകേന്ദ്രത്തിന് നേരെയുള്ള മറ്റൊരു തീപിടുത്ത ആക്രമണത്തിനുള്ള പദ്ധതികൾ അധികൃതർ പരാജയപ്പെടുത്തി. ‘റിപ്പബ്ലിക്കിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന തീവ്രവാദ ഗ്രൂപ്പുകളെ ഞങ്ങൾ വെച്ചുപൊറുപ്പിക്കില്ല‘ എന്ന്പാർലമെന്റിനെ അഭിസംബോധന ചെയ്ത് ആഭ്യന്തര മന്ത്രി അലക്സാണ്ടർ ഡോബ്രിൻഡ് പറഞ്ഞു. സംശയിക്കപ്പെടുന്നവരുടെ ചെറുപ്രായം അസ്വസ്ഥമാക്കുന്നതായി ജർമ്മൻ നീതിന്യായ മന്ത്രി സ്റ്റെഫാനി ഹുബിഗ് പറഞ്ഞു.

# പാകിസ്താനിൽ സ്കൂൾ ബസിൽ ബോംബാക്രമണം; നാലുകുട്ടികൾക്ക് ദാരുണാന്ത്യം



ഇസ്ലാമാബാദ്: തെക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ ബലൂചിസ്ഥാനിൽ സ്കൂൾ ബസിലുണ്ടായ സ്ഫോടനത്തിൽ മൂന്ന് കുട്ടികൾ ഉൾപ്പെടെ നാലുപേർ മരിച്ചു. 38 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി അധികൃതർ അറിയിച്ചു.പരിക്കേറ്റവരുടെ നില ഗുരുതരമാണെന്നും മരണസംഖ്യ ഇനിയും ഉയരുമെന്നും ഖുസ്ദാർ ഡെപ്യൂട്ടി കമ്മീഷണർ യാസിർ ഇക്ബാൽ അറിയിച്ചു.ബുധനാഴ്ച ഖുസ്ദാർ ജില്ലയിലെ സൈനിക സ്കൂളിലേക്ക് കുട്ടികളെ കൊണ്ടുപോകുകയായിരുന്ന ബസിലാണ് ചാവേർ സ്ഫോടനം നടന്നത്. സ്ഫോടനത്തിൻറെ ഉത്തരവാദിത്തം ഒരു സംഘടനയും ഇതുവരെ ഏറ്റെടുത്തിട്ടില്ല. രാജ്യത്തിൻറെ മറ്റ് ഭാഗങ്ങളിലും സുരക്ഷാ സേനയേയും സാധാരണക്കാരേയും പതിവായി ലക്ഷ്യമിടുന്ന ബലൂച് വിഘടന വാദികളാണ് ആക്രമണത്തിന് പിന്നിലെന്ന സംശയം ഉയരുന്നുണ്ട്.

അതേസമയം ആഭ്യന്തര മന്ത്രി മൊഹ്സിൻ നഖ്വി ആക്രമണത്തെ ശക്തമായി അപലപിച്ചു. നിരപരാധികളായ കുട്ടികളെ ലക്ഷ്യമിട്ട് ശത്രുക്കൾ കാണിക്കുന്ന ഇത്തരം മൃഗീയ ക്രൂരതകൾക്ക് ആരും ദാക്ഷിണ്യം അർഹിക്കുന്നില്ലെന്ന് എന്ന് അദ്ദേഹം പറഞ്ഞു.പാകിസ്ഥാൻ ഉന്നയിച്ച ആരോപണങ്ങൾ ഇന്ത്യൻ സർക്കാർ നിരസിച്ചു. ഇത്തരം സംഭവങ്ങളിലെല്ലാം ഉണ്ടായ ജീവഹാനിയിൽ ഇന്ത്യ അനുശോചിക്കുന്നു. എന്നിരുന്നാലും, ഭീകരതയുടെ ആഗോള പ്രഭവകേന്ദ്രമെന്ന ഖ്യാതിയിൽ നിന്ന് ശ്രദ്ധ തിരിക്കാനും സ്വന്തം ഗുരുതരമായ പരാജയങ്ങൾ മറച്ചുവെക്കാനും, എല്ലാ ആഭ്യന്തര പ്രശ്നങ്ങൾക്കും ഇന്ത്യയെ കുറ്റപ്പെടുത്തുന്നത് പാകിസ്ഥാന്റെ സാധാരണ സ്വഭാവമായി മാറിയിരിക്കുന്നു,' ഇന്ത്യ പ്രസ്താവനയിൽ പറഞ്ഞു.



## ലഷ്കറെ ത്വയ്ബയുടെ സഹസ്ഥാപകൻ അമീർ ഹംസ ഗുരുതരാവസ്ഥയിൽ

കാശ്മീർ :നിരോധിത ഭീകര സംഘടനയായ ലഷ്കർ-ഇ-തൊയ്ബയുടെ സഹസ്ഥാപകനായ അമീർ ഹംസയുടെ നില ഗുരുതരമാണെന്ന് റിപ്പോർട്ട്.ലാഹോറിലെ വസതിയിൽ ഉണ്ടായ അപകടത്തിൽ അമീർ ഹംസയ്ക്ക് പരിക്കേറ്റതായും ലാഹോറിലെ ഒരു ആശുപത്രിയിൽ ചികിത്സയിലാണെന്നും മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. വസതിക്കുള്ളിൽ വെടിയേറ്റതാണോ അതോ മരിച്ചതാണോ എന്നതിനെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ഉണ്ട്. രക്തത്തിൽ കുളിച്ചു കിടക്കുന്ന അമീറിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്. എന്നിരുന്നാലും, അപകടത്തിന്റെ കാരണം ഇപ്പോഴും വ്യക്തമല്ല.ലഷ്കർ-ഇ-തൊയ്ബയുടെ 17 സ്ഥാപകരിൽ ഒരാളായ അമീർ ഹംസ, തീവ്ര പ്രസംഗങ്ങളിലൂടെയും ലശ്കറിൻറെ പ്രസിദ്ധീകരണങ്ങളിലൂടെയും കുപ്രസിദ്ധി നേടി. ഭീകര സംഘടനക്ക് വേണ്ടി ആളുകളെ റിക്രൂട്ട് ചെയ്യുന്നതിനും പണം സ്വരൂപിക്കുന്നതിനും ഭീകരരെ വിട്ടയക്കാനുള്ള മധ്യസ്ഥ ചർച്ചകളിലും ഇയാൾ ഏർപ്പെട്ടിരുന്നു.



## കനാൽ നിർമാണ പ്രക്ഷോഭം; പാകിസ്ഥാനിൽ രണ്ട് പേർ കൊല്ലപ്പെട്ടു

ഇസ്ലാമബാദ്: പാകിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ സിന്ധുനദിയിലെ വിവാദ കനാൽ നിർമാണത്തിനെതിരായ പ്രതിഷേധം ശക്തി പ്രാപിക്കുന്നു. ചൊവ്വാഴ്ച വടക്കൻ സിന്ധിലെ നൗഷരോ ഫെറോസ് ജില്ലയിലെ മോറോ നഗരത്തിൽ പ്രതിഷേധിച്ചവർക്കെതിരെ പൊലീസ് നടത്തിയ വെടിവെപ്പിൽ രണ്ട് പേർ കൊല്ലപ്പെട്ടിരുന്നു. ഇതിന് പിന്നാലെയാണ് കഴിഞ്ഞ മാസം കനാൽ നിർമാണ പദ്ധതി തൽക്കാലത്തേക്ക് നിർത്തിവെക്കുന്നുവെന്ന പ്രഖ്യാപനത്തെ തുടർന്ന് അടങ്ങിയ പ്രതിഷേധം വീണ്ടും കടുത്തത്. വെടിവെപ്പിൽ കൊല്ലപ്പെട്ട രണ്ട് പേരിൽ ഒരാൾ സിന്ധ് നാഷണലിസ്റ്റ് പാർട്ടിയായ ജെഎസ്എം എം പ്രവർത്തകനായ സഹീദ് ലാഘാരിയാണ്. രണ്ടാമത്തെ ആളുടെ പേര് വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. പതിനഞ്ചോളം പ്രക്ഷോഭകാരികൾക്ക് പരിക്കേറ്റിട്ടുണ്ടെന്നാണ് വിവരം. ഇതിൽ അഞ്ച് പേരുടെ നില ഗുരുതരമാണ്.

## പാകിസ്ഥാന് ആണവായുധം കൈകാര്യം ചെയ്യാൻ കഴിവില്ലെന്ന് മുൻ യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടൺ



വാഷിംഗ്ടൺ: പാകിസ്ഥാന് ആണവായുധങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യാനുള്ള കഴിവില്ലെന്ന് മുൻ അമേരിക്കൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടൺ. പാകിസ്ഥാന്റെ ആണവായുധ ശേഖരത്തിന്റെ സുരക്ഷയെ ചോദ്യം ചെയ്ത പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങിന്റെ സമീപകാല പരാമർശങ്ങളെ അദ്ദേഹം പിന്തുണച്ചു. ആണവായുധങ്ങളുടെ സുരക്ഷ എല്ലായ്പ്പോഴും യുഎസിന് ഒരു പ്രധാന ആശങ്കയാണെന്ന് ബോൾട്ടൺ പറഞ്ഞു. '9/11 സമയത്ത് ഞാൻ ജോർജ്ജ് ഡബ്ല്യു ബുഷ് ഭരണകൂടത്തിൽ സേവനമനുഷ്ഠിക്കുകയും അന്നത്തെ സ്റ്റേറ്റ് സെക്രട്ടറി കോളിൻ പവലിനൊപ്പം പാകിസ്ഥാനിലേക്കും പിന്നീട് ഇന്ത്യയിലേക്കും പോകുകയും ചെയ്തിരുന്നു. അന്നത്തെ പാകിസ്ഥാൻ പ്രസിഡന്റ് പർവേസ് മുഷറഫിനോട് കോളിൻ പവൽ പ്രത്യേകം ഉന്നയിച്ച വിഷയങ്ങളിലൊന്ന് പാകിസ്ഥാന്റെ ആണവശേഷികൾ എത്രത്തോളം സുരക്ഷിതമായിരുന്നു എന്നതാണ്. ഇത് എല്ലായ്പ്പോഴും ഒരു ആശങ്കയായി തുടരുന്നു, കൂടാതെ പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ പൊതുവായ അതിർത്തി കണക്കിലെടുക്കുമ്പോൾ, ഇത് വളരെ പ്രധാനപ്പെട്ട ഒരു ആശങ്കയാണ്.' അദ്ദേഹം പറഞ്ഞു. ആണവായുധങ്ങൾ തെറ്റായ കൈകളിൽ അകപ്പെട്ടാൽ ഉണ്ടാകാവുന്ന അപകടങ്ങളെക്കുറിച്ച് ബോൾട്ടൺ ഊന്നിപ്പറഞ്ഞു.

## കുർസ്ക് മേഖല സന്ദർശിച്ച് വിജയാഘോഷം നടത്തി പുടിൻ



മോസ്കോ: കഴിഞ്ഞ മാസം ഉക്രൈൻ സൈന്യത്തെ പ്രദേശത്ത് നിന്ന് പുറത്താക്കിയതിനു ശേഷംആദ്യമായി പടിഞ്ഞാറൻ കുർസ്ക് മേഖല സന്ദർശിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ചൊവ്വാഴ്ചത്തെ സന്ദർശന വേളയിൽ പുടിൻ മേഖലയിലെ സന്നദ്ധ സംഘടനകളെ സന്ദർശിച്ചതായും കുർസ്ക്-കക ആണവ നിലയം സന്ദർശിച്ചതായും ക്രെംലിൻ പറഞ്ഞു.ആക്ടിംഗ് ഗവർണർ അലക്സാണ്ടർ ഖിൻഷെയ്ൻ ഉൾപ്പെടെ മേഖലയിലെ സന്നദ്ധപ്രവർത്തകരെയും പ്രാദേശിക ഉദ്യോഗസ്ഥരെയും പുടിൻ കണ്ടുമുട്ടുന്ന വീഡിയോ സ്റ്റേറ്റ് ടെലിവിഷൻ പങ്കിട്ടിട്ടുണ്ട്. ക്രെംലിന്റെ ആദ്യത്തെ ഡെപ്യൂട്ടി ചീഫ് ഓഫ് സ്റ്റാഫ് സെർജി കിരിയെങ്കോയും പുടിനൊപ്പം ഉണ്ടായിരുന്നു.ഏപ്രിൽ അവസാനത്തിൽ കുർസ്ക് മേഖലയിൽ നിന്ന് ഉക്രേനിയൻ സൈന്യത്തെ പിൻവലിച്ചതായി റഷ്യ പ്രഖ്യാപിച്ചിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഏറ്റവും വലിയ റഷ്യൻ അധിനിവേശമാണിത്. 2022-ലെ റഷ്യയുടെ അധിനിവേശത്തിന് വെറും രണ്ട് വർഷത്തിന് ശേഷം, ഓഗസ്റ്റ് 6-ന് ഉക്രെയ്ൻ ശക്തമായ ആക്രമണം നടത്തിയിരുന്നു. ഡ്രോണുകളുടെയും പാശ്ചാത്യ ആയുധങ്ങളുടെയും പിൻബലത്തിൽ റഷ്യൻ അതിർത്തിയിലൂടെ കുർസ്ക് മേഖലയിലേക്ക് ഉക്രെയ്ൻ സൈന്യം അതിക്രമിച്ചു കയറിയെങ്കിലും റഷ്യയോട് പൊരുതി നിൽക്കാനായില്ല.



## യുകെയിലെ കൊതുകുകളിൽ വെസ്റ്റ് നൈൽ വൈറസ് കണ്ടെത്തി

ലണ്ടൻ: യുകെയിലെ കൊതുകുകളിൽ ആദ്യമായി വെസ്റ്റ് നൈൽ വൈറസ് കണ്ടെത്തി. പൊതുജനങ്ങൾക്കുള്ള അപകടസാധ്യത വളരെ കുറവാണ്. അപൂർവ സന്ദർഭങ്ങളിൽ വൈറസ് ആളുകളെ ഗുരുതരമായി രോഗികളാക്കിയേക്കാം, പക്ഷേ യുകെയിൽ ഇത് പടരുന്നതിന് തെളിവുകളൊന്നുമില്ലെന്ന് യുകെ ആരോഗ്യ സുരക്ഷാ ഏജൻസി (യുകെഎച്ച്എസ്എ) കൂട്ടിച്ചേർത്തു.യുകെയിൽ വെസ്റ്റ് നൈൽ വൈറസ് മനുഷ്യരിലേക്ക് പടർന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. തലവേദന, പനി, പേശിവേദന, തലചുറ്റൽ, ഓർമ്മ നഷ്ടപ്പെടൽ എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. ഭൂരിപക്ഷം പേരിലും പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല. ഒരു ശതമാനം ആളുകളിൽ തലച്ചോറിനെ ബാധിക്കുന്നതുമൂലം ബോധക്ഷയവും ചിലപ്പോൾ മരണം വരെയും സംഭവിക്കാം. എന്നാൽ ജപ്പാൻ ജ്വരത്തെ അപേക്ഷിച്ച് താരതമ്യേന മരണ നിരക്ക് കുറവാണ്.മനുഷ്യനിൽ നിന്ന് മനുഷ്യരിലേക്കു രോഗം പകരില്ല.


THE CHOLA
SAGA
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE +91 88916 51904 | +91 88911 51907